സാഹിത്യമഞ്ജരി

3

വള്ളത്തോൾ

V
M782
J613
60
2
P

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി.

മൂന്നാംഭാഗം.

ഗ്രന്ഥകർത്താ:

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ്
കോപ്പി 1000.

വില:
1—4—0.

പകർപ്പവകാശം: സി. മാധവക്കുറുപ്പിന്.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1957 ജനുവരി.

അച്ചടി:
വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

വിഷയാനുക്രമം.

				പേജ്.
1.	വിജയിപ്പൂതാക.	കേക.	(94 എടവം)	1
2.	ഒരു തോണിയാത്ര.	ശ്ലോകം.	(95 മകരം)	7
3.	തുഞ്ചത്തെഴുത്തച്ഛൻ.	കേക.	(95 എടവം)	18
4.	കാറ കണ്ട കർഷകൻ.	ശ്ലോകം.	(95 മേടം)	24
5.	കുടിയാന്മാരുടെ പ്രാർത്ഥന.	കേക.	(95 മിഥുനം)	31
6.	തിരൂർ—പൊന്നാനിപ്പുഴ.	ശ്ലോകം.	(92 മേടം)	36
7.	അത്യാഹിതം.	കേക.	(95 മിഥുനം)	45
8.	ഒരു സന്ധ്യാപ്രണാമം.	ശ്ലോകം	(95 ധനു)	51
9.	എന്റെ കൃതഘ്നത.	കേക.	(95 ധനു)	59
10.	രാവണന്റെ അന്തഃപുരഗമനം	ശ്ലോകം.	(94 മേടം)	67
11.	അമ്പാടിയിൽച്ചെല്ലുന്നഅക്രൂരൻ	മഞ്ജരി.	(94 ചിങ്ങം)	75
12.	വെടികൊണ്ട പക്ഷി	ശ്ലോകം.	(96 കുംഭം)	85
13.	നര കണ്ടിട്ട്	ശ്ലോകം.	(97 കന്നി)	93
14.	മുററത്തെ തുളസി.	കേക.	(97 കന്നി)	101

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

മൂന്നാം ഭാഗം

വിജയിപ്പൂതാക!

(കേക)

വിജയിപ്പൂതാക നീ
    വിജയിപ്പൂതാക നീ,
ത്രിജഗൽപൂജ്യേ, മഹാ-
    നിമ്നഗേ, ഭഗവതി!
അമ്മിഞ്ഞപ്പാലിനൊത്ത
    നിൻതീർത്ഥജലം നുക-
ർന്നംബികേ, വളരുന്നീ-
    ലെത്ര ഭൂഭാഗ്യങ്ങളോ!

---

1. പരമോൽക്കൃഷ്ടമായ ഒരു ഫലത്തെ ലക്ഷ്യമാക്കി ധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടെ, മുന്നോട്ടുപോകുന്ന ഒരാൾക്കോ ഒരു ജനസമുദായത്തിനോ ഉണ്ടാകാവുന്ന അനുഭവങ്ങളെ അന്യാപദേശരീത്യാ പ്രതിപാദിക്കുന്നതാണീക്കവിത. അതിൽ ഒന്നാമത്തേതായി വർണ്ണ്യവസ്തുവിന്റെ മാഹാത്മ്യത്തെ വിവരിക്കു

Digitized By Kerala Sahitya Akademi

അവതൻ പരിപാകപ-
മാകിയ ഫലോൽകര-
മവനിത്തട്ടിലെങ്ങെ-
ങ്ങമൃതായ്ത്തീരുന്നിലാ! 1

നിമ്നഗം വാത്സല്യത്താൽ-
ത്തുടിച്ചുതുളുമ്പുമാ-
റിമ്മരുൽകിശോരങ്ങൾ
ചാരവേ കളിയാടി
ചുംബനം ചെയ്തീടുന്നു,
നിൻതിരുവടിയുടെ
നിർമ്മലമനോജ്ഞമാ-
മുടുപ്പിൻ ഞൊറികളിൽ. 2

ചെങ്കതിർനിര നീളെ-
ച്ചിതറും പുലർകാലം
കുങ്കുമം പൂശിയ്ക്കട്ടേ
നിൻതിരുവുടലിങ്കൽ;

നു:— നിമ്നഗ=പുഴ. ഭൂരുഹാഗ്ര്യങ്ങൾ=ശ്രേഷ്ഠവൃക്ഷങ്ങൾ. ഉൽകരം=കൂട്ടം.

2. മരുൽകിശോരങ്ങൾ=മരുത്തി(കാററി)ൻെറ കിശോരങ്ങൾ (കുട്ടികൾ)—ഇളംകാററുകളെന്നർത്ഥം. ഇതിൽ, നദിയുടെ അന്തർഭാഗം മനമായും, ഓളംതുളുമ്പുന്ന മേൽഭാഗം ഞൊറിയുള്ള ഉടുപ്പായും കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

3. ആ മഹോദ്യമത്തിൽ ഇടയ്ക്കിടയ്ക്കു വരാവുന്ന സുഖങ്ങളും ദുഃഖങ്ങളും മററുള്ളവർ ചെയ്യുന്ന ഉപകാരങ്ങളും ഉപദ്രവങ്ങ

Digitized By Kerala Sahitya Akademi

ആതപാഗ്നിയാൽക്കത്തി-
ക്കാളുന്ന മദ്ധ്യാഹ്നം നിൻ-
ശീതമാം സലിലത്തെ-
സ്സന്തപിപ്പിച്ചിടട്ടേ;
രണ്ടുമേ ഗണിയ്ക്കാതെ
മുന്നോട്ടുതന്നേ നോക്കി-
ക്കൊണ്ടു നീയൊഴുകുന്നൂ
മംഗളം തവ മാർഗ്ഗം! 3

ദേവി, നിൻധനംകൊണ്ടു
തഴച്ചു പടൎന്നാകെ-
പ്പൂവിരിഞ്ഞെഴും ചില
പാൎശ്വസ്ഥച്ചെടികൾ തേ
അത്ര നിശ്ചിതമാമീ
പ്രസ്ഥാനമീക്ഷിച്ചെന്തോ-
രൎത്ഥത്തിലെന്നാകിലും
ചിരിച്ചുകൊണ്ടീടട്ടേ;

ളും—അവരെ ആകർഷിയ്ക്കുകയോ നൈരാശ്യപ്പെടുത്തുകയോ ചെയ്യുന്നില്ലെന്നു പറയുന്നു: ആതപാഗ്നി=വെയിലാകുന്ന തീ. ഇതിൽ പ്രഭാതവും മദ്ധ്യാഹ്നവും വൎണ്ണിച്ചു; ഇനി, 6-ാംഖണ്ഡത്തിൽ രാത്രിയെ വൎണ്ണിയ്ക്കും.

4. ഇത്തരം ഉദ്യമങ്ങളെ നിസ്സാരന്മാരായവർപോലും—അവരെ ആശ്രയിച്ചു കഴിയുന്നവർപോലും—പരിഹസിച്ചേയ്ക്കാം. പക്ഷേ അതൊന്നും അവരുടെ ധൈൎയ്യത്തെ കുറയ്ക്കുകയില്ലെന്നു പറയുന്നു: പാൎശ്വസ്ഥം=കരകളിൽ നില്ക്കുന്ന. നിശ്ചിതം=തീൎച്ചയാ

Digitized By Kerala Sahitya Akademi

ചെന്നുചേരേണ്ടുമിട-
ത്തേയ്ക്കുതാൻ തവ ഗതി-
യെന്നുള്ളവിശ്വാസം തേ
ധൈര്യത്തെ വർദ്ധിപ്പിയ്ക്കും. 4

പാറമേലടിയ്ക്കിലെ-
ന്താ,യതു നിങ്കൽബ്ഭംഗി-
യേറിയ പളുങ്കണി
ചാർത്തിയ്ക്കുമാത്രം ചെയ്യും.
താവകനീർത്തുള്ളികൾ
പലതു സൂര്യോഷ്മാവി-
ലാവിയായെങ്ങാനും പോയ്
മറഞ്ഞാൽ മറയട്ടേ;
ആയവ വീണ്ടും വന്നു-
ചേർന്നുകൊള്ളുമേ നിങ്ക;-
ലായമെന്നതിനുടെ
പൂർവ്വാംഗമല്ലോ വ്യയം! 5

ക്കിയ. പ്രസ്ഥാനം=യാത്ര. ഈക്ഷിച്ച്=കണ്ട്. ഇതിൽ നദിയുടെ പാർശ്വങ്ങളിലുള്ള പ്രകൃതിസൌന്ദര്യത്തെക്കൂടി വർണ്ണിച്ചു.

5. ഇടയ്ക്കിടെ വരുന്ന വിഘ്നങ്ങളും ദ്രവ്യനാശങ്ങളും മററും അവരുടെ ഗതിയെത്തടയില്ലെന്നുമാത്രമല്ല, അവ മറെറാരു വിധത്തിൽ ഗുണമായിക്കലാശിയ്ക്കുമെന്നു പറയുന്നു: പളുങ്കണി=പളുങ്കുകൊണ്ടുള്ള ആഭരണം. പാറമേലടിയ്ക്കുമ്പോൾ ചിതറുന്ന നീർത്തുള്ളികൾ പളുങ്കുകളാക്കിക്കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഊഷ്മാവ്=ചൂട്. ആയ=ധനം, വരവ്. പൂർവ്വാംഗം—കാരണമെന്നർത്ഥം.

Digitized By Kerala Sahitya Akademi

നീർക്കുമിളകൾകൊണ്ടു
ഹർഷരോമാഞ്ചം മെയ്യിൽ
ചാർത്തുന്ന ഭവതിതൻ
സ്വതന്ത്രപ്രയാണത്തെ
നോക്കിനില്ക്കുന്നു മീതേ,
പാരിലെപ്പല മാററം
നീക്കമെന്നിയേ കണ്ട
കണ്ണുകൾ—നക്ഷത്രങ്ങൾ. 6

തൂമയിലിളകും നിൻ
നീരിൽനിന്നുളവായ
സാമവേദത്തിനൊക്കും
സ്വാതന്ത്ര്യമൃദുഗീതം
വ്യോമമണ്ഡലത്തിലും
ദിങ്മുഖങ്ങളിലും നൽ–
പ്പൂമകരന്ദദ്രവം
കളിക്കെത്തെളിക്കുന്നു! 7

---

6. ഇത്തരം ഉദ്യമത്തിൽ മഹാന്മാൎക്കും ഈശ്വരനും ഉണ്ടാകുന്ന ആനുകൂല്യത്തെ വിവരിക്കുന്നു: പ്രയാണം=യാത്ര.

7. ഇതിൽനിന്നു പൊതുവിൽ ലോകത്തിലൊട്ടാകെ ഉണ്ടാകാവുന്ന നന്മകളെ കാണിക്കുന്നു: സ്വാതന്ത്ര്യമൃദുഗീതം—അപ്രതിഹതപ്രവാഹമൃദുലശബ്ദം എന്നർത്ഥം. പുഴയിലെ മൃദുശബ്ദം അയൽപ്രദേശങ്ങളിൽ കേൾക്കുന്നതു് അധികവും രാത്രിസമയങ്ങളിലായിരിക്കുമെന്ന സംഗതികൂടെ ഇവിടെ ഓൎക്കുന്നതുചിതം.

Digitized By Kerala Sahitya Akademi

ഏതൊരു വിഘ്നത്തോടും
 ശാന്തമായൊരുതിയു,–
മേതിലും സത്യത്തെ മുൻ–
 നിർത്തിയും ക്രമത്താൽ നീ
സന്തതസമ്പൂർണ്ണമായ്
 നിർവികാരമായനാ–
ദ്യന്തമാം പ്രാപ്യസ്ഥാനം
 പൂകുക മഹാഭാഗേ! 8

---

8. ഇത്രമേൽ ഉൽക്കൃഷ്ടമായ ഈ യാത്രയ്ക്ക് ഉദ്ദിഷ്ടപ്രാപ്തിയെ ആശംസിക്കുന്നു; സത്യം=പ്രകൃതിനിയമം. സന്തതസമ്പൂർണ്ണം=എല്ലായ്പോഴും നിറഞ്ഞിരിക്കുന്നത്. നിർവ്വികാരം=വികാരമില്ലാത്തത്. അനാദ്യന്തം=ആദിയും അന്ത(അവസാന)വുമില്ലാത്തത്. പ്രാപ്യസ്ഥാനം=ചെന്നുചേരേണ്ടമിടം—പ്രകൃതത്തിൽ സമുദ്രം.

---

2. തോണിയാത്ര

തിരിയ്ക്കയായ് സന്ധ്യ; വഴിക്കിടയ്ക്ക
വിരിച്ചു ഞാൻ കേറിയ തോണിതാനും,
സ്ഫുരിയ്ക്കുമോളങ്ങളെ മുറിച്ചുകൊണ്ട-
സ്സരിത്തിലൂടേ ഗമനം തുടങ്ങീ. 1

അങ്ങോട്ടുമിങ്ങോട്ടുമിരുട്ടിലോരോ
കേവഞ്ചിയസ്സിന്ധുവിലെന്നപോലെ,
അവ്യക്തമായിട്ടു കടന്നുപോയ്ക്കൊ-
ണ്ടിരുന്നു നാനാനിനവെൻമനസ്സിൽ. 2

നിറഞ്ഞിടട്ടേ തരണിവ്രജത്താൽ;
നിശ്ശൂന്യമാകട്ടെ നിജപ്രദേശം;

---

1. സ്ഫുരിയ്ക്കുക=ഇളകുന്ന. സരിത്ത്=നദി.

2. സിന്ധു=പുഴ. ഇതിൽനിന്ന്, നിനവുകൾക്കു പരസ്പരബന്ധമില്ലായ്മയും വ്യഞ്ജിയ്ക്കുന്നു.

3. ഇവിടുന്നങ്ങോട്ടു 8-ാംപദ്യംവരെയുള്ള വർണ്ണന ൻപ- ഞ്ഞ നിനവുകളെ സൂചിപ്പിച്ചുകൊണ്ടാണ്. ഇവയിൽനിന്നെ ല്ലാം ഇന്ത്യയുടെ താൽക്കാലികമായ അധഃപതനവും മററും വ്യ-

Digitized By Kerala Sahitya Akademi

രണ്ടും ഗണിയ്ക്കാതെ ഗമിച്ചു മുന്നോ-
ട്ടസംഗപോലാ നദി ശാന്തവൃത്ത്യാ. 3

സന്നാഹിയായ്ക്കേറിയ കൂരിരുട്ടാൽ
മന്നാകെയാച്ഛാദിതമായ്ച്ചമഞ്ഞു;
സന്നാഭമാം സ്വാന്തവിളക്കുമായി
മിന്നാമിനുങ്ങിൻനിര സഞ്ചരിച്ചു. 4

തടങ്ങളിൽച്ചേർന്ന ചെടിപ്പടപ്പിൽ-
ത്തഴച്ചുകാണായി തമസ്സമൂഹം:
ആസന്നചന്ദ്രോദയഭീതിമൂല-
മാററിൽപ്പതിപ്പാൻ മുതിരുന്നപോലെ. 5

കുറച്ചുനേരം കഴിയെ പ്രസാദം
സ്ഫുരിച്ചിടും പൂർവദിശാസരസ്സിൽ,

ഞ്ജിയ്ക്കുന്നു. തരണിവ്രജം=തോണികളുടെ സമൂഹം. അസംഗ=(നി സ്സാരസംഗതികളിൽ) ശ്രദ്ധയില്ലാത്തവൾ. ശാന്തവൃത്ത്യാ=ശാന്ത സ്വഭാവത്തോടെ.

4. സന്നാഹി=ഒരുമ്പെട്ടു പുറപ്പെട്ട. സന്നാഭം=മങ്ങി യ വെളിച്ചത്തോടുകൂടിയ.

5. ആസന്നചന്ദ്രോദയഭീതി=അടുത്തുണ്ടാകുവാൻ പോ കുന്ന ചന്ദ്രോദയത്തിൽനിന്നുള്ള ഭയം.

6. പ്രസാദം=നിർമ്മലത്വം. സ്ഫുരിയ്ക്കു=പ്രകാശിയ്ക്കു. പൂർവ ദിശാസരസ്സ്=കിഴക്കേ ദിക്കാകുന്ന പൊയ്ക. 'യദാ യദാ ഹി' എ

Digitized By Kerala Sahitya Akademi

നിറഞ്ഞ രാവിൻചാളിയിങ്കൽനിന്നു
വിരിഞ്ഞ വെൺതണ്ടലരൊന്നുയൎന്നു. 6

കാന്തിത്തഴപ്പോടുമുദിച്ചുയൎന്ന
പൂന്തിങ്കൾതൻ ബിംബനകൈതവത്താൽ
ഏന്തിത്തുളമ്പുന്ന നദീജലത്തിൽ
നീന്തിക്കളിച്ചൂ കളഹംസകങ്ങൾ. 7

തെളിഞ്ഞെരിഞ്ഞോരു മഹസ്സു തേഞ്ഞു–
മാഞ്ഞ,ന്ധകാരത്തിൽ മറഞ്ഞ ലോകം
ക്രമേണ മുൻമേന്മയിലേയ്ക്കു കേറാൻ
സുശോഭനാവസ്ഥയിലെത്തി വീണ്ടും. 8

വഞ്ചിയ്ക്കെഴും വൻചിറകായ പായ്മേ–
ലിയററിടും മഞ്ജുളമമ്മരത്താൽ,
രാവിൻെറ വീൎപ്പാം കുളിർമാരുതൻ വ–
ന്നെന്നോടു യാത്രാകുശലോക്തി ചൊല്ലി. 9

ന്ന ഗീതാപദ്യമനുസരിച്ചുള്ള ഒരു ഭഗവദവതാരത്തെ സൂചിപ്പി
ക്കുന്നു.

7. ബിംബനകൈതവം=നിഴലിയ്ക്കലാകുന്ന വ്യാജം; വാ
സ്തവത്തിൽ അതു ചന്ദ്രൻ നിഴലിച്ചതല്ലായിരുന്നു, നീന്തിക്കളിയ്ക്കു
ന്ന കളഹംസക(രാജഹംസ)ങ്ങളായിരുന്നു എന്നൎത്ഥം. ആ മഹാ
ത്മാവിനെ അനുസരിച്ചുകൊണ്ടു വേറെയും പല മഹാന്മാരുമു
ണ്ടായി എന്നു വ്യംഗ്യം.

8. മഹസ്സ്=തേജസ്സ്—ഇവിടെ സൂൎയ്യൻ. സുശോഭനാവ
സ്ഥ=എത്രയും നല്ല സ്ഥിതി

9. മൎമ്മരം=‘മരമര’ എന്ന ശബ്ദം. യാത്രാകുശലോക്തി=
“യാത്ര സുഖമാകുന്നില്ലേ?” എന്ന ചോദ്യം.

Digitized By Kerala Sahitya Akademi

ക്ഷണേന മാർഗ്ഗവ്യഥകൊണ്ടു കണ്ണും
ചിമ്മിക്കിടക്കും മമ നെററിതന്മേൽ,
സച്ചിൽസുഖം തൂകിന നിദ്ര വന്നു
ചുംബിച്ചിതു,ൻപെറുമൊരമ്മപോലെ. 10

ഉറക്കമാം കോഴി മദംഗചേഷ്ടാ–
കണങ്ങളെക്കൊത്തിവിഴുങ്ങിനില്ക്കേ,
ആ നാവികന്മാരിരുപേരിലേകൻ
തൻ ചോദ്യമങ്ങോട്ടൊരു കല്ലെറിഞ്ഞു! 11

ഞാനിത്ര വേഗത്തിലുറങ്ങുമെന്നി–
ബ്ബലിഷ്ഠനാം വേട്ടവനോർത്തിരിയ്ക്കാ;
ഇവന്നു രാമായണവായനയ്ക്കു–
ന്നനുജ്ഞ കിട്ടായ്കിലബദ്ധമെന്തോ? 12

---

10. മാർഗ്ഗവ്യഥ=വഴിക്ഷീണം. സച്ചിൽസുഖം=ബ്രഹ്മാനന്ദം. നിദ്രാസുഖം നെററിമേൽനിന്നാരംഭിയ്ക്കുന്നതായിത്തോന്നുമല്ലോ.

11. മദംഗചേഷ്ടാകണങ്ങൾ=എന്റെ ശരീരത്തിലെ ചേഷ്ടക(ളനക്കങ്ങ)ളാകുന്ന കണങ്ങൾ (ചെറിയ സാധനങ്ങൾ). നാവികന്മാർ=വഞ്ചിക്കാർ. വഞ്ചിക്കാരന്റെ ചോദ്യംനിമിത്തം തനിയ്ക്കു വന്നിരുന്ന ഉറക്കം പോയ്ക്കളഞ്ഞു.

12. 'ഞാൻ രാമായണമൊന്നു വായിയ്ക്കട്ടെ?' എന്നായിരുന്നു വേട്ടവന്റെ ചോദ്യം. അതു കേട്ടണന്ന് കവി വിചാരിയ്ക്കുന്നു. ഇതിൽനിന്ന് ആ ചോദ്യമെന്തെന്നറിയാം. ബലിഷ്ഠൻ=ശക്തിയേറിയവൻ. ഇത്രവേഗം ഉറങ്ങത്തക്കവിധം ഞാൻ ക്ഷീണിച്ചിട്ടുള്ള സംഗതി ഓർപ്പാൻ, ബലമേറിയ അവന്നവകാശമില്ലല്ലോ എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

സൽഗ്രന്ഥപാഠത്തെ മുടക്കിയെയ്ക്കാം
ഞാനെന്നിവനെങ്ങിനെ ശങ്ക തോന്നി?
എഴുത്തു ശീലിച്ചതു തന്റെ ഗപ്വാ–
യെണ്ണൊല്ലയെന്നാമിതിനാന്തരാർത്ഥം! 13

ഈയ്യൂഹമാമാധി ഘനീഭവിച്ചു
വെന്നീർ പൊഴിച്ചു മിഴി രണ്ടിലും മേ:–
"ഹാ, നന്നു,യന്നുള്ളവർ താഴ്ന്നജാതി–
ക്കാരിൽക്കടെത്തും കരുണാകടാക്ഷം! 14

അനർത്ഥഗർത്തങ്ങളിലാണ്ടുതന്നേ
കിടക്കണംപോലിവർ കീടതുല്യം
വേദേതിഹാസാദിവിഭൂതിയെല്ലാം
മേൽജ്ജാതിതൻ പൈതൃകമാണുപോലും! 15

വാഗ്ദേവിയെത്താനറിയാതെ തീണ്ടി–
പ്പോയെന്നിവൻ മാപ്പിന്നിരന്നിടുന്നു:

---

13. സൽഗ്രന്ഥപാഠം=ഉത്തമഗ്രന്ഥം വായിയ്ക്കൽ.

14. ഘനീഭവിയ്ക്ക=കട്ടിയാവുക. മേഘമായിത്തീരുക എന്നും. വെന്നീർ=ചുടുവെള്ളം. ഊഹത്തിന്റെ ഘനീഭാവത്തെ ഉത്തരാർദ്ധംകൊണ്ടു വിവരിയ്ക്കുന്നു: കരുണാകടാക്ഷം—വിപരീതലക്ഷണയാ ദയയില്ലായ്മ എന്നർത്ഥം.

15. അനർത്ഥഗർത്തങ്ങൾ=അനർത്ഥം (ആപത്ത്, പണമില്ലായ്മ) ആകുന്ന കുഴികൾ. വേദേ............ഭൂതി=വേദം, ഇതിഹാസം ഇടങ്ങിയ സമ്പത്ത്. പൈതൃകം=അച്ഛൻ സമ്പാദിച്ച മുതൽ.

Digitized By Kerala Sahitya Akademi

ഭയാനകം ഹാ, സ്മൃതിവാക്യഘോഷം—
ജാതിപ്പിശാചിൻ പ്രചുരാട്ടഹാസം! 16

സൌഭ്രാത്രസസ്യത്തിനു ജന്മഭൂവീ-
സ്സൽക്ഷേത്ര,മേതോ കെട്ടനീരൊഴുക്കാൽ
പലേടവും പാഴ്ത്തണൽ വന്നടിഞ്ഞി-
ട്ടിത്രയ്ക്കു നിമ്നോന്നതമായിയല്ലോ! 17

ബ്രഹ്മർഷിമാർമുഖ്യനെ മുക്കുവത്തി
പെറേറാരു പുണ്യക്ഷിതിമണ്ഡലത്തിൽ,
അഹോ, മനുഷ്യന്നു മനുഷ്യനോട്ട
സാമീപ്യസമ്പർക്കമധർമ്മമായി! 18

സ്വതന്ത്രരസ്മൽകുലപൂർവരാർത്ത-
ത്രാണത്തിനായ്ശ്ശസ്ത്രമെടുത്തു കയ്യിൽ;

---

16. ഭയാനകം=ഭയങ്കരം. സ്മൃതി=ധർമ്മശാസ്ത്രം. പ്രചുരം=മുഴുത്ത.

17. സൌഭ്രാത്രം=സഹോദരസ്നേഹം. സൽക്ഷേത്രം=നല്ല ക്ഷേത്രം (വയൽ, ഭാരതക്ഷേത്രം). നിമ്നോന്നതം=താഴ്ന്നും പൊന്തിയുമിരിക്കുന്നത്. ഇതു നികത്താതെയുണ്ടോ, ഇവിടെ സൌഭ്രാത്രം വളരുന്നു?

18. ബ്രഹ്മർഷിമാർമുഖ്യൻ=വ്യാസൻ. സാമീപ്യസമ്പർക്കം=അടുത്തു പെരുമാറൽ.

19. അസ്മൽകുലപൂർവർ=നമ്മുടെ വംശത്തിലെ പൂർവികന്മാർ. ആർത്തത്രാണം=ആപത്തിൽ പെട്ടവരെ രക്ഷിക്കൽ. ശുദ്ധ

Digitized By Kerala Sahitya Akademi

പാഴററ കയ്യാൽപ്പരതന്ത്രർ നാമോ,
പാവങ്ങൾതൻ മൂദ്ധനി കല്ലിടുന്നു! 19

രമിച്ച പണ്ടേവരിലേകയോഗ-
ഭാഗ്യത്തൊടും ഭാർഗ്ഗവരാജ്യലക്ഷ്മി,
അപ്പൂർവ്വകന്മാരുടെ ചോര, നായ-
ന്മാരേ, ഭവാന്മാരിലൊരിററുമില്ലേ? 20

'തമ്പ്രാ'നി—താണെങ്കലിവൻ പതിച്ച
സംബുദ്ധി! ഹേ സാധുമനുഷ്യ, നോക്കു:
ഈ നമ്മളെല്ലാമൊരു തമ്പുരാൻെറ
കീഴാളരാ,രാക്കിഹ തമ്പുരാനാം? 21

നിൻേറതിലും മുന്തിയതായ്പുരാമെ-
ന്നുടുപ്പി;-താക്കും കടയിൽക്കിടയ്ക്കും;
എന്നാലൊരേനൂലുകൾ കൊണ്ടു നെയ്ത-
തത്രേ, നമുക്കംബിക തന്ന വസ്ത്രം. 22

നി=തലയിൽ. പരതന്ത്രർ—ആത്മത്രാണത്തിനുവേണ്ടിയെങ്കിലും ശസ്ത്രമെടുക്കാൻ സ്വാതന്ത്ര്യമില്ലാത്ത.

20. ഏകയോഗം—എല്ലാവരിലും ഒരേവിധത്തിൽ ചേന്നിരിയ്ക്കലാകുന്ന ഭാഗ്യം എന്നത്ഥം. ഭാർഗ്ഗവരാജ്യലക്ഷ്മി=കേരളത്തിലെ ശ്രീ.

21. പതിച്ച=ഒട്ടിച്ച; ആ സംബുദ്ധിയെ താനർഹിയ്ക്കുന്നില്ലെന്നു വ്യഞ്ജിപ്പിയ്ക്കുന്നു.

22. അംബിക=അമ്മ (പ്രകൃതി). വസ്ത്രം—ശരീരമെന്നത്ഥം. ശരീരോപകരണങ്ങളായ പഞ്ചഭൂതങ്ങളെ നൂലുകളാക്കി കല്പിച്ചിരിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ആർ പള്ളിയോടം കയറിക്കളിപ്പൂ
യുഷ്മാദൃശപ്രോഷ്മളബാഷ്പനീരിൽ;
അദ്ധന്യർ നിങ്ങൾക്കിഹ തമ്പുരാന്മാ–
രഹോ ജഗത്തിൻ മറിമായമുഗ്രം!” 23

മുതിന്നു ഞാനാം പുഴവെന്റെ നാട്ടിൽ–
സ്സാങ്കല്പികസ്വർഗ്ഗപുരം ചമയ്ക്കേ,
ആവൃത്തമായ് മുമ്പടി, വായനയ്ക്കേ–
ന്നനുജ്ഞ കാംക്ഷിയ്ക്കുമവന്റെ ചോദ്യം. 24

‘വായിച്ചുകൊൾകെ,ത്രയുമിഷ്ടമാണ–
തിങ്ങെ’ന്നു ഞാനുത്തരമോതിയാറേ,
ഇരുണ്ട മണ്ണെണ്ണവിളക്കിനാരാ–
ലിരുന്നിതായാൾ തൊഴുകയ്യുമായി. 25

പിന്നീട്ടു തൻപുസ്തകമൊന്നെടുത്തു
പൂർണ്ണാദരം വായനയും തുടങ്ങി.

---

23. യുഷ്മാ……നീർ=നിങ്ങളെപ്പോലുള്ളവരുടെ ചുട്ട കണ്ണുനീർ.

24. സാങ്കല്പികസ്വർഗ്ഗപുരം=സങ്കല്പംകൊണ്ടുണ്ടാക്കിയ സ്വർഗ്ഗം. ഈ അധഃപതനത്തിൽനിന്നു ഹിന്ദുക്കളെ ഉദ്ധരിച്ചാൽ, ഇന്ത്യയ്ക്കുണ്ടാകാവുന്ന ഉൽക്കർഷത്തെപ്പററി ഞാൻ വിചാരിച്ചുകൊണ്ടിരിയ്ക്കേ—എന്നു പൂർവ്വാർദ്ധത്തിന്നർത്ഥം. ആവൃത്തമായ്=ആവർത്തിച്ചു.

25. ആരാൽ=സമീപത്ത്.

Digitized By Kerala Sahitya Akademi

ഇണങ്ങിനില്ക്കും ശ്രുതിയില്ല, രാഗ–
മില്ല, ക്ഷരവ്യക്തിയുമേറെയില്ല; 26

എന്നാലുമായാളുടെ ഗാനമെന്റെ
കർണ്ണത്തിനാഹ്ലാദമനല്പമേകി:
തദീയകണ്ഠസ്വരമത്രമാത്രം
ഭക്തിസ്ഫുരന്മാധുരി പൂണ്ടിരുന്നു. 27

കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;—
ലാനന്ദലബ്ധിക്കിനിയെന്തു വേണം? 28

അവന്റെ പാട്ടാം മണിയൊച്ച രാവിൻ–
പ്രശാന്തനിശ്ശബ്ദതയെപ്പിളർക്കേ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചുനിന്നൂ ദിവി താരകങ്ങൾ! 29

നീളത്തിലഗ്ഗീതമവന്റെ കണ്ഠ–
നാളത്തിൽനിന്നങ്ങു വിനിർഗ്ഗളിക്കേ,
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളംപിടിച്ചൂ നദി മെല്ലെമെല്ലെ! 30

---

26. പൂർണ്ണാദരം=തികഞ്ഞ ആദരവോടുകൂടുംവണ്ണം.
28. സുഗേയം=നല്ലവണ്ണം പാടാവുന്നതു്. രാഘവീയം=രാഘവ(രാമ)നെപ്പററിയുള്ളതു്. ലബ്ധി=കിട്ടൽ.
29. താരകങ്ങൾ=നക്ഷത്രങ്ങൾ.
30. വിനിർഗ്ഗളിക്കേ=പുറപ്പെടവേ.

Digitized By Kerala Sahitya Akademi

രാമാനുജപ്പൈങ്കിളി പാടിയോരു
രാമായണത്തിൻ മധുരപ്രവാഹാൽ,
ആ വെണ്ണിലാവങ്ങൊരു പാൽക്കുഴമ്പോ-
ടാമേളനംചെയ്തതുപോലെയായീ! 31

ചൊൽക്കൊണ്ട തുഞ്ചൻഗുരുവിൻെറ കാവ്യ-
രത്നത്തിൽനിന്നേന്തിയ കാന്തിയാലേ,
അപ്പൊട്ടമണ്ണെണ്ണവിളക്കു വിദ്യുൽ-
പ്രദീപമായെന്നുമെനിക്കു തോന്നി. 32

ഒരത്ഭുതത്തുമണമാ സ്ഥലത്തു
പരന്നു പാറി കുളിർകാററിലെങ്ങും;
നിരന്തരം വന്നുപൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചിതന്നിൽ! 33

തൻചിത്രവർണ്ണാംഗമരീചിയാൽക്ക-
ണ്ണഞ്ചിപ്പൊരോമൽക്കിളിയേറെനേരം

---

31. 32. മധുരപ്രവാഹത്താൽ=മാധുര്യമുള്ള 'ഒഴുക്കു' നിമി ത്തം. ആമേളനം ചെയ്യുക=കൂടിച്ചേരുക. മാധുര്യം, കാന്തി തുട ങ്ങിയവ കവിതയുടെ വിശേഷഗുണങ്ങളാണല്ലോ.

33. മരന്ദം=തേൻ.

34. ചിത്രവർണ്ണാംഗമരീചി=പലനിറമിടകലർന്ന ശരീരത്തി ൻെറ കാന്തി. കളനിസ്വനം=മധുരമായ ശബ്ദം. ചിത്തവല്ലി=മ നസ്സാകുന്ന വള്ളി. എഴുത്തച്ഛൻെറ കിളി മനോദൃഷ്ടിക്കു ദൃശ്യ മായി. നല്ലൊരു കവിത വായിക്കുമ്പോഴും ഒരു സഹൃദയനുണ്ടാ

Digitized By Kerala Sahitya Akademi

കൊഞ്ചിക്കളിച്ചു കളനിസ്വനത്തോ-
ടെൻചിത്തവല്ലിച്ചെറുചില്ലതോറും. 34

ചുഴിഞ്ഞു വായിപ്പുളവെന്നൊടർത്ഥം
ചോദിച്ചിരുന്നു ചില ദിക്കിലായാൾ;
ഹാ കഷ്ട,മുൽക്കൃഷ്ടവിചാരനാമി-
ജ്ജിജ്ഞാസു വിജ്ഞാനവിദൂരസംസ്ഥൻ! 35

ഈമട്ടെത്ര വിലപ്പെട്ടും മണികളു-
ണ്ടിങ്ങാകരംതോറുമ-
ശ്രീമദ്വസ്തുചയത്തെ—യെന്തു പറയാം
വ്യാമോഹദുർവൈഭവം!—
പാഴ്മണ്ണിൻപൊടി പററുമെന്നു കരുതി
സ്പർശിക്കയേ ചെയ്വതി-
ല്ലോ,മൽസ്സോദരമർത്ത്യനക്കറ പെറും
മേലാളിമാർതൻ കരം! 36

കുന്നതും ഇന്നവിധമെന്നു പറഞ്ഞറിയിപ്പാൻ കഴിയാത്തതുമായ ആ ആഹ്ലാദാനുഭവത്തെയാണ്, ഈ പദ്യങ്ങളെക്കൊണ്ടു വിവരിച്ചിട്ടുള്ളത്.

35. ഉൽക്കൃഷ്ടവിചാരൻ=ഉൽക്കൃഷ്ടമായ വിചാരത്തോടു കൂടിയവൻ. ജിജ്ഞാസു=അറിവാൻ ആഗ്രഹിക്കുന്നവൻ. വിജ്ഞാനവിദൂരസംസ്ഥൻ=വിജ്ഞാനത്തിൽ (അറിവിൽ)നിന്നു ഒട്ടേറെ ദൂരെ നില്ക്കുന്നവൻ (പാഠശാലയിൽ പ്രവേശമേ കിട്ടാത്തവൻ).

36. ആകരം=(മണികളുംമററും) ഉണ്ടാവുന്ന സ്ഥലം— ഇവിടെ, 'അതാതിടങ്ങളിൽ' എന്നർത്ഥം. ശ്രീമദ്വസ്തുചയത്തെ= ശ്രീയുള്ള വസ്തുക്കളുടെ സമൂഹത്തെ. വ്യാമോഹദുർവൈഭവം=തെററിദ്ധാരണയുടെ ദുഷിച്ച ശക്തി. കഴുകിയാലും പോവാത്ത കറ ഇഴുകിപ്പിടിച്ച കയ്യിൽ, തട്ടിക്കളഞ്ഞാൽ പോകുന്ന പൊടി പററിയേക്കുമോ എന്നാണ് ഭയം!

3. തുഞ്ചത്തെഴുത്തച്ഛൻ

(കേക)

മുക്കവത്തിയിൽപ്പാരാ-
    ശര്യനെന്നപോലൊരു
ചക്കാലത്തരുണിയിൽ-
    ജ്ജാതനേതൊരു ദിവ്യൻ
പഞ്ചമവേദാദിസൽ-
    ഗ്രന്ഥസന്തതിയാകും
പഞ്ചാമൃതത്താൽപ്പാരിൻ
    താപത്തെശ്ശമിപ്പിച്ചു;
ആ രാമാനുജാചാര്യ-
    പുംഗവൻ ജയിക്കുന്നു—
ശ്രീരാമായണഗാന-
    ഗന്ധർവ്വൻ ജയിക്കുന്നു! 1

---

1. പാരാശര്യൻ=വ്യാസൻ. പഞ്ചമ.......ന്തതി=അഞ്ചാം മറ (മഹാഭാരതം) തുടങ്ങിയ ശ്രേഷ്ഠഗ്രന്ഥങ്ങളുടെ സമൂഹം. ശ്രീരാമാ.......വൻ=ശ്രീരാമായണം പാടുന്നതിൽ ഗന്ധർവൻ—ഗന്ധർവന്മാരാണ് പാട്ടിൽ നിപുണന്മാർ. തുഞ്ചത്തെഴുത്തച്ഛൻ ഒരു ഗന്ധർവന്റെ അവതാരമാണെന്ന് ഐതിഹ്യമുണ്ട്.

Digitized By Kerala Sahitya Akademi

ആലത്തൂർഗ്രാമം ഗുരു-
ശ്രേഷ്ഠ, നിന്നവതാര-
ത്താലതിപ്രശസ്തമായ്-
ച്ചമഞ്ഞിതെന്നെന്നെയ്യും;
മെച്ചത്തിൽച്ചൊവ്വാനെയി-
പ്പദസംസ്കാരം പഠി-
പ്പിച്ചതാ, ഗ്രാമം വാഴും
മാർത്താണ്ഡശിഷ്യൻതാനോ? 2

യാതൊന്നു ദൈവജ്ഞനാം
ഭവാങ്കൽ സൈ്വരം സ്ഥിതി-
ചെയ്തിതോ, കവിമാതിൻ
നീണ്ട കൺമുനപോലേ;
പൈതലാം മലയാള-
ഭാഷതൻ ശരിയായ
ജാതകം കുറിച്ചിട്ടത-
ത്തിരുനാരായംതാൻ! 3

തൻകിടാവിനോടൊപ്പ-
മങ്ങുന്നു താലോലിച്ച

---

2. അതിപ്രശസ്തം=ഏത്രയും കേൾവിപ്പെട്ടത്. പദസംസ്കാരം=വ്യാകരണം, ശബ്ദശുദ്ധി. മാർത്താണ്ഡശിഷ്യൻ—(സൂര്യനിൽനിന്നാണല്ലോ ഹനുമാൻ വ്യാകരണം പഠിച്ചത്) ഹനുമാനാണ്, ആലത്തൂർഗ്രാമത്തിലെ പരദേവത.

3. ദൈവജ്ഞൻ=ദൈവത്തെ അറിയുന്നവൻ. ജ്യൗതിഷികൻ എന്നും. കവിമാത്=വാഗ്ദേവി.

Digitized By Kerala Sahitya Akademi

പൈങ്കിളിപ്പിടയുടെ
    പഞ്ചമസ്വരാലാപം,
ഇരുളിൽ മയങ്ങിയ
    ലോകത്തെയുണർത്തിയി–
ട്ടരുണപ്രഭ വീശും
    സുപ്രഭാതത്തെക്കാട്ടി. 4

തേൻ പഴം പാലും നുക–
    ർന്നക്കിളി, ഭവാനുടെ
മാണ്പെഴും കവിതതൻ
    മാണിക്യക്കൈത്തണ്ടിന്മേൽ
മാംഗല്യചഞ്ച്വഗ്രത്താൽ
    പവിഴപ്പൊളി ചാർത്തി–
ത്തൂങ്ങിനിന്നാടിക്കളി–
    ച്ചീടിനാൾ ചിരകാലം. 5

---

4. ഇതിലെല്ലാം ഒരു 'കിളി'യെപ്പറയുന്നത്, 'കിളിപ്പാട്ടി'നെ ഉദ്ദേശിച്ചാണ്. എഴുത്തച്ഛൻ സാങ്കല്പികമായ ഒരു കിളിപ്പെണ്ണിനെക്കൊണ്ടു പാടിക്കുകയാണല്ലോ ചെയ്തിട്ടുള്ളത്, 'ഇരുളിൽ.... കാട്ടി'—അജ്ഞാനത്തിൽ മുഴുകിയ ലോകത്തിനു തത്ത്വജ്ഞാനം നല്കി.

5. കൈത്തണ്ട് — 'തണ്ട്' എന്നതിൽനിന്ന് ഒരു ലത എന്നു ദ്യോതിപ്പിക്കുന്നു. മാംഗല്യചഞ്ച്വഗ്രം=മംഗലകരമായ കൊക്കിൻതലപ്പ്. കൊക്കിന്റെ അഗ്രത്തെത്തന്നെ പവിഴപ്പൊളിയായി കല്പിക്കുന്നു. വാഗ്ദേവി(കവിത)യുടെ കയ്യിൽ ഒരു തത്തയുണ്ടെന്ന പ്രസിദ്ധികൂടെ ഇവിടെ ഓർക്കണം. മാണിക്യം, പവിഴം എന്നിവകൊണ്ട്, എഴുത്തച്ഛന്റെ ഹൃദ്യമായ 'മണിപ്രവാളം' സൂചിപ്പിക്കപ്പെടുന്നു.

Digitized By Kerala Sahitya Akademi

അപ്പഞ്ചവർണ്ണത്തത്ത
തൻ ചിറകടി നല്ലോ-
രത്ഭുതവിശറിയായ്
കൈരളീദേവിയ്ക്കന്നാൾ;
സഞ്ചിതമധുരിമ-
സാരമാമതിൻ കിളി-
ക്കൊഞ്ചലോ, മുൻകേൾക്കാത്ത
വീണവായനയായി! 6

അശ്രാന്തമോരോ ശാസ്ത്രം
ശിഷ്യരെപ്പഠിപ്പിയ്ക്കും;
വിശ്രാന്തി നേടും ബ്രഹ്മ-
ധ്യാനത്തിലനുവേലം;
ഇത്തരം ഭവാനൊരു
സിദ്ധനാമൃഷിയെപ്പോ-
ലത്രയും പ്രശാന്തമായ്
നയിച്ചു തൻജീവിതം. 7

വൈരാഗ്യാമൃതരസം
വഹിയ്ക്കും ഭവച്ചിത്ത-
ക്ഷീരസിന്ധുവിൽനിന്നു
പിറന്ന 'ചിന്താരത്നം'

6. സഞ്ചിതമധുരിമസാരം=മാധുര്യത്തിൻെറ സത്ത നേടിയ
7. അശ്രാന്തം=ശ്രമമില്ലാതെ. അനുവേലം=തക്കസമയത്ത്

Digitized By Kerala Sahitya Akademi

കൈരളീസാഹിത്യത്തിൻ
നെഞ്ചിലായ്ത്തിളങ്ങുന്നു,
കൈടഭാന്തകൻതങ്കൽ–
ക്കൌസ്തുഭംതാൻപോലെ. 8

ഹൃഷ്ടയായ് പ്രകൃതിതാ–
നാദരാൽ പനിനീർപ്പൂം-
പട്ടെങ്ങും വിരിച്ചിട്ട
താവകാശ്രമഭൂവിൽ
പ്രത്യഹം തവ ശുകി
പാടിയ ഗീതത്തിൽനി–
ന്നെത്ര രാഗങ്ങൾ പൊഴി–
ഞ്ഞുൾച്ചേർന്നുകിടപ്പുണ്ടാം! 9

വെട്ടത്തുനാട്ടിൻ നിത്യ–
സൌഭാഗ്യസിന്ദൂര–
പ്പൊട്ടുപോലെഴും തുഞ്ചൻ–
പറമ്പേ, നമസ്കാരം!

---

8. വൈരാഗ്യാമൃതരസം=വൈരാഗ്യമാകുന്ന അമൃത്. ഭവച്ചിത്തക്ഷീരസിന്ധു=അവിടത്തെ മനസ്സാകുന്ന പാൽക്കടൽ. കൈടഭാന്തകൻ=വിഷ്ണു.

9. ഹൃഷ്ട=സന്തോഷംപൂണ്ടവൾ. താവകാശ്രമഭൂവ്=അവിടത്തെ ആശ്രമപ്രദേശം. തുഞ്ചൻപറമ്പിലെ മണ്ണു കുറെ ചുകന്നതാണ്; അതിനാൽ, 'പ്രകൃതി........വിരിച്ചിട്ട' എന്നു കല്പിക്കുന്നു. പ്രത്യഹം=നാൾതോറും. രാഗങ്ങൾ=സംഗീതശാസ്ത്രപ്രകാരമുള്ള 'രാഗ'ങ്ങൾ ചുകപ്പ് എന്നും.

Digitized By Kerala Sahitya Akademi

കളഗാനത്തോടൊരു
    തത്തപ്പെണ്മണി തത്തി-
കളിച്ച തളിർച്ചെടി-
    പ്പടപ്പേ, നമസ്കാരം!
ചേണൊക്കും പുതുമല-
    യാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യ-
    ക്ഷേത്രമേ, നമസ്കാരം!

---

10. നിത്യ.........പ്പൊട്ട്=നിത്യമായ സൌഭാഗ്യത്തിന്നുള്ള ശ്രേഷ്ഠമായ സിന്ദൂരപ്പൊട്ട. അവിടത്തെ മണ്ണിന്റെ ചുകപ്പു കൊണ്ടത്രേ, 'സിന്ദൂരപ്പൊട്ടാ'യും 'തളിർത്ത' ചെടിപ്പടപ്പായും കല്പിച്ചത്. പുതു.........ശ്വരൻ=നവീനകേരളഭാഷയെ സൃഷ്ടിച്ചവൻ.

Digitized By Kerala Sahitya Akademi

4. കാറുകണ്ട കർഷകൻ.

നിദാഘസന്ധ്യാർക്കമയൂഖമായ
നീർ മിക്കതും വററിയതോട്ടുകൂടി,
ആകാശമാം വാപിയിലംബുവാഹ-
മങ്ങിങ്ങു പൊങ്ങീ ചളിയെന്നപോലെ. 1

ഭൂചക്രപാത്രത്തിലുരത്ത വൈലാം
ചെന്തീ ചിരാൽക്കത്തിയടങ്ങിയപ്പോൾ,
കാർമേഘമാകും മഷി കൈവളൎന്നു-
കാണായ് നഭസ്സായ മുകൾച്ചെരാതിൽ. 2

---

1. നിദാ....ഖം=വേനൽക്കാലത്തെ അന്തിസ്സൂര്യന്റെ കിരണം. വാപി=കുളം. അംബുവാഹം=മേഘം. വേനൽക്കാലത്തിന്റെ അവസാനത്തിൽ ഒരു ദിവസം വൈകുന്നേരം മഴക്കാറു കാണായി.

2. ഭൂചക്രപാത്രം=പാരിടമാകുന്ന പാത്രം. ഉരത്ത=കടുത്ത. നഭസ്സ്=ആകാശം. ചെരാത്—ഒരുതരം മൺപാത്രം. ഒരു തീ പിടിപ്പിച്ച പാത്രത്തിന്റെ മുകളിൽ ചെരാതുവെച്ചു മഷി പിടിപ്പിക്കുന്ന നാട്ടുസമ്പ്രദായത്തെ ഓൎക്കുക.

Digitized By Kerala Sahitya Akademi

ഇളാതലം നല്ലൊരിളംതുടുപ്പാൽ–
ത്തിളങ്ങി, നീർക്കൊണ്ടൽ മുതിർന്നനേരം,
പ്രാണാധിനാഥന്റെ സമാഗമത്തിൽ,
നവോഢതൻ പൂങ്കവിളെന്നപോലെ. 3

കവോഷ്ണസൂര്യാംശുസുവർണ്ണനീരിൽ–
ക്കുളിച്ചു സന്ധ്യാംഗന ചന്തമോടേ
അഴിച്ചു ചിക്കീടിന കേശപാശ–
മാകാ,മണിക്കൊണ്ടലിതംബരാന്തേ! 4

തൂമിന്നലാം കേസരി തന്നിരിമ്പു
കൂടാകവൊന്നി,യസിതാഭ്രകൂടം:
ഇടയ്ക്കതിൻമേനി വെളിയ്ക്കു കാണായ്;
ഗഭീരമാം ഗർജ്ജിതവും മുഴങ്ങീ. 5

ഭൂഭാഗശാലയ്ക്കൊരു നീലമേലാ–
പ്പാ,കാശവാടിയ്ക്കു തമാലജാലം,

---

3. ഇളാതലം=പാരിടം. സമാഗമം=കൂടിച്ചേർച്ച. നവോഢ=പുതുതായി വേൾക്കപ്പെട്ട യുവതി. ഗ്രീഷ്മദിനാന്തത്തിൽ മഴക്കാറുണ്ടായാൽ ഭൂമി സ്വല്പം ചുകന്നതായി തോന്നുമല്ലോ.

4. കവോഷ്ണ....നീർ=ഇളംചൂടുള്ള സൂര്യകിരണമാകുന്ന സ്വർണ്ണവെള്ളം. സന്ധ്യാംഗന=സന്ധ്യയാകുന്ന സ്ത്രീ. അംബരാന്തേ=ആകാശത്തിൽ, വസ്ത്രത്തിൻമേലേ എന്നും.

5. അസിതാഭ്രകൂടം=കറുത്ത മേഘങ്ങളുടെ കൂട്ടം. അതിൻ—സിംഹത്തിന്റെ. ഗഭീരം=ഗംഭീരം. ഗർജ്ജിതം=അലർച്ച; ഇടിമുടക്കം എന്നും.

Digitized By Kerala Sahitya Akademi

തടിന്നടിയ്ക്കിന്ദ്രമണിക്കളിത്ത-
ട്ടേ—വം ലസിച്ചു ജലദപ്രതാനം. 6

വേഴാമ്പൽപോലുന്മുഖനായി നില്ക്കും
കൃഷീവലന്നേറെ വിടൎന്ന കണ്ണിൽ
സുഖാഞ്ജനസ്സത്തെഴുതിച്ചു മേഘം
സൌദാമിനീരൂപ്യശലാകയാലേ! 7

പുത്തൻപയോദങ്ങളിൽനിന്നിടയ്ക്കു
പുറപ്പെട്ടും പേലവഗൎജ്ജിതത്താൽ
അവന്റെ കണ്ണദ്വയമാസ്വാദിച്ചി-
ത്യഭംഗമംഗല്യമൃദംഗനാദം. 8

അബ്ദങ്ങളാം വാനത്തു ചരിച്ചതിക്ഷി-
ച്ചവന്നൊരാഹ്ലാദരസം വളൎന്നു:

---

6. വാടി=ഉദ്യാനം തമാലജാലം=പച്ചിലമരക്കൂട്ടം. തടി ന്നടി=മിന്നലാകുന്ന ആട്ടക്കാരി. ഇന്ദ്ര....ത്തട്ട്=ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള നൃത്തരംഗം. ജലദപ്രതാനം=മഴക്കാറിൻപരപ്പ്.

7. ഉന്മുഖൻ=മേല്പോട്ടു നോക്കുന്നവൻ. കൃഷീവലൻ=കൃഷിക്കാരൻ. സുഖാഞ്ജനസ്സത്ത്=സുഖമാകുന്ന അഞ്ജനത്തിന്റെ സത്ത്. സൌദാ......ക=മിന്നലാകുന്ന വെള്ളിശ്ശലാക. (കണ്ണെഴുത്തുകോൽ). മേഘത്തെ കണ്ടിട്ടു കൃഷകന്റെ കണ്ണു കുളിൎത്തു.

8. പയോദം=മേഘം. പേലവഗൎജ്ജിതം=മൃദുവായ ഇടിമുഴക്കം. അഭംഗ...........ദം=തടവററതും മംഗലസൂചകവുമായ മൃദംഗത്തിന്റെ ശബ്ദം. ഇടിമുഴക്കം ആയാൾക്കു മൃദംഗശബ്ദംപോലെ ആനന്ദം നല്കി.

Digitized By Kerala Sahitya Akademi

'മേയുന്നിതോ, മേനി മിനുത്തിരുണ്ടു
മെച്ചപ്പെട്ടും പോത്തുകൾ പുൽപ്പുറമ്പിൽ? 9

സന്ധ്യാരുണാംശുല്ലൂരമായ നെൽത്ത-
ണ്ടൊക്കെപ്പറിച്ചിട്ടുഴുതൊപ്പമാക്കി,
വളത്തിനായ്ച്ചാണകമിട്ടിതാരോ,
വാനായ പാടത്തണിവാരിദത്താൽ! 10

ജൃംഭിക്ക, ജൃംഭിക്ക, കടുത്ത ചൂടേ;
സംപ്രാപ്തമായ്, നിൻ തല പോം മുഹൂർത്തം:
മുകിൽക്കരിന്തോലുറയിങ്കൽനിന്നു-
ണ്ടൂരുന്നു മിന്നൽത്തെളിവാൾ മഹേന്ദ്രൻ! 11

ധരിത്രി, പോരും പരിതാപമമ്മേ:
ദുഃഖങ്ങൾ സൌഖ്യത്തിനകമ്പടിക്കാർ;
ഇതാ, നമുക്കായമൃതം നിറച്ച
നീലാശ്മകുംഭങ്ങൾ നിരന്നു വാനിൽ! 12

---

9. അബ്ദം=മേഘം. ചരിക്കു=നടക്കുക. ഉത്തരാർദ്ധം മുതൽ ആയാളുടെ ആഹ്ലാദത്തിന്നു കാരണമായ വിചാരങ്ങളെ വർണ്ണിക്കുന്നു.

10. സന്ധ്യാ..............രം=അന്തിസ്സൂര്യന്റെ രശ്മികളുടെ സമൂഹം വാരിദം=മേഘം.

11. ജൃംഭിക്കു=വർദ്ധിച്ചുകൊള്ളുക. വേനല്ക്കാലത്ത് ആകാശത്തു മേഘം നിരന്നാൽ ചൂടു വർദ്ധിക്കുമല്ലോ. സംപ്രാപ്തമായ്=വന്നുകഴിഞ്ഞു.

12. ധരിത്രി=ഭൂമി. പരിതാപം=ചൂട്, ദുഃഖം. അമൃതം=അമൃത്, വെള്ളം. നീലാ........ങ്ങൾ=ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള കുടങ്ങൾ.

Digitized By Kerala Sahitya Akademi

വിദ്യുന്മഹാലക്ഷ്മി പുണർന്ന മെയ്യിൽ
വലാരിവില്ലാം വനമാല ചാർത്തി,
താപാർത്തരക്ഷയ്ക്കുഴന്നെള്ളിനില്പൂ
താപിഞ്ഛവർണ്ണം തടവുന്ന ദേവൻ! 13

ആമോദഭൂമാവുയരുംവിധം നീ-
രാടിയ്ക്കുമിന്നെങ്ങളെ നീരദങ്ങൾ;
നാളെ സ്വയം, നിൻതിരുമാറിൽ ഞാനെൻ
നെൽവിത്തിനാൽ പൊമ്പണിമാല ചാർത്തും! 14

അന്തർജ്ജനംപോലറയിൽക്കിടക്കും
വിത്തേ, നിനക്കിയിരുൾ വിട്ടു നാളെ,
അമ്മയ്ക്കുടുപ്പാനഴകുററ പച്ച-
പ്പൂംപട്ടു നെയ്യുന്ന പണിയ്ക്കിറങ്ങാം. 15

---

13. വിദ്യുന്മഹാലക്ഷ്മി=മിന്നലാകുന്ന ശ്രീഭഗവതി. വലാരിവില്ല്=ഇന്ദ്രചാപം (മഴവില്ല്). താപാർത്തരക്ഷ=താപംകൊണ്ടു വലഞ്ഞവരെ രക്ഷിയ്ക്കൽ. താപിഞ്ഛവർണ്ണം=തമാലവർണ്ണം. ഇതിൽ മേഘത്തെ വിഷ്ണുവായധ്യവസായം ചെയ്യുന്നു. ദേവശബ്ദം മേഘത്തിൻേറയും പര്യായമാണ്.

14. ആമോദഭൂമാവ്=ആമോദത്തിൻെറ (സുഗന്ധത്തിൻെറ, ആനന്ദത്തിൻെറ) ആധിക്യം. നീരദം=മേഘം പുതുമഴ പെയ്താൽ മണ്ണിൽനിന്ന് ഒരു മണം പുറപ്പെടുമല്ലോ.

15. വിത്തു വിതച്ചു മുളച്ചാൽ, ഭൂമിമേൽ ഒരു പച്ചപ്പട്ടു വിരിച്ചമാതിരിയാകുമല്ലോ ഘോഷാസമ്പ്രദായവും മററും വിട്ടു ഭാരതീയസ്ത്രീകൾ ഖദർനിർമ്മാണത്തിനും മററും തുനിയേണ്ടതിനെ വ്യഞ്ജിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ധാത്രീപ്രസാദാൽ പുനരെത്രയെത്ര
സിദ്ധിയ്ക്കുകില്ലഭ്യുദയം ക്രമാൽ തേ?
സ്വമാതൃസേവാവിധിതാൻ മഹത്താ-
സ്വർഗ്ഗത്തിലേയ്ക്കുള്ള വിമാനയാനം.' 16

ഈമാതിരിയ്ക്കുള്ള മനോരഥത്തി-
ലേറിക്കൃഷിക്കാരനവൻ ചരിയ്ക്കേ,
ക്ഷണാലതിൻ ഭാസുരമായിരുന്ന
മാർഗ്ഗത്തിലെല്ലാമിരുൾ വന്നുയർന്നു. 17

കയത്തുകൊണ്ടോടിയടുത്തു ചീറവും
കാററിൻെറ കല്ലേറു പൊറാഞ്ഞയാലേ
മേച്ചിൽപ്പുറം വിട്ടു കുതിയ്ക്കയായി,
വാനത്തവൻ കണ്ട 'കരിമ്പുറ'ങ്ങൾ. 18

പ്രാരംഭമൊന്നും ഫലിയാതെ ജന്മം
പാഴായ്ക്കലാശിച്ച വലാഹകങ്ങൾ

---

16. ധാത്രീപ്രസാദാൽ=ഭൂമിയുടെ(അമ്മയുടെ)പ്രസാദത്താൽ തേ=നിനക്ക്, വിത്തിന്ന്. സ്വമാതൃസേവാവിധി=തൻെറ അമ്മയെ സേവിയ്ക്കൽ. യാനം=വാഹനം.

17. മനോരഥം=മനോരാജ്യം. മനസ്സാകുന്ന തേരെന്നും. അതിൻ—മനോരഥത്തിൻെറ. ഭാസുരം=പ്രകാശിയ്ക്കുന്ന, സുഖകരമായ. മനോരാജ്യം തുടൻപോകവേ. ദുഃഖത്തിന്നുള്ള കാരണം വന്നനേരം ഇരുട്ടിത്തുടങ്ങിയതും ധ്വനിയ്ക്കുന്നു.

18. കാററിൻെറ കല്ലേറു—കാററിൻെറ വേഗമെന്നർത്ഥം. അവൻ കണ്ട കരിമ്പുറങ്ങൾ=പോത്തുകൾ—9-ാം പദ്യം നോക്കുക.

Digitized By Kerala Sahitya Akademi

ഏഴെട്ടു ബാഷ്പോദകബിന്ദു മന്നിൽ
വീഴിച്ചുടൻ പോയിമറഞ്ഞിതെങ്ങോ! 19

കലച്ചു പുത്തൻനവരത്നവില്ലു-
മേന്തിപ്പുറപ്പെട്ട കരുത്തർപോലും;
ശരം വിടാനിങ്ങിട കിട്ടിടാതെ
തോല്ക്കുന്നു ഹാ, ജീവിതസംഗരത്തിൽ! 20

തൻമേനി കാട്ടാൻ തടവററമൂലം
താരങ്ങളേ നിങ്ങൾ ചിരിച്ചിടുന്നു:
ദരിദ്രർതൻ ജീവനഭംഗദുഃഖം
ഗണിക്കുമോ തുംഗപദസ്ഥർ നിങ്ങൾ? 21

ഈ വണ്ണമായ് പ്രകൃതിദേവി പെരുത്തു തങ്ക-
നാണ്യം പരത്തിയ നഭസ്ഥലിതൻചുവട്ടിൽ
ഹാ കഷ്ട,മെത്ര ജനമുണ്ടൊരു ചെമ്പുതുട്ടും
കാണാതെ പട്ടിണികിടന്നു പുലന്നിടുന്നു! 22

---

19. വലാഹകം=മേഘം. ബാഷ്പോദകബിന്ദു=കണ്ണുനീർത്തുള്ളി. മേഘങ്ങൾ തെല്ലു മഴ ചാറി പോയ്മറഞ്ഞു. അതിനെ, അവരുടെ ഉദ്ദേശം (മഴ പെയ്യൽ) സാധിക്കാഞ്ഞതിനാലുണ്ടായ കണ്ണുനീർത്തുള്ളിയായുൽപ്രേക്ഷിക്കുന്നു.

20, നവരത്നവില്ല്=നവരത്നങ്ങൾ പതിച്ച വില്ല്, മഴവില്ല് ശരം=അമ്പ്, വെള്ളം. സംഗരം=യുദ്ധം.

21. മേനി=ശരീരം, മേന്മ, എന്നും. കാറു നീങ്ങിയപ്പോൾ കാണായ നക്ഷത്രങ്ങളുടെ പ്രകാശത്തെ ചിരിയായുൽപ്രേക്ഷിക്കുന്നു. ജീവന....ദുഃഖം=ജീവനം(ജീവിതോപകരണം, വെള്ളമെന്നും)നശിച്ചതിലുള്ളദുഃഖം. തുംഗപദസ്ഥർ=ഉയന്ന പദവിയിലിരിക്കുന്നവർ.

22. നക്ഷത്രങ്ങളെ തങ്കനാണ്യമായി അധ്യവസായം ചെയ്യുന്നു. നഭസ്ഥലി=വാനിടം.

Digitized By Kerala Sahitya Akademi

5. കുടിയാന്മാരുടെ പ്രാർത്ഥന.

(കേക)

മാതാവേ മഹീദേവി,
    മംഗളം വായ്പൂതാക!
ഭൂതധാത്രിയാമങ്ങേ-
    യ്ക്കസംഖ്യം നമസ്കാരം! 1

രക്ഷിപ്പൂ ഭവതിതാൻ
    ചേതനങ്ങളെയെല്ലാം;
ലക്ഷ്മിയാം ഭഗവതി
    നിൻവശംവദയല്ലോ
പൂമാതിൻ കരം കോർത്തു-
    പിടിയ്ക്കും തൃക്കൈകളാൽ
പ്രേമമോടിയ്ക്കുള്ളോരെ-
    യൊന്നനുഗ്രഹിച്ചാലും! 2

---

1. ഭൂതധാത്രി=ജീവജാലങ്ങളുടെ പോററമ്മ (ഭൂമി).

2. ചേതനങ്ങൾ=ജീവികൾ. വശംവദ=സ്വാധീന. 'പൂമാതിൻ........തൃക്കൈകളാൽ'—അവ്വണ്ണമുള്ള കൈകളെക്കൊണ്ടനുഗ്രഹിച്ചാൽമതി, ഞങ്ങൾക്ക സമ്പത്തുണ്ടാകുവാൻ എന്നു വ്യഞ്ജിയ്ക്കുന്നു. ലക്ഷ്മിയും ഭൂമിയും വിഷ്ണുവിൻെറ ഭാര്യമാരാണെന്നു പ്രസിദ്ധം.

Digitized By Kerala Sahitya Akademi

മേരുമാമല താൻതാൻ
    മേല്ക്കുമേൽക്കറന്നിട്ടും,
വാരുററ ഹിമാചല-
    മാവോളം നുകന്നിട്ടും.
തെല്ലുമേ കുറഞ്ഞിട്ടി-
    ല്ലാത്ത നിൻനറുംപാൽകൊ-

---

3. പണ്ടു വേനൻ എന്ന ദുഷ്ടരാജാവിനെ, അയാളുടെ ഉപദ്രവത്താൽ പൊറുതിമുട്ടിയ മഹഷിമാർ ശപിച്ചു വധിച്ചതിന്നു ശേഷം, അയാളുടെ മാതാവു സൂക്ഷിച്ച ആ ശവത്തിൻെറ കൈകൾ കടഞ്ഞപ്പോൾ അതിൽനിന്നു ലോകരക്ഷയ്ക്കുവേണ്ടി മഹാവിഷ്ണു മനുഷ്യനായവതരിച്ചു. 'പൃഥു' എന്നു പേരായ അദ്ദേഹം രാജാവായപ്പോൾ, ദാരിദ്ര്യാഭിഭൂതരായപ്രജകൾ തുടരെത്തുടരെ അദ്ദേഹത്തിൻെറ അരികെ വന്ന് അന്നം യാചിച്ചുതുടങ്ങി. അവക്ക് അന്നം കൊടുപ്പാനായി അദ്ദേഹം ഭൂമിയോടാജ്ഞാപിച്ചു. അധമ്മിഷ്ഠമായ ലോകത്തിന്ന് അന്നം കൊടുക്കുകയില്ലെന്നു തീച്ച്യാക്കി ആദ്യം ഭൂമി പശുരൂപമെടുത്ത് ഓടിപ്പോയെങ്കിലും, സകോപം പിന്തുടന്നു ചെന്ന രാജാവു 'ധമ്മത്തെപ്പാലിച്ചുകൊള്ളാ'മെന്നു വാഗ്ദാനം ചെയ്തപ്പോൾ, ഭൂമി വഴിപ്പെട്ടു. അന്നു പൃഥുവിൻെറ ആജ്ഞയനുസരിച്ചു, ദേവന്മാർ, അസുരന്മാർ മനുഷ്യർ തുടങ്ങിയ ഓരോ സമുദായവും സ്വജാതിമുഖ്യനെ കന്നുകുട്ടിയാക്കി ഭൂമിയിൽനിന്നു വേണ്ടതെല്ലാം കറന്നെടുത്തു. എല്ലാ സാധനങ്ങളും പാലായിട്ടാണ് വന്നിരുന്നത്. (താഃ ക്ഷീരപരിണാമിനീഃ എന്നു വിഷ്ണുപുരാണം) അന്നു കന്നുകുട്ടി ഹിമവാനും, കറവുകാരൻ മഹാമേരുവുമായിരുന്നു. ഈ അംശമാണ്, ഈ ഖണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഗോരൂപിണി=പശുരൂപമെടുത്തവൾ, 'വിണ്ണോരും പുലരു

Digitized By Kerala Sahitya Akademi

ണ്ടല്ലയോ, ഗോരൂപിണി,
    വിണ്ണോരും പുലരുന്നു? 3

പുത്രർതൻ നന്മയ്ക്കായെ-
    ന്തത്തലും സഹിക്കുവാ-
നിത്യം കനിവാൎന്ന
    മറെറാരു മാതാവുണ്ടോ?
എത്ര സൽഗ്ഗുണരത്ന-
    ഗ്രാമമുണ്ടിവിടുത്തെ-
യത്യഗാധമാം ഹൃത്തി-
    ന്നടിയിൽക്കിടക്കുന്നു! 4

ചിന്തിതഫലമെല്ലാ-
    മേകുവാൻ കഴിവുള്ള
നിന്തിരുവടിയല്പം
    പ്രസാദിച്ചരുളുകിൽ

ന്നു'=ഭൂമിയിൽ യാഗാദികൎമ്മങ്ങൾ ചെയ്തെങ്കിലേ ദേവകൾക്കാഹാരമുള്ളു എന്നു പ്രസിദ്ധം.

4. സൽഗ്ഗുണരത്നഗ്രാമം=നല്ല ഗുണങ്ങളാകുന്ന, അഥവാ നല്ല ഗുണങ്ങളുള്ള രത്നങ്ങളുടെ സമൂഹം. ഹൃത്ത്=ഹൃദയം—ഭൂമിയുടെ അന്തൎഭാഗം. ഭൂമി 'സൎവ്വംസഹയും' (=എല്ലാം സഹിക്കുന്നവൾ), രത്നഗൎഭയും (=ഉള്ളിൽ രത്നങ്ങളുള്ളവൾ) ആണല്ലോ.

5. ചിന്തിതഫലമെല്ലാം=ആഗ്രഹിച്ച ഫലം (കായ്) എല്ലാം. 'പാഴ്മരം......കൊടി'—പാഴ്മരംപോലും പച്ചപിടിക്കുന്നതിനെയും, നെല്ല് തുടങ്ങിയവ വിളവാകുന്നതിനെയും പരാമൎശി

Digitized By Kerala Sahitya Akademi

പാഴ്മരം മരകത-
ച്ചെണ്ടുകൾ ചൂടീടുന്നു;
കോമളത്തങ്കത്തണ്ടായ്
മാറുന്നു, പുല്ലിൻകൊടി! 5

ഇങ്ങതിബലഹീന-
രാകിലും ഭക്തന്മാരാം
ഞങ്ങളെയൊരുനാളു-
മങ്ങു കൈവെടിയൊല്ലേ.
ധന്യരാകട്ടേ ചിലർ,
ദീനരാകട്ടേ ചിലർ,
തന്നിലുണ്ടായോരെല്ലാം
തായയ്ക്കു കിടാങ്ങൾതാൻ:
രണ്ടുകുട്ടികൾക്കുമൊരു-
പോലവേ മാതാവന്പുകൾ-
ക്കൊണ്ടു തൻതിരുമടി
വീതിച്ചുകൊടുക്കുന്നു. 6

വേലയിൽ ക്ഷീണിയ്ക്കവേ
കിതപ്പുകൾക്കൊള്ളും നെഞ്ചാം

യ്ക്കുന്നു. അവിടുത്തെ പ്രസാദത്താൽ എളിയവരും വലിയവരായി ത്തീരും.

6. അതിബലഹീനർ=എത്രയും ശക്തിയില്ലാത്തവർ.

7. താലവൃന്തം=വിശറി. ശ്രമജലശീകരങ്ങൾ=വിയപ്പുതു ള്ളികൾ. ഞങ്ങൾക്കു ഞങ്ങളുടെ പ്രയത്നശീലമായ ശരീരമല്ലാതെ

Digitized By Kerala Sahitya Akademi

താലവൃന്തത്താലമ്മേ,
നിന്മെയ്യിൽ വീശിടാനും,
അപ്പപ്പോൾ ശ്രമജല-
ശീകരങ്ങളെക്കൊണ്ടു
തൃപ്പദപീഠത്തിന്മേൽ
പുഷ്പങ്ങൾ പൊഴിപ്പാനും
ഞങ്ങൾക്കു ഭവിയ്ക്കരു-
തെന്നൊന്നുമൊരു വിഘ്ന-
മങ്ങയിൽ സ്വജീവിതം
സമർപ്പിച്ചവർ ഞങ്ങൾ! 7

വേറെയൊന്നും അങ്ങയെപ്പൂജിപ്പാനില്ല: എങ്കിലും അങ്ങയെപ്പൂജിപ്പാനിച്ഛിക്കുന്നവരും അങ്ങയിൽ ജീവിതം അർപ്പിച്ചവരും പുത്രന്മാരുമായ ഞങ്ങൾക്ക് അങ്ങയുടെ മടിയിൽനിന്ന് 'ഒഴിഞ്ഞുപോകുവാൻ' ഇടവരരുതെന്നു പ്രാർത്ഥന.

Digitized By Kerala Sahitya Akademi

6. തിരൂർ–പൊന്നാനിപ്പുഴ.

തിരൂരിൽനിന്നിപ്പുഴ നാലുകാതം
നീണ്ടും, പലേടം ബഹുധാ വളഞ്ഞും,
കാട്ടിൽപ്പെരുംപാമ്പിഴയുന്ന മട്ടു
കാണിച്ചു, തെക്കോട്ടൊഴുകുന്നു മന്ദം. 1

പൊന്നാനിയിൽച്ചെന്നു നദീവതംസ–
പ്പൊന്നായ സാക്ഷാൽ നിളയോടിണങ്ങി,
ഈയുപ്പുവെള്ളപ്പുഴ വിശ്രമാർത്ഥം
പൂകുന്നു, പൂർവ്വേതരസാഗരത്തിൽ. 2

കാണാമൊരാകാശചരന്നിതിങ്ങൊ–
രാപാണ്ഡുരച്ചേല വിരിച്ചപോലെ;
വക്കത്തനേകം ചെടി, പച്ചനാട
തുന്നിപ്പിടിപ്പിച്ചതിനൊപ്പമായും. 3

---

1. ബഹുധാ=പലമാതിരി.

2. നദീവതംസപ്പൊന്ന്=നദികൾ ശിരസ്സിലണിയുന്ന സ്വർണ്ണാഭരണം—നദികളിൽവെച്ചു ശ്രേഷ്ഠ. നിള=പേരാർ. പൂർവ്വേതരസാഗരം=പടിഞ്ഞാറെ(അറബി)ക്കടൽ ഹീനന്മാർക്കുപോലും സൽസംഗംകൊണ്ടുണ്ടാവുന്ന നന്മ സൂചിപ്പിയ്ക്കുന്നു.

3. ആകാശചരൻ=ആകാശത്തിലൂടെ നടക്കുന്നവൻ. ഇത്=പുഴ. ആപാണ്ഡുരച്ചേല=കുട്ട വെളുത്ത വസ്ത്രം.

Digitized By Kerala Sahitya Akademi

കരയ്ക്കു നില്ക്കുന്നൊാതളങ്ങൾതന്മേൽ–
നിന്നാറുവീണീടുമുരുണ്ട കായ്കൾ
ഇതിൻതിരക്കൈകളിലുല്ലസിപ്പൂ,
പച്ചക്കളിപ്പന്തുകളെന്നപോലെ. 4

പലേതരം പാഴ്ച്ചെടികൾക്കു മധ്യേ
നിന്നീടുമിക്കൈതകൾതൻ മലക്കം
സുഗന്ധവർണ്ണാദിഗുണങ്ങളേതാ–
ണ്ടുണ്ടെ:–ങ്ങു മായുന്നു കുലപ്രഭാവം? 5

പച്ചപ്പുതപ്പട്ടകളഗ്രസീമ്നി
ചുഴന്നെഴും തെങ്ങുകൾ ഭംഗിയോടേ
നില്പൂ,ണ്ടിതിൻവക്കിനു, കേരളശ്രീ–
മാതിൻെറ പീലിക്കുടകൾക്കു തുല്യം. 6

ചുരുക്കമിക്കേരനിരയ്ക്കു പൊക്കം;
നിലത്തുനിന്നാൽ മതി കായ് പറിപ്പാൻ;
പരാത്ഥമായ്ത്താൻ ഫലസത്സമൃദ്ധി–
യേന്തുന്നവർക്കെന്തിനുയർച്ച വേറേ? 7

---

5. പായക്കൈതയാണ്, പൊൻകൈതയല്ല ഇത് കലീനന്മാർ നികൃഷ്ടന്മാരുടെ ഇടയിൽപ്പെട്ടാലും, അവരുടെ ഗുണങ്ങൾ തീരെ പോയ്പ്പോകയില്ല.

6. അഗ്രസീമ്നി=മേൽബ്ഭാഗത്ത്.

7. കേരനിര=തെങ്ങിൻകൂട്ടം പരാത്ഥം=അന്യർക്കുവേണ്ടി —അന്യർക്കുവേണ്ടി തങ്ങളുടെ സമ്പത്തെല്ലാം വിനിയോഗിക്കുന്നത് തന്നെ വലിയ ഉയർച്ച(മേന്മ)യാണല്ലോ.

Digitized By Kerala Sahitya Akademi

തണ്ണീരണിത്തോണ്ടകളായ തങ്ക-
ക്കുടങ്ങളാലിച്ചെറുതെങ്ങിനങ്ങൾ
തരംഗിണീറാണി, തവാഭിഷേക-
ക്രിയയ്ക്കു ഭാവിയ്ക്കുകയായിരിയ്ക്കാം! 8

ഇതാ, കിഴക്കേക്കരമേൽപ്പുറമ്പൊ-
ന്നൊരാലയത്തിൻതറയൊത്തു കാണ്മൂ—
മറെറന്തിതിൻനേർക്കു നമസ്കരിയ്ക്കു
സാഷ്ടാംഗമായ് നീ മലയാളഭാഷേ! 9

ആ മുക്കവപ്പാഴ്ക്കുടിലിങ്കൽനിന്നു
സഞ്ജാത'മഞ്ചാംമറ'യെങ്ങുനിന്നോ
കരസ്ഥമായ് കൈരളിയാൾക്കു പണ്ട-
ച്ചക്കാലവീടിൻ തറയാണിതത്രേ. 10

നിരന്തരം തത്ത്വനിരൂപണങ്ങൾ
നടന്നതാമിഗ്ഗുരുമന്ദിരത്തിൽ,
വെറുംകളിപ്പൈങ്കിളിപോലുമെത്ര
വേദാന്തസിദ്ധാന്തമെടുത്തു പാടീ! 11

---

8. തരംഗിണി=പുഴ.

10. സഞ്ജാതം=ഉണ്ടായ. നാം നികൃഷ്ടമായ് വിചാരിയ്ക്കുന്ന സ്ഥലങ്ങളിൽനിന്നാണ്, പലപ്പോഴും ലോകത്തിന്നു നന്മയുണ്ടാകുന്നതെന്നു വ്യംഗ്യം.

11. ചിന്താരത്നം തുടങ്ങിയ വേദാന്തസിദ്ധാന്തപ്രതിപാദകങ്ങളായ എഴുത്തച്ഛൻെറ കൃതികളെല്ലാം 'കിളിപ്പാട്ടാ'ണല്ലോ.

Digitized By Kerala Sahitya Akademi

പണ്ടത്ര കൂത്താടിയ വാണിമാതിൻ
പദാബ്‌ജലാക്ഷാവളമേല്ക്കയാലോ,
വിശുദ്ധമാകുന്നിവിടത്തെ മണ്ണു
വിദ്യക്കൃഷിക്കിന്നുമതീവ മുഖ്യം! 12

കവീന്ദ്രനാരായണഭട്ടപാദ–
രാലും സമാരാധിതനേത്തു ശൂദ്രൻ,
ആ നാട്ടെഴുത്തച്ഛനു ജന്മഭൂവാം
‘തുഞ്ചൻപറമ്പേ,’ വിജയിക്ക, മേന്മേൽ। 13

പുഷ്പാപദേശത്തൊ,ടടിക്കുരിപ്പൊൻ–
പൂച്ചുള്ള വെള്ളിച്ചഷകങ്ങളേന്തി,

---

12. അത്ര=അപ്രകാരം. പദാ........ളം=കാൽത്തണ്ടാരിലണിഞ്ഞ അരക്കുചാറാകുന്ന വളം. തുഞ്ചൻപറമ്പിലെ മണ്ണു് കുറെച്ചുകന്നതാണെന്ന സംഗതി ഓർക്കുക. അതീവ=ഏററവും. തുഞ്ചൻപറമ്പിലെ മണ്ണു് ഇന്നും കുട്ടികളെ ‘എഴുത്തിനു വെയ്ക്കുവാൻ’ ഉപയോഗിക്കുക പതിവുണ്ടു്.

13. സമാരാധിതൻ=പൂജിക്കപ്പെട്ടവൻ. ആലത്തൂർഗ്രാമത്തിലുൾപ്പെട്ടതാകുന്നു തുഞ്ചൻപറമ്പും, മേല്പത്തൂർ ഭട്ടതിരിപ്പാട്ടിലെ ജന്മസ്ഥലമായ ചന്ദനക്കാവും. എഴുത്തച്ഛന്റെ നേർക്കു ഭട്ടതിരിപ്പാട്ടിലെയ്ക്കു വലിയ ബഹുമാനവുമുണ്ടായിരുന്നു.

14. പുഷ്പാപദേശം=പുഷ്പങ്ങളാണെന്ന വ്യാജം. ചഷകം=പാനപാത്രം. അപേയം=കുടിക്കുവാൻ കൊള്ളരുതാത്ത. ഈ വൃക്ഷങ്ങളെ ‘കുങ്കുമം’ എന്നും പറയാറുണ്ടു്; അതിനാൽ ‘നില്ക്കുന്നിതു കുങ്കുമങ്ങൾ’ എന്നും പഠിക്കാം. അപേയമായ പുഴയുടെ അടുക്കൽ

Digitized By Kerala Sahitya Akademi

അപേയമാമിപ്പുഴതന്നടുക്ക–
ലാഹന്ത, നില്പുണ്ടലരിദ്രുമങ്ങൾ. 14

നദിമണേ, നിൻപടുനീർകുടിപ്പാൻ
നന്നല്ലയെന്നാകിലുമെന്തു ദോഷം?
നരക്കു താപം സകലം കെടുപ്പാൻ
നിൻതൈക്കുളിർക്കാററിതു പോരുമല്ലോ. 15

തടച്ചെടിക്കൂട്ടമുലച്ചുകൊണ്ടു
തത്തിക്കളിപ്പു ചെറുതെന്നൽ നിന്നിൽ;
നീ വെൺനുരപ്പുഞ്ചിരി പൂണ്ടു നാനാ–
ഗാനങ്ങൾ മൂളുന്നു മൃദൂർമ്മിനാദാൽ. 16

നൃശംസയാദസ്സുകളുണ്ടസംഖ്യ;–
മെന്നാലുമിസ്സിന്ധുവിലേറെനേരം
മുങ്ങിക്കിടപ്പൂ ചിലർ മീൻ പിടിപ്പാൻ:
ദാരിദ്ര്യഭൂതത്തിനു ഭീതിയുണ്ടോ? 17

പാത്രവുമേന്തിനില്ക്കുന്നതു വിസ്മിതമല്ലേ എന്നു സൂചിപ്പിക്കുന്നു, ‘ആഹന്ത’ എന്ന പാഠം.

15. പക്ഷേ, അതുകൊണ്ട് ഇപ്പുഴയ്ക്കു യാതൊരപകർഷവുമില്ലെന്നു പറയുന്നു: പടുനീർ=ഉപ്പുവെള്ളം

16. തടം=കര. മൃദൂർമ്മിനാദാൽ=മൃദുവായ ഓളങ്ങളുടെ ശബ്ദംകൊണ്ട്. കുട്ടിയെ കളിപ്പിക്കുന്ന ഒരു മാതാവിൻെറ പ്രതീതി.

17. നൃശംസയാദസ്സുകൾ=ക്രൂരങ്ങളായ ജലജന്തുക്കൾ. ദാരിദ്ര്യഭൂതം—ഈ രൂപകം, മനുഷ്യരെ ബാധിച്ചുപദ്രവിക്കുന്ന ദാരിദ്ര്യത്തിൻെറ ക്രൂരതയെക്കൂടി വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

പൊതുമ്പുതോണിക്കുശവിഷ്ടരത്തി-
ലകമ്പരായ് വാണിവർ മൌനിമട്ടിൽ
സമാധികൊള്ളുന്നതു,മച്യുതൻത-
ന്നാദ്യാവതാരഗ്രഹണത്തിനത്രേ! 18

കാലേ പഴംകഞ്ഞി കുറേക്കുടിച്ചു,
കയ്യിൽപ്പണിക്കോപ്പുകളോടുകൂടി,
ദരിദ്രവർഗ്ഗം ചകിരിപ്പണിക്കും
മാറും തുനിഞ്ഞെത്തു,മിതിൻതടത്തിൽ. 19

സാധുക്കളിക്കൂട്ടർ വിശപ്പടക്കാൻ
നട്ടെല്ലു പൊട്ടുംപടി വേലചെയ്വൂ;
അതിൻ മഹത്താം ഫലമോ, പണക്കാ-
ർക്കു:-ഹോ, നരൻതൻ സമസൃഷ്ടമൈത്രി! 20

ധനാഢ്യരേ, ധർമ്മവഴിക്കു നിങ്ങൾ
കാണിക്കവെയ്ക്കും തനിമുത്തിനേക്കാൾ,
കൂലിപ്പണിക്കാരിവർതൻ വിയർപ്പു-
നീർത്തുള്ളിയാണിശ്വരനേറെയിഷ്ടം! 21

---

18. കുശവിഷ്ടരം=ദർഭപ്പുൽകൊണ്ടുള്ള പീഠം (ഋഷിമാർക്കും മററും ഇരിക്കുവാനുള്ളത്). അകമ്പർ=ഇളക്കമില്ലാത്തവർ. മൌനിമട്ടിൽ=മിണ്ടാതെ. സമാധികൊള്ളുക=വിചാരിക്കുക, ധ്യാനിക്കുക എന്നും: അച്യുതൻ...... ണം=വിഷ്ണുവിൻെറ ഒന്നാമത്തെ അവതാരത്തെ (മത്സ്യത്തെ) ഗ്രഹിക്കൽ (പിടിക്കൽ, അറിയൽ).

20. സമസൃഷ്ടമൈത്രി=സമസൃഷ്ടികളിലുള്ള സ്നേഹം.

21. ധനാഢ്യർ=വലിയ പണക്കാർ. ധർമ്മവഴിക്കു=ധർമ്മമനുസരിച്ച്. ധനാഢ്യരുടെ ആ ത്യാഗം ഒരു ത്യാഗമല്ല; ഇവരുടേതോ, തികഞ്ഞ കർമ്മയോഗം.

Digitized By Kerala Sahitya Akademi

ക്ഷണേന മായും വലുതാം വഴിച്ചാ-
ലൊന്നിസ്സരിത്തിൻ നടുവിൽപ്പെടുത്തി,
യന്ത്രങ്ങൾതൻ ഫൂൽക്കൃതിയും മുഴക്കി
നവാഗ്നിപോതങ്ങൾ ജവാൽഗ്ഗമിയ്ക്കേ, 22

കേവഞ്ചിയൂന്നി സ്വഗൃഹം പുലർത്തും
തീരസ്ഥരാം വേട്ടുവർതൻ വധൂക്കൾ
പകച്ചുനോക്കുന്നു, കടാക്ഷശാസ്ത്ര-
പ്പഠിപ്പു നേടാത്ത വിടർന്ന കണ്ണാൽ. 23
(യുഗ്മകം)

കള്ളിൻെറ മത്തിൽത്തലകാഞ്ഞ തോണി-
ക്കാരിങ്ങു പാടുന്നൊരിഴഞ്ഞ ഗാനം
രാവിൻെറ നിശ്ശബ്ദതയിൽത്തെളിഞ്ഞു
കേൾക്കാമയൽക്കാർക്കൊരുറക്കുപാട്ടായ്. 24

'വെട്ടം' നൃപന്മാരനിശം ഭജിച്ച
തദീയവംശേശ്വരി ഭദ്രകാളി
ഇസ്സിന്ധുവിൻഭംഗികൾ കാണുവാനോ,
സദാ കിഴക്കോട്ടു തിരിഞ്ഞിരിപ്പൂ! 25

---

22. 23. ഫൂൽക്കൃതി='ഫൂ ഫൂ' എന്ന ശബ്ദം. നവാഗ്നിപോതം=പുതുതായേർപ്പെടുത്തിയ തീബോട്ട്. ജവാൽ=വേഗത്തിൽ. കടാക്ഷശാസ്ത്രപ്പഠിപ്പ്—ശൃംഗാരചേഷ്ടകൾ അഭിനയിപ്പാനുള്ള പരിചയം. അവർ ആശ്ചര്യംകൊണ്ടാണ് നോക്കുന്നതെങ്കിലും, തങ്ങളുടെ ജീവിതോപായത്തിന്ന് ഒരു ഹാനി തട്ടിയതിലുള്ള വ്യസനങ്ങളുടെ അതിൽ അന്തർഭവിച്ചിട്ടുണ്ട്.

25. വെട്ടത്തു ഭഗവതി ഇപ്പുഴയുടെ പടിഞ്ഞാറേക്കരമേൽ കിഴക്കോട്ടു തിരിഞ്ഞിരുന്നരുളുന്നു. തദീ...ശ്വരീ=അവരുടെ കുലദേവത.

Digitized By Kerala Sahitya Akademi

ഉയച്ചയാൽക്കുന്നുകളുള്ളിനൊക്ക-
മാഴത്തിനാലാഴികളാ നൃപന്മാർ
കുന്നാഴിനാഥന്നടിമപ്പെടാതേ
സ്വതന്ത്രരായ് വാണവരാണു നിണ്ണാൾ. 26

ഹാ, വേലിയേററങ്ങളിലാഴിവീചി-
ക്കൈ നീട്ടി നിന്നെപ്പുണരുന്നനേരം
മെലിച്ചിൽ വിട്ടെത്ര പുളച്ചിടുന്നു
നദി, പ്രിയസ്പശ്സുഖാൽ ത്വദംഗം! 27

സ്ഫുരിച്ചുകൊള്ളട്ടെ, വിശുദ്ധതോയം
വഹിച്ചുകൊണ്ടന്യനദീശതങ്ങൾ;

---

26. കുന്നാഴിനാഥൻ=സാമൂതിരി. സാമൂതിരി കുന്ന്+ആഴി+നാഥനാണെങ്കിലും, ഉയച്ചകൊണ്ടു കുന്നുകളും (പവ്വതംപോലെ അത്യുന്നതന്മാരും) മനസ്സിന്റെ ആഴംനിമിത്തം ആഴികളും (സമുദ്രംപോലെ അഗാധഹൃദയന്മാരും) ആയ വെട്ടം നൃപന്മാക്ക് നാഥനാവാൻ (അവരെ കീഴൊതുക്കുവാൻ) ശക്തനായില്ല. ഇതിന്നു കാരണമോ, അവർ കുന്നുകളും (ഉന്നതന്മാരും) ആഴികളും (അഗാധഹൃദയന്മാരും) ആയതുതന്നെ എന്നുള്ളതു് ആശ്ചയ്യം തന്നെ.

27. വീചി=തിര. പ്രിയസ്പശ്സുഖാൽ=ഭത്താവിന്റെ (സമുദ്രത്തിന്റെ) സ്പശ്ത്താലുണ്ടായ ആനന്ദംനിമിത്തം. ത്വദംഗം=നിന്റെ ശരീരം. വേലിയേററത്തിൽ അടുത്ത നദികളിലും ഏററമുണ്ടാകുമല്ലോ.

28. തോയം=വെള്ളം. അന്യനദീശതങ്ങൾ=വേറെ വളരെ

Digitized By Kerala Sahitya Akademi

ഉന്നിദ്രലാവണ്യമിയന്ന നീതാ-
ന്നപ്പാളുമാഴിയ്ക്കനരൂപപതി. 28

നിൻനീരിൽ മേവും ചില സൂക്ഷ്മരൂപ-
ജന്തുക്കളെങ്ങിങ്ങിളകിത്തിളങ്ങി,
നാഥാന്തികേ പോമവളായ നിങ്കൽ-
പ്പൊൻകോപ്പു ചാർത്തുന്നിതു രാത്രിതോറും! 29

ദൂരാലണഞ്ഞീടിന നിന്നെ മാന്യേ,
പേരാറൊരോമൽസ്സഖിയെന്നപോലെ
അത്യാദരാൽ കൈക്കപിടിച്ചു ഭർത്താ-
വാകും സമുദ്രത്തൊടു ചേർത്തിടുന്നു. 30

മേന്മപ്പെരുംകൊതിയരാം നരർ നിന്നു തമ്മിൽ-
ത്തല്ലട്ടെ; നിളെ വിജയക്കൊടി നാട്ടിടട്ടെ,
നീ നിത്യപൂർണ്ണവുമമേയവുമായ് വിളങ്ങു-
മാ പ്രാപ്യമാം പദമണഞ്ഞു രമിയ്ക്ക ഭദ്രേ! 31

നദികാം. ഉന്നിദ്രലാവണ്യം=മുതിർന്ന ലാവണ്യം (ഉപ്പുരസം, സൌന്ദര്യമെന്നും.)

29. നാഥാന്തികേ=ഭർത്തൃസമീപത്തിൽ. ഉപ്പുവെള്ളത്തിൽ ജീവിയ്ക്കുന്ന ചില ചെറുജന്തുക്കാം രാത്രിയിൽ മിന്നിത്തിളങ്ങുന്നതു കാണാം.

30. ദൂരാൽ=ദൂരത്തുനിന്ന്. പേരാറ്-നിള. സപത്നീമത്സരത്തിന്നവകാശമുണ്ടായിരിയ്ക്കെ നിള ഒരോമൽസ്സഖിയെന്നപോലെ നിന്നോടു പെരുമാറുന്നതു നിൻെറ മാന്യതകൊണ്ടുതന്നെ!

31. കഴിഞ്ഞ പദ്യത്തിൽ സൂചിപ്പിച്ച സൌഹാർദ്ദംവഴിയായി ലോകത്തിൽ കാണുന്ന തമ്മിൽത്തല്ലിനെ ഓർത്തു പറയുന്നു: നിത്യപൂർണ്ണം=എന്നും നിറഞ്ഞിരിയ്ക്കുന്നത്. അമേയം=ഇത്രയെന്നു കണക്കാക്കാൻ കഴിയാത്തത്. പദം=സ്ഥാനം (സമുദ്രം). പരമമായ സ്ഥാനത്തിങ്കലേയ്ക്കു പോകുന്നവക്ക് തമ്മിൽത്തല്ലാനും മററും ഇടയില്ലല്ലോ.

Digitized By Kerala Sahitya Akademi

7. അത്യാഹിതം

കണ്ണീരിലൊഴുകിപ്പോ-
കാത്തൊരു ദുഃഖമിതി—
പ്പുണ്ണിനു മരുന്നില്ലീ,-
യല്ലിനില്ലുഷഃകാലം:
ഹാ, കൈകളിതാ, നീട്ടീ
സംഹാരരുദ്രൻ സ്വൈരം
ലോകൈകമാന്യന്റെയും
ദേഹഭസ്മത്തിനായി! 1

ത്യാഗമേ ബാല്യംതൊട്ടു
ശീലിച്ചുശീലിച്ചാ, ത്മ-
ത്യാഗവും ചെയ്താനിന്ത്യ-
യ്ക്കേകനേതാവധീരൻ;
ആഗതമത്യാഹിതം!
കാമവർജ്ജിതകർമ്മ-

---

1. കുറെ കരഞ്ഞാൽ ദുഃഖത്തിനു തെല്ലു ശാന്തിവരാറുണ്ട്. ഈ ദുഃഖം അങ്ങിനെയുള്ളതല്ല. അല്ല്=ഇരുട്ട്, രാത്രി.

2. ആത്മത്യാഗം=മരണം. ആഗതമത്യാഹിതം=അത്യാപത്തു വന്നുപോയി. കാമവർജ്ജിതകർമ്മയോഗം=ഫലത്തിൽ ആഗ്രഹമില്ലാതെ കർമ്മം ചെയ്യലാകുന്ന യോഗം (മോക്ഷോപായം.) ഭഗവ

Digitized By Kerala Sahitya Akademi

യോഗമേ, തവ സ്ഥിതി
ഗീതയിൽമാത്രമിന്നി! 2

സ്വാതന്ത്ര്യലാഭോപായ-
ചിന്തയാൽ വിയർക്കവേ
മാതാവിൻ മുട്ടനെററി
മാജ്ജിതതിലകമായ്;
പെട്ടെന്നു സൌമംഗല്യ-
മുദ്രയോടയ്യോ, വേറു-
പെട്ട തന്തിരുമുഖ-
ത്തെങ്ങിനെ നോക്കും നമ്മാം? 3

കല്ലോലം കൊടുങ്കാററ-
ത്തിരമ്പി മറയുന്നു!
കപ്പലോ കടലിൻെറ
നേർനടുക്കുഴലുന്നു:
കർണ്ണധാരരിൽ മുഖ്യ-
നിദ്രശാന്തരത്തിൽത്താൻ

ഠ്ഗീതയിൽ പ്രതിപാദിയ്ക്കുന്ന നിഷ്കാമകർമ്മയോഗം ശരിയായനു ഷ്ഠിപ്പാൻ ഇനി ആരുമില്ലെന്നായി എന്നു സാരം.

3. സ്വാതന്ത്ര്യം............ന്ത=സ്വാതന്ത്ര്യം കിട്ടുവാനുള്ള ഉപായത്തെപ്പററി ആലോചിയ്ക്കൽ. മാജ്ജിതതിലകം=മാച്ചപ്പെട്ട പൊട്ടോടുകൂടിയത്. പരേതനായ 'തിലക'രോടുകൂടിയതെന്നും. സൌമംഗല്യമുദ്ര=നെടുമംഗല്യത്തെ സൂചിപ്പിയ്ക്കുന്ന അടയാളം—പൊട്ട്.

4. കല്ലോലം=വലിയ തിര. കർണ്ണധാരൻ=കപ്പിത്താൻ. ഇ

Digitized By Kerala Sahitya Akademi

കണ്ണടയ്ക്കണമെന്നോ
    കല്പിച്ചൂ ഹതവിധി! 4

സ്നേഹരാജസൂയാനു-
    ഷ്ഠാനത്താൽസ്സുകൃതിയ-
ദ്ദേഹമീ നാട്ടാർക്കെല്ലാം
    രാജരാജനായ് വാണു;
ഹേ ബാലഗംഗാധര-
    തിലക, സ്വാമിൻ, ചിരാ-
ലാബാലവൃദ്ധം ലോക-
    രങ്ങേയ്ക്കു വശംവദർ. 5

പൊൽത്തിരുമുടിചൂടാ-
    പ്പെരുമാളങ്ങുന്നന്ത്യ-
മെത്തയാക്കിയ ചിത-
    ത്തട്ടിലാളിന തിക്കും,

ഷിടെ ഭരണാധികൃതന്മാരെ തിരകളായും ഭാരതമഹാജനസഭയെ കപ്പലായും അധ്യവസായം ചെയ്തിരിക്കുന്നു.

5. രാജസൂയം=ചക്രവർത്തികൾക്കുമാത്രം ചെയ്യാവുന്ന ഒരുതരം യാഗം. രാജരാജൻ=ചക്രവർത്തി. തിലകരെ. 'തിലകമഹാരാജൻ' എന്നു പറയാറുണ്ടല്ലോ.

6. പൊൽ............മാരം=പൊൻകിരീടം വെയ്ക്കാത്ത ചക്രവർത്തി. തദ്വിയോഗോത്താപം=അവിടുത്തെ വേർപാടുനിമിത്തമുണ്ടായ വലിയ ദുഃഖം, ചൂടെന്നും. അപ്പൈതൽ—ഒരു കുട്ടി, വ്യസനം സഹിക്കായ്കയാൽ തിലകരെ ദഹിപ്പിക്കുന്ന അഗ്നിയിൽ

Digitized By Kerala Sahitya Akademi

ചുടലിയോഗോത്താപത്താൽ
വേകുമാറെപ്പെട്ടതല്ലോരു
പൂത്താനാം ഫുല്ലാശോക-
കുഞ്ജമായത്രേ തോന്നി! 6

കേസരി ചതിക്കൂട്ടിൽ-
പ്പെട്ടുപോകിലും,മൊരു
കേസരിതാനെന്നാര്യ-
കേസരി ഭവാൻ കാട്ടി:
അത്തുറുങ്കിലും തവ
ജ്ഞാനമാം തങ്കപ്പക്ഷി
വിസ്തൃതാകാശത്തിൽപ്പോ-
ലവിഘ്നം വിഹരിച്ചു. 7

ഇന്ത്യതൻ മുക്തിയ്ക്കുണ്ട-
നൽപ്പൂക്ക ബന്ധാഗാരം

ചാടാൻ തുടങ്ങിപ്പോൽ. ഫുല്ലാശോകകുഞ്ജം=പുഷ്പിച്ച അശോകവൃക്ഷക്കൂട്ടിൽ. അവനു ചുടലിയോഗോത്താപത്തെ അപേക്ഷിച്ചു ചിതയിലെ തീ എത്രയും സുഖകരമായിരുന്നു.

7. സിംഹം ചതിക്കൂട്ടിൽപ്പെട്ടുപോയാലും, അത്, അതിന്റെ അഭിമാനവും പൗരുഷവും കളയുകയില്ല. ആര്യകേസരി=ആര്യന്മാരിൽവെച്ചു സിംഹം. കേസരി എന്ന പേരിൽ ഒരു പത്രം തിലകർ നടത്തുകയുണ്ടായിട്ടുണ്ട്. 'അത്തുറുങ്കിലും.........വിഹരിച്ചു'—തിലകർ ജയിലിൽവെച്ചാണല്ലോ 'ഗീതാരഹസ്യ'മെഴുതിയത്.

Digitized By Kerala Sahitya Akademi

മന്ത്രദർശിയാമൊരു
    യോഗിതൻ ഗൃഹയായീ;
ധർമ്മരക്ഷണോദ്യോഗ-
    ദുഃഖമേ തവ സുഖം;-
മർമ്മയ്ക്കായ് മരിയ്ക്കൽതാൻ
    ജീവിതം തവ വിഭോ! 8

ആതങ്കലേശംകൂടാ-
    താനന്ദഭരിതനാ-
യാർഷഗാഥകൾ പാടി-
    ക്കൊണ്ടു തന്തിരുമേനി,
ആലയോദ്യാനത്തിലെ-
    യ്ക്കെന്നപോലത്രേ, പുന-
രാഗതിയില്ലാത്തേതോ
    ദിക്കിലെയ്ക്കെഴുന്നള്ളീ!
അല്ലെങ്കില,വിടുത്തെ
    നാട്ടിലെസ്സാമാന്യരു-

---

8. മുക്തി=മോക്ഷം, സ്വരാജ്യം. ബന്ധാഗാരം=ജയിൽ. മന്ത്രദർശി=മന്ത്രങ്ങളെ കണ്ടുപിടിച്ചവൻ. ധർമ്മ........ദുഃഖം=ധർമ്മത്തെ രക്ഷിപ്പാനായി ശ്രമിയ്ക്കുമ്പോഴുണ്ടാകാവുന്ന ദുഃഖം.

9. ആനന്ദഭരിതൻ=ആനന്ദം മുഴുത്തവൻ. ആർഷഗാഥകൾ=ഋഷികളുടെ പാട്ടുകൾ (ഉപനിഷത്തുക്കളും മററും.) തിലകരുടെ ചരമവാക്യകം, ഗീതോപനിഷത്തിലെ ഒരു പദ്യമായിരുന്നു. പുനരാഗതി=തിരിച്ചുവരവ്. 'അല്ലെങ്കിൽ........കാണേമാർ'—ഇന്ത്യ

Digitized By Kerala Sahitya Akademi

മന്തകപാശം കളി-
പ്പൊന്നുഴിഞ്ഞാലായ്ക്കാണ്മോർ! 9

സദ്ഗുരോ, ഭവാനുടെ-
യന്തിമശ്വാസത്തിൽനി-
ന്നുദ്ഗമിച്ചതും ദിവ്യ-
സൂക്തിസൌരഭമല്ലോ;
വീർപ്പിടുംമാതാവിനെ-
യപ്പോക്കിൽബ്ഭവാൻ ചൊല്ലി-
കേൾപ്പിച്ച 'യദാ യദാ-
ഹി'ത്യാദിഗീതാപദ്യം
ഞങ്ങളെസ്സമാശ്വസ്ത-
രാക്കട്ടെ! കൃതാത്മാവാ-
മങ്ങയ്ക്കു സുനിർവ്വാണ!-
മങ്ങയ്ക്കു സുനിർവ്വാണം!

യിലെ സാധാരണന്മാർപോലും മരണത്തെ ഭയപ്പെടുന്നവരല്ല, പ്രത്യുത അതിനെ ഇഷ്ടപ്പെടുന്നവരത്രേ.

10. ദിവ്യസൂക്തിസൌരഭം=ദിവ്യമായവാക്യത്തിന്റെ സൌരഭ്യം. സമാശ്വസ്തർ=സമാശ്വസിച്ചവർ. കൃതാത്മാവ്=വിദ്വാൻ. സുനിർവ്വാണം=മോക്ഷം. അവിടുന്നു നിർവ്വാണാവസരത്തിൽ പാടിയ 'യദാ യദാഹി'ത്യാദി ഗീതാപദ്യത്തിന്റെ അർത്ഥമനുസരിച്ച്, ഇനിയും തക്കസമയത്ത് ഇവിടെ അവതരിച്ചുകാണാമെന്നതാണ് ഞങ്ങൾക്ക് ആശ്വാസഹേതു.

Digitized By Kerala Sahitya Akademi

8. ഒരു സന്ധ്യാപ്രണാമം.

കോരിക്കൂട്ടിയ പാഴ്കരിയ്ക്കിടയിലെ-
        ത്തിക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
        പൊൻതാമരപ്പുഷ്പമോ,
മാരിക്കാറണി ചൂഴുമിന്ദുകലയോ
        ബാലേ, മനോജ്ഞാംഗിയാ-
ളാരി, ക്കാണ്മൊരിരുണ്ട കൊച്ചുപുരതൻ
        കോലായിൽ നില്ക്കുന്നവൾ? 1

ഏങ്ങോജസ്സു തെളിഞ്ഞ വിഗ്രഹമിതി?-
        പ്പാവപ്പെട്ടും മാടമൊ-
ന്നോങ്ങോ? ഹാ, വിധി വല്ല ചേക്കുഴിയിലും
        പൂഴ്ത്തുന്നു രത്നങ്ങളെ;

---

1. പൂരിച്ച=നിറഞ്ഞ. ഇതിലെ മാലോപമകൊണ്ട് അവളുടെ അതാതുഗുണങ്ങൾ വ്യഞ്ജിക്കുന്നതു നോക്കുക. ഈ കൃതിയിൽ 3, 6, 8, 10, 11 എന്നീ പദ്യങ്ങളിൽ നിസ്കാര(നമസ്കാര)വിധിയെ ക്രമത്തിൽ വിവരിക്കുന്നു.

2. സ്ഫുരൽ=ഇളകുന്ന. സൂര്യന്റെ കിരണങ്ങൾ കാറ്റത്താടുന്ന തെങ്ങോലപ്പഴുതിലൂടെ അവളുടെ മേൽ തട്ടിയിരുന്നു. മറയാൻ പോകുന്ന മാർത്താണ്ഡൻ (സൂര്യൻ)—മരണമടുത്ത ഒരാൾ എന്നു

Digitized By Kerala Sahitya Akademi

ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടുവതു-
ണ്ടന്തിസ്സമീരസ്ഫുരൽ-
ത്തങ്ങോലപ്പുഴുതിങ്കലൂടെ, മറയാൻ
പോകുന്ന മാർത്താണ്ഡനാം! 2

അല്പാല്പസ്ഫുരിതാധരത്തളിരുമായ്-
പ്പാർശ്വസ്ഥലം രണ്ടിലും
പൊല്പാഥോരുഹമാലയോടു ശരിയാം
കൈ തൂക്കിയിട്ടാദരാൽ,
നല്പാളും മുഖചന്ദ്രമസ്സിനെ മരുൽ-
ക്കോണിന്നു നേർക്കാക്കിയും
നില്പാണീയൊരു ജോനകത്തരുണിയാ-
ളൃജ്വായതോർദ്ധ്വാംഗിയായ്. 3

സാമർത്ഥ്യം പെരുകുന്ന നാഗരികമാ-
രെപ്പേരുമിപ്പോളണി-
പ്പൂമച്ചിൽപ്പുതുമോടി ചേർപ്പതിനുഴ-
റ്റോടേ ശ്രമം ചെയ്കയാം;

യുഞ്ജിക്കുന്നു. വൃദ്ധനായ ഒരാൾക്കുകൂടെ ഇങ്ങിനെ ഇങ്ങോട്ടെത്തിനോക്കുവാൻ ആസക്തിതോന്നിക്കുന്നതാണ് അവളുടെ സൌന്ദര്യം.

3. അല്പം........ളിർ=(വേദം ചൊല്ലുമ്പോൾ) ഒട്ടൊട്ടിളകുന്ന തളിർച്ചുണ്ട്. പൊല്പാഥോരുഹം=പൊന്താമര. നല്പ്=നന്മ. മരുൽക്കോണ്=പടിഞ്ഞാറുവടക്കേകോണ്. ഋജ്വായതോർദ്ധ്വാംഗി=ഋജുവും (വളവില്ലാത്തതും) ആയതവും (നീണ്ടതും) ആയ ഉർദ്ധ്വാംഗ (അരയ്ക്കു മേല്പോട്ടുള്ള ശരീരഭാഗ)ത്തോടു കൂടിയവൾ.

Digitized By Kerala Sahitya Akademi

ഗ്രാമപ്പെണ്ണിവളോ, തപസ്വിനിയുപാ-
സിയ്ക്കുന്ന നിഷ്കമ്പയായ്
ശ്രീമദ്വിശ്രമവേളതൻ ജനനിയെ,-
സ്സംപൂജ്യയാം സന്ധ്യയെ! 4

പൈന്തിങ്കൾത്തെളിനെററി തെല്ലു മായ്കും-
മാറായി, നീലാഞ്ജന-
ച്ചാന്തിൻചേലണിവേണിതൻ തലയിലി-
ട്ടിട്ടുള്ള ശുഭ്രാംബരം,
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ-
ത്തിട്ടിങ്കലൂടേ മന-
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി-
ച്ചുംബിപ്പു കാൽപ്പൂവിനെ. 5

പൂവൽക്കയ്യുകൾ മുൻവശത്തു രശനാ-
സ്ഥാനത്തിലർപ്പിച്ചിതാ,

---

4. നാഗരികമാർ=പരിഷ്കൃതകളായ നഗരസ്ത്രീകൾ. തപസ്വിനി=സാധ്വി, താപസസ്ത്രീ എന്നും. ഉപാസിയ്ക്കു=സേവിയ്ക്കു. നിഷ്കമ്പ=ഇളക്കമില്ലാത്തവൾ. ശ്രീമദ്വിശ്രമവേള—രാത്രി. സംപൂജ്യ=പൂജിയ്ക്കപ്പെടേണ്ടവൾ.

5. നീലാ..................വേണി=കറുത്ത അഞ്ജനച്ചാന്തിന്റെ ചേലുള്ള തലമുടിയോടുകൂടിയവൾ. ശുഭ്രാംബരം=വെളുത്ത വസ്ത്രം. അടിവരെ തൂങ്ങിക്കിടക്കുന്ന ഒരു വെള്ളവസ്ത്രം, നെററി തെല്ലു മായ്കുംമാറു തലയിലിട്ടിട്ടുണ്ടായിരുന്നു; അതിനെ മനസ്സിലെ ശാന്തതയാകുന്ന പാൽപ്പുഴയാണെന്നുൽപ്രേക്ഷിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ദേവൻതൻ കഴൽ മൌലിയാൽ മുകരുവാൻ
കമ്പിട്ടു നില്പാകയാൽ,
താവൽകഞ്ചുകസംവൃതസ്തനഭര-
വ്യാനമ്രകമ്രാംഗിതൻ
ത്തുവക്ത്രം ഹ ഹ, തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ. 6

വൈധുര്യം തെരിയാതെഴും പ്രഭുവധൂ-
വർഗ്ഗങ്ങൾ വക്ത്രപ്രഭാ-
മാധുര്യത്തിനു മാലയാദിതിലകം
നെററിക്കു നിർമ്മിക്കവേ,
സാധുസ്ത്രീയിവൾ സന്ധ്യതൻ പദരജ-
സ്സേല്പിച്ചു നെററിയാൽ;
സാധുശ്രീമണിമേടയല്ല, കുടിലാ-
ണീദൃഗ്ഗുണങ്ങൾക്കിടം! 7

6. രശനാസ്ഥാനം=അരഞ്ഞാണിന്റെ സ്ഥാനം—അരക്കെട്ട്. അപ്പിച്ച്=വെച്ച്. ദേവൻ=ഈശ്വരൻ. താവൽകഞ്ചുക........ മ്രാംഗി=അത്രയ്ക്ക്മാത്രമുള്ള കുപ്പായത്താൽ മറയ്ക്കപ്പെട്ട സ്തനഭാരത്താൽ കുനിഞ്ഞതും മനോഹരവുമായ ശരീരത്തോടുകൂടിയവൾ.

7. നിസ്കാരത്തിൽ നെററി നിലത്തു മുട്ടിക്കുന്നതിനെ വർണ്ണിക്കുന്നു: വൈധുര്യം=ദാരിദ്ര്യദുഃഖം. മാലയാദിതിലകം=ചന്ദനം മുതലായവകൊണ്ടുള്ള പൊട്ട്. സാധുശ്രീ=നല്ല ശ്രീ(കാന്തി, സമ്പത്ത്)യോടുകൂടിയത്. ഈദൃഗ്ഗുണങ്ങൾ=ഇത്തരം ഗുണങ്ങൾ—ഈശ്വരഭക്തിമുതലായവ.

Digitized By Kerala Sahitya Akademi

സോമശ്രീമുഖി കാൽമടമ്പുകൾ നിതം-
ബാന്തം തൊട്ടുമാറിരു-
ന്നോ, മൽച്ചെപ്പൊളിമുട്ടുകൾക്കു പവിഴ-
ക്കൈകൊണ്ടടപ്പിട്ടിതാ,
ആമജ്ജിപ്പു നിമീലിതാക്ഷിയുഗയായ്-
ദ്ധ്യാനാമൃതത്തിൽസ്സുഖം;
ത്തുമപ്പെട്ടൊരു താപസാവസഥമായ്
മാറുന്നിതപ്പാഴ്ക്കുടിൽ! 8

പോയാലും പൊടിയിൽക്കളിപ്പതിനുതാൻ;
നിന്നമ്മതൻ മേനിയിൽ-
ച്ചായാനും മറിയാനുമിത്തിരി കഴി-
ഞ്ഞിട്ടാമിളംപൈതലേ:
നീയാകും നിധിയെക്കൊടുത്ത പരമോ-
ദാരൻെറ പാദാരുണ-
ച്ഛായാചാതുരി നോക്കു കണ്ടൊ,രു ലയം
പ്രാപിച്ചിരിപ്പാണിവൾ! 9

---

8. സോമൻ=ചന്ദ്രൻ. ആമജ്ജിക്കു=മുഴുകുക. നിമീലിതാക്ഷിയുഗ=കണ്ണു രണ്ടും അടച്ചവൾ. താപസാവസഥം=ആശ്രമഗൃഹം

9. ഈ തക്കത്തിൽ അവളുടെ ചെറുപൈതൽ കളി നിർത്തി അമ്മയുടെ അരികത്തെയ്ക്കു് ഓടിവരുന്നതു കണ്ടു പറയുന്നു. പാദാ.........തുരി=കാലിൻെറ ചുകന്ന കാന്തിയുടെ ചാതുര്യം. അന്തിച്ചുകപ്പിനെ ഈശ്വരൻെറ കാലുകൾക്കുള്ള ചുകന്ന പ്രഭയായി അധ്യവസായംചെയ്യുന്നു.

Digitized By Kerala Sahitya Akademi

നേരിട്ടങ്ങയെ നോക്കിനിന്നു കുശലം
പ്രാൎത്ഥിച്ചുകൊണ്ടീടുമീ-
ദ്ദാരിദ്ര്യാതുരതൻ മലൎന്ന മലർപോ-
ലുള്ളോരു പാണിദ്വയം
പൂരിക്കുന്നതിനെത്ര വേണ,മമിതാ-
കാശത്തു തങ്കദ്രവം
കോരിത്തൂകുമജാത്മജേ, തവ കൃപാ-
സമ്പത്തുതൻ തുള്ളികൾ?

ഈ മാഹാത്മ്യമേക, ദന്തകിരണ-
സ്പർശാൽ ക്ഷണം ചെഞ്ചൊടി-
ശ്രീ മാറുംപടി ചെയ്തിടും നിഭൃതമാം
മന്ത്രാക്ഷരോച്ചാരണം,
പ്രേമാർദ്രസ്ഫുടഗീതിപോലെ, തിരു 'വ-
ള്ളാ'വിൻെറ കണ്ണുകളിൽ-

10. അമിതാകാശം=അളവില്ലാത്ത വിസ്തൃതമായ ആകാശം. അജാത്മജ=അജൻെറ (ബ്രഹ്മാവിൻെറ) ആത്മജ (പുത്രി)—സന്ധ്യ. സന്ധ്യയുടെ ബ്രഹ്മപുത്രീത്വം പുരാണപ്രസിദ്ധം. കരുണാനിധിയായ അവിടുന്നു തെല്ലൊന്നു കനിഞ്ഞാൽ മതിയല്ലോ, ഇവൾ തൃപ്തിപ്പെടുവാൻ. അന്തിച്ചുകപ്പിനെ തങ്കദ്രവമായി അധ്യവസായം ചെയ്തിരിക്കുന്നു.

11. ദന്തകിരണസ്പർശാൽ—പല്ലുകളുടെ രശ്മികൾ തട്ടിയതുകൊണ്ട്. ക്ഷണം=ഇത്തിരിനേരം. നിഭൃതം=പതുക്കെയുള്ള. പ്രേമാർദ്രസ്ഫുടഗീതി=പ്രേമത്തിൻെറ (ഭക്തിയുടെ) ആർദ്രവും (നന

Digitized By Kerala Sahitya Akademi

ഷ്പമാധ്വീശകലങ്ങളെ പ്രതിപദം
ള്ളുകന്നതുണ്ടാം ദൃഢം! 11

ഏതാനും പൊറുതില്ല കിട്ടുകിലതിൽ-
സ്സംതൃപ്തിയുൾക്കൊണ്ടിടും
നീ താനിങ്ങൊരു ലക്ഷ്മിയാണു്; വളിങ്ങ-
ങ്ങില്ലെങ്കിലെന്തുള്ളതേ?
മാതാവിന്നഭിമാനദേ, ഭവതിതൻ
കൂലിപ്പണിക്കാരനാം
നേതാവും സ്പൃഹണീയജീവിതനഹോ,
ഭാവൽകസദ്വൃത്തിയാൽ! 12

ധ്യാനം നിർത്തി വിശാലനീലനയന-
ദ്വന്ദ്വം തുറന്നപ്പൊഴെ-
ല്ലാ,നന്ദോൽപുളകാംഗിതൻെറ കുടിലിൻ
മീതേ, നഭോവീഥിയിൽ,

ങ്ങളും) സ്പഷ്ടവുമായ പാട്ടു്. പൂമാധ്വീശകലങ്ങൾ=പൂന്തേനിൻ തുള്ളികൾ. പ്രതിപദം=അടിയ്ക്കടി. ദൃഢം=തീർച്ചയായും.

12. ആ സ്ത്രീയോടു പറയുന്നു: 'അവൾ (ലക്ഷ്മി) ഇങ്ങി ല്ലെങ്കിൽ'—സമ്പത്തുണ്ടായില്ലെങ്കിൽ എന്നർത്ഥം. 'ഏതാനും........ ....ഉൾക്കൊണ്ടിടു'ന്നവൾക്കെന്തിനാണു്, സമ്പത്തു്? മാതാവു്— ഭാരതഭൂമി. അഭിമാനദ=അഭിമാനം നല്കുന്നവൾ. നേതാവു്=ഭർത്താവു്. ഭാവൽകസദ്വൃത്തി=നിൻെറ നല്ല പ്രവൃത്തി.

13. ആന........ംഗി=ആനന്ദംകൊണ്ടു ദേഹം കോൾമയിർക്കൊണ്ടവൾ. ദീനത്രാണപരായണം=ദീനന്മാരെ(ദരിദ്രന്മാരെ-

Digitized By Kerala Sahitya Akademi

ദീനത്രാണപരായണം ത്രിജഗതീ-
നാഥൻെറ തൃക്കയ്യുതാ,
ന്യായം വാരി വിതച്ചിടുന്നു, വളരെ-
സ്സൌവർണ്ണനാണ്യങ്ങളെ! 13

ദുഃഖിതന്മാരെ എന്നും) രക്ഷിയ്ക്കുന്നതിൽ ഒരുങ്ങിയിരിയ്ക്കുന്നു. ത്രിജഗതി=മൂപ്പാര്. സൌവർണ്ണ (സുവർണ്ണംകൊണ്ടുണ്ടാക്കിയ)നാണ്യങ്ങൾ—നക്ഷത്രങ്ങൾ. ഈശ്വരൻ ആ ഭക്തിയിൽ പ്രസാദിച്ചുതായി (സമ്പത്തു നല്കിയതായി) സങ്കല്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

9. എൻ്റെ കൃതഘ്നത.

ആരാലുമവിജ്ഞാത-
മായെങ്ങോ കിടക്കുന്ന
കൂരിരുട്ടിൻകുഴിയിൽനി-
ന്നുദ്ധരിച്ചടിയനെ,
തെളിവാത്സല്യം താവും
തിരുമാർത്തട്ടിൽച്ചേർത്തു
വെളിച്ചത്തണച്ചില്ല
ദേവി, നിൻതിരുവടി.
അംബ, നിന്നമ്മിഞ്ഞ-
ത്താനമൃതു ചുരത്തി മേ;
നിൻമടിത്തട്ടിൽ സ്വർഗ്ഗ-
ലീലയും പൂണ്ടേനിവൻ! 1

---

1. ഭാരതമാതാവിനെ ഉദ്ദേശിച്ച്:—അവിജ്ഞാതം=അറിയപ്പെടാത്ത. ജനനത്തിനു മുമ്പും മരണത്തിനു പിമ്പും ഉള്ള സ്ഥിതി ഏതുവിധമെന്ന് ആരും അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് അത്, ഇരുട്ടടഞ്ഞതായി വിചാരിക്കപ്പെടുന്നു. 'അംബ.......നിവൻ'—എൻ്റെ ശരീരരക്ഷയും സുഖാനുഭവങ്ങളുമെല്ലാം അവിടുത്തെ ആശ്രയിച്ചിരുന്നു എന്നു സാരം.

Digitized By Kerala Sahitya Akademi

കുഞ്ഞിനെച്ചിരിപ്പിപ്പാൻ
ചിലപ്പോൾ ജനയിത്രി
മഞ്ജുപുഞ്ചിരിതൂകും
മുല്ലപ്പൂക്കളിലൂടെ;
നീലനീരദോത്തുംഗ-
മൃദംഗധ്വനിയൊത്തു
പീലികൾ പരത്തിയ
മയിലിനെക്കൂത്താടിയ്ക്കും;
നിർമ്മലാംബരയായ
രാത്രിതൻ കരംകൊണ്ടു
വെണ്മയേറിയ വെള്ളി-
പ്പമ്പരം പൊക്കിക്കാട്ടും;
മുററിയ ഹിമകണ-
പ്പളുങ്കിൻമണിയോരോ-
ന്നൊററി വീഴിയ്ക്കും പനി-
നീരലരല്ലിക്കിങ്കൽ;
ബലവൽപവനനെ-
ക്കൊണ്ടു വല്ലികളുടെ-

2\. ഇതിൽ ഓരോ ഈരടികൊണ്ടു മുറയ്ക്കു ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം, വസന്തം എന്നീ ഋതുക്കളിലെ പ്രകൃതിസൌന്ദര്യത്തെ വർണ്ണിയ്ക്കുന്നു: നീല..........ധ്വനി=കരിങ്കാറിന്റെ മുതിന്ന ഇടിമുഴക്കമാകുന്ന മൃദംഗശബ്ദം. നിർമ്മലാംബര=നിർമ്മലമായ അംബര(ആകാശമെന്നും, വസ്ത്രമെന്നും)ത്തോടുകൂടിയ. വെള്ളിപ്പമ്പരം—പൂർണ്ണചന്ദ്രൻ. ഹിമകണം=മഞ്ഞിൻതുള്ളി.

Digitized By Kerala Sahitya Akademi

യിലയും പൂവും തല്ലി-
ക്കൊഴിച്ചു പറപ്പിക്കും;
ഭംഗിയാംവണ്ണം പച്ച-
ച്ചരടിൽക്കോർത്തുള്ള പൊൻ-
കിങ്ങിണിക്കൂട്ടം കൊന്ന-
ക്കൊമ്പത്തു കെട്ടിത്തൂക്കും! ൨

കാല്ക്കിടർപെട്ടെങ്ങാനും
വീഴുകിലുടൻ തൃക്കൈ-
പ്പൂക്കളാലണഞ്ഞൊന്നൊ-
ന്താങ്ങുന്നു; തലോടുന്നു;
നേക്കിവനല്ലിൽക്കിടന്നു-
റങ്ങുമ്പോഴും ഗാഢം
നോക്കിക്കൊണ്ടിരിപ്പൂ,
നിൻകണ്ണുകൾ—നക്ഷത്രങ്ങൾ.
ഇമ്മട്ടിലിവിടുന്നു സർവ്വദാ
സ്നേഹംപൂണ്ടൊ-
രമ്മതൻ കൃത്യങ്ങളിൽ-
ജ്ജാഗരൂകയായ് നില്പൂ;
മകനോ, പിന്നെപ്പിന്നെ
മുതിർന്നുവരുന്തോറു-

ബലവൽപവനൻ=ശക്തിയേറിയ കാറ്റ്. പൊൻകിങ്ങിണിക്കൂട്ടം—കൊന്നപ്പൂങ്കുല. ഇതൊക്കെ കുട്ടികൾക്ക രസം തോന്നിക്കുന്നവയാണല്ലോ.

Digitized By Kerala Sahitya Akademi

രൂകമേ മാഞ്ഞീടുന്നു,
മാതൃസംസ്മൃതി ഹാ ഹാ! 3

എനിക്കായ് വഴിയിൽ നീ
ചെന്തളിർ വിരിക്കുമ്പോൾ
തനിച്ചെഃന്നാട്ടം കണ്ടു
മുൾപ്പടർപ്പിലെയ്ക്കത്രേ!
സ്ഫടികപ്രദീപം നീ
കൊളുത്തിക്കാണിക്കുമ്പോൾ
നടകൊള്ളുന്നു മിന്നാ-
മിനുങ്ങിൻ പിറകേ ഞാൻ!
ശർമ്മത്തിന്നകൃത്രിമ-
കോമളശബ്ദത്തിൽ നീ
ധർമ്മഗാഥകളോരോ-
ന്നെൻകർണ്ണേ പാടുംനേരം,
കാണിയും ശ്രദ്ധിക്കാതെ,
കമ്പികൾ മുറിഞ്ഞെതാണ്ടോ

---

3. ജാഗരൂക=ശ്രദ്ധയോടുകൂടിയവൾ. മാതൃസംസ്മൃതി=അമ്മയെപ്പററിയുള്ള ഓർമ്മ.

4. അമ്മ നമ്മുടെ സുഖത്തിനായി എല്ലാ ഒരുക്കങ്ങളും ചെയ്തുവെച്ചിരിക്കെ, നാം ദുഃഖകരങ്ങളും നിസ്സാരങ്ങളുമായ വിഷയങ്ങളെ തേടിനടക്കുന്നു എന്നു പ്രതിപാദിക്കുന്നു: ശർമ്മം=സുഖം, അഭ്യുദയം. ഈ വരികൾ, സന്ധ്യ, രാത്രി, പ്രഭാതം എന്നീ സമയങ്ങളെ ഓർമ്മപ്പെടുത്തുന്നു. 'അകൃത്രിമശബ്ദം' (അപൌരുഷേ

Digitized By Kerala Sahitya Akademi

ചീണമെത്തുരമ്പിച്ച
    വീണയെത്തപ്പുന്നു ഞാൻ! 4

എന്തിനു ബഹുകതി?–യെൻ–
    നന്മയ്ക്കാണലിവുററ
നിന്തിരുവടിയോരോ
    വീപ്പ്ിടുന്നതു;–മെന്നാൽ,
അങ്ങയെ സ്മരിപ്പാനു–
    മില്ലെനിയ്ക്കവസര–
മിങ്ങത്രമാത്രം ജോലി–
    ത്തിരക്കാണഹോരാത്രം! 5

ഉറക്കത്തിലെപ്പുഞ്ചാ–
    ക്ക്രൈഷിയ്ക്കു വെള്ളത്തിന്നായ്–
ച്ചിറകിടം കെട്ടേണംപോൽ
    മൃഗതൃഷ്ണയാമാററിൽ!
ഗന്ധർവനഗരത്തി–
    ലാകാശത്തൊരു കോട്ട

യമായതു്) വേദത്തേയും, തുരുമ്പിച്ച 'വീണ' ഹീനശാസ്ത്രത്തേയും കുറിയ്ക്കുന്നു.

5. ബഹുകതി=ഏറെപ്പറയൽ.'എൻനന്മ........ടുന്നതു്'–കുറവഴിയ്ക്കുന്നതിനെ വീപ്പായി വിചാരിയ്ക്കണം.

6. നമ്മുടെ ജോലിത്തിരക്കെല്ലാം മിഥ്യാകാര്യങ്ങളിലാണെന്നു പറയുന്നു:–ഗന്ധർവനഗരം–ഇല്ലാത്ത സ്ഥലമെന്നർത്ഥം. ഗന്ധ

ഗന്ധമാദനത്തോളം
    പൊക്കത്തിൽത്തിക്കേണംപോൽ!
കൈവന്ന മനോരാജ്യ-
    പീയൂഷചഷകത്തിൽ-
ത്തുവെള്ളി പൂശേണംപോ-
    ലിത്തിളിൻദ്രവത്താലേ! 6

ഹാ, കഷ്ട,മമ്മേ, മേന്മേ-
    ലക്ഷയദിവ്യാമൃതം
തൂകുന്ന നിൻതൃപ്പാദ-
    പങ്കജം തൊട്ടിടാതെ,
പാപിയെൻപാണിദ്വന്ദ്വം
    പാനീയസംപ്രാപ്തിയ്ക്കു
പാറക്കല്ലുകൾ ഞെക്കി-
    പ്പിഴിയാനുഴറുന്നു! 7

'മാതാവേ, നമസ്കാര'-
    മെന്നൊന്നു വല്ലപ്പോഴു-
മോതുവാൻ ചലിപ്പതെൻ-
    നാവിനു പീഡാകരം;

മാദനം-ഒരു പർവ്വതം. മനോ......കം=മനോരാജ്യമാകുന്ന അമൃതുകുടിപ്പാനുള്ള പാത്രം.

7. ഭാരതീയാദർശങ്ങളെ വിട്ടു പരകീയാദർശങ്ങളെ കൈക്കൊള്ളുന്നതിന്റെ അനൌചിത്യം പ്രതിപാദിക്കുന്നു: അക്ഷയം=നാശമില്ലാത്ത. പാനീയസംപ്രാപ്തി=വെള്ളം കിട്ടൽ.

8. പീഡാകരം=വേദനയുളവാക്കുന്നത്. കണ്ണിപ്പ്-കഷ്ട

Digitized By Kerala Sahitya Akademi

കണ്ണിപ്പില്ലൊരല്പവും,
        രാപ്പകലൊരുപോലെ
തൃഷ്ണതൻ തിരുമുമ്പിൽ
        സ്തോത്രകീർത്തനം ചെയ്വാൻ! 8

മണ്ണിനെ മാറേറുന്ന
        തങ്കമായ്ക്കാണ്മാൻമാത്രം
കണ്ണിവരുടെ മുഖ–
        ത്തുണ്ടു രണ്ടെണ്ണം തായേ;
ഇതിൽനിന്നൊററത്തുള്ളി–
        നീരിററുവീഴുന്നീലാ,
സുതരെച്ചൊല്ലി ക്ലേശി–
        ക്കുന്ന നിന്നഴൽത്തിയ്യിൽ! 9

പുത്രനിൽനിന്നിച്ഛിപ്പീ–
        ലമ്മ യാതൊന്നും; പക്ഷേ,
പുത്രനു തള്ളാവതോ
        മാതൃശുശ്രൂഷാധർമ്മം?
എത്രയുമകൃതാർത്ഥൻ
        വേണ്ടതു ചെയ്യാത്ത ഞാൻ!

പ്പാട്. നാം നമ്മുടെ തൃഷ്ണ (വിഷയസുഖങ്ങളിലുള്ള ആസക്തി)യെ തൃപ്തിപ്പെടുത്താൻ എന്തു കഷ്ടപ്പാടനുഭവിപ്പാനും സന്നദ്ധരത്രെ!

9. തുച്ഛങ്ങളെ നാം മെച്ചപ്പെട്ടവരായിക്കരുതുന്നു; അമ്മയെ സമാശ്വസിപ്പിക്കുന്നില്ലതാനും!

5

Digitized By Kerala Sahitya Akademi

എത്രയും കൃതഘ്നനെ-
നാമ്മയെ മറന്ന ഞാൻ! 10

ഏറിയ പരിത്യാഗ-
ധമ്മശീലരാമൃഷി—
വീരരെ വഹിച്ചോരു
നിൻഗഭ്പുണ്യക്ഷേത്രം
എന്തിനു കടന്നിരു-
നാശ്ശുദ്ധിപ്പെട്ടത്തി ഞാ-
നെ്യന്തിനു മനുഷ്യന്റെ
രൂപത്തിൽപ്പിറന്നു ഞാൻ!! 11

10. അകൃതാത്ഥൻ=വേണ്ടതു ചെയ്യാത്തവൻ. കൃതഘ്നൻ=ചെയ്ത ഉപകാരം മറന്നവൻ.

11. പരിത്യാഗധമ്മശീലർ_ത്യാഗമാകുന്ന ധമ്മം ശീലിച്ചിട്ടുള്ളവർ. ഋഷിവീരർ=ശ്രേഷ്ഠന്മാരായ ഋഷികഠം.

Digitized By Kerala Sahitya Akademi

10. രാവണന്റെ അന്തഃപുരഗമനം

അന്തവേശ്മപഥത്തെ വേത്രവതി, നീ
        കാണിയ്ക്കുക;- ാർ പോരില–
ത്യന്തം കേറിയ ബാലിവൈരിയെ 'നിലം–
        പൊത്തി'ച്ചിതമ്പൊന്നിനാൽ,
അന്തസ്സോക്കമവന്റെയംബികയെയൊ–
        ന്നർച്ചിച്ചുകൊള്ളട്ടെ,യീ
സ്വന്തം ഞാൻവട്ട ചേർന്ന കയ്യിരുപതും–
        കൊണ്ടിന്നു ലങ്കേശ്വരൻ! 1

ഹന്ത, ക്രീഡയില്ലിക്കരം കടപറി–
        ച്ചിട്ടോരു വെള്ളാനതൻ

---

1 'ഔഷധാഹരണം' ആട്ടക്കഥയിലെ രാവണന്ന് 'ആട്ടാ'ന്നായി ഉണ്ടാക്കിയത്: ഇന്ദ്രജിത്ത് ബ്രഹ്മാസ്ത്രത്താൽ വാനരപ്പടയെയും മററും മൂർച്ഛിപ്പിച്ചുവീഴ്ത്തി എന്നറിഞ്ഞു സന്തുഷ്ടനായ രാവണൻ മണ്ഡോദരീമന്ദിരത്തിലെയ്ക്കു പുറപ്പെടുന്നു. ഇതിലെ ഓരോ ശ്ലോകവും രാവണൻ അന്തഃപുരത്തിലെയ്ക്കു പോകുമ്പോഴും ഇടയ്ക്കുണ്ടാകുന്ന സംഭവങ്ങളെയും കാഴ്ചകളെയും വിവരിയ്ക്കുന്നു. അന്തവേശ്മപഥം=അന്തപുരത്തിലെയ്ക്കുള്ള വഴി. വേത്രവതി=അന്തഃപുരം കാവൽക്കാരി. ബാലിവൈരി=രാമൻ. അവന്റെയംബിക—ഇന്ദ്രജിത്തിന്റെ അമ്മ (മണ്ഡോദരി). അർച്ചിയ്ക്കുക=പൂജിയ്ക്കുക.

Digitized By Kerala Sahitya Akademi

ദന്തത്താൽ, മഹേന്ദ്രനീലോപലക്കമിളയും
വെച്ചേൻ പ്രസാദാത്മമായ്
വിൺതച്ചൻ വിരചിച്ച പാദുകകളെ,
സൈ്വരം ത്രിലോകീമലർ-
പ്പെൺതയ്യത്ര തലോടുമെന്നടികളിൽ-
ച്ചേർക്കുന്നു ചേടീജനം. 2

പങ്കം വിട്ടു മണം പെറുന്ന തിലജം
പൂരിച്ച നൂറിൽപ്പുറം
'തങ്കക്കുത്തുവിളക്ക' രണ്ടു വരിയായ്
മുന്നിൽ ജ്വലിയ്ക്കുന്നു മേ;
വൻകഞ്ചുസ്തനിമാർ വഹിയ്ക്കുമിവതൻ
നാളങ്ങൾ നൈശാന്തര-
ത്തിങ്കൽത്താൻ പകൽ തീർത്തു, തമ്മിൽ നിഭൃതം
നോക്കിച്ചിരിയ്ക്കുന്നിതോ! 3

മൽപാർശ്വേ മടവാർകൾ വിശ്രമനഘ-
പ്പൊൻതാലവൃന്തത്തിൽനി-

---

2. മഹേന്ദ്രനീലോപലം=ഇന്ദ്രനീലക്കല്ല്. വിൺതച്ചൻ—വിശ്വകർമ്മാവ്. വിരചിച്ച=ഉണ്ടാക്കിയ. പാദുക=മെതിയടി. ത്രിലോ.... ങ്ങൾ=ത്രൈലോക്യസാമ്രാജ്യലക്ഷ്മി. ചേടീജനം=പരിചാരികമാർ.

3. തിലജം=എണ്ണ. നൈശാന്തരം=രാത്രിമധ്യം. നാളങ്ങൾ=ജ്വാലകൾ. നിഭൃതം=നിശ്ശബ്ദം. വിളക്കിന്റെ പ്രകാശത്തെ ചിരിയ്ക്കലാണെന്നും, അതിന്നു കാരണം, തങ്ങൾ അർദ്ധരാത്രിയിൽ തന്നെ പകൽ നിർമ്മിച്ചുകളഞ്ഞതാണെന്നും ഉൽപ്രേക്ഷിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ന്നൽപാദിച്ച സമീരനെന്നുടെ സഭാ–
കൃത്യക്ലമം പോക്കുവാൻ,
തൽപാണിപ്രചലൽസുവർണ്ണവലയ–
ശ്രേണീമൃദുക്വാണമാം
നൽപ്പാട്ടാലതിരമ്യമായ്പ്പരിചരി–
ച്ചീടുന്നിതെന്നെസ്സുഖം. 4

എൻപാശ്വത്തിൽ നടന്നു സേവകജനം
സശ്രദ്ധരായ് വീശുമീ
വെൺപാടീരസുഗന്ധിയാം വിശറിമേ–
ലേറിത്തുഷാരാനിലൻ
എമ്പാടും മമ കാര്യചിന്തനപരി–
ക്ലേശം കെടുത്തെ,ൻപ്രിയം
സമ്പാദിച്ച കൃതാൎത്ഥനായ നിലയിൽ–
ത്തത്തിക്കളിക്കുന്നിതോ! 5

---

4. മൽപാശ്വേ=എന്റെ ഒരു വശത്തുനിന്ന്. അനഘം=കേടററ. താലവൃന്തം=ആലവട്ടം. ഉൽപാദിച്ച=ഉണ്ടായ. സമീരൻ=കാററ്. ക്ലമം=തളൎച്ച. [തൽപാ......................ണം=അവരുടെ (മടവാർകളുടെ) കൈകളിന്മേലുള്ള പൊൻവളക്കൂട്ടത്തിന്റെ മൃദുവായ ശബ്ദം—വീശുമ്പോഴുള്ള വളകിലുക്കം. കാററിനെക്കാളധികം, ആ ഗാനമാണ് ശ്രമം തീക്കുന്നതായിരിക്കുന്നത്.

5. മറുപുറത്തെ സ്ഥിതി പറയുന്നു: വെണ്പാടീരസുഗന്ധി=വെളുത്ത ചന്ദനത്തിന്റെ മണമുള്ള. തുഷാരാനിലൻ=തണുത്ത കാററ്. പരിക്ലേശം=തളൎച്ച. രാവണന്റെ പ്രീതി നേടിയവൻ എങ്ങിനെ കൃതാൎത്ഥനാകാതിരിക്കും?

Digitized By Kerala Sahitya Akademi

പാരിക്കും പരിഘാദിശസ്ത്രപടലം
തോളത്തുവെച്ചു്, ത്രയോ
വൈരിച്ചോര കുടിച്ച വാളരയിലും
തൂക്കി, പ്പുലേവേഷമായ്
ദ്വാരി ദ്വാരി മുറയ്ക്കു കാവലിനെഴും
യോദ്ധാക്കളുററസ്സംഭ്രമം
പൂരിച്ചൊട്ടിട മാറിനിന്നടിവണ-
ങ്ങുന്നു നിജസ്വാമിയെ. 6

ശാടീരത്നവിതാനിതോജ്ജ്വലചതു-
ശ്ശാലത്തിൽനിന്നാദര-
ത്തോടീ നമ്മെ വരാതിഥിക്രിയകളാൽ
കൈക്കൊൾവതിന്നാംവിധം,
വാടീടാപ്പുതുപൂക്കൾതൻ മണമൊടും
കപ്പൂരകസ്തൂരികാ-
പാടീരാദികൾതൻ നറും പരിമളം
പ്രത്യൽഗ്ഗമിക്കുന്നിതേ. 7

---

6. പരിഘാ.......ലം=ഒരു തരം ഗദ തുടങ്ങിയ ആയുധക്കൂട്ടം. ദ്വാരി ദ്വാരി=ദ്വാരംതോറും. നിജസ്വാമിയെ=തങ്ങളുടെ സ്വാമിയെ—എന്നെ—എന്നർത്ഥം.

7. ശാടീ.......ശ്ശാലം=മേത്തരം വസ്ത്രങ്ങളെക്കൊണ്ടു വിതാനിക്കപ്പെട്ടതും ഉജ്ജ്വല(ദീപദ്യോദിത)വുമായ നാലുകെട്ട്. വരാതിഥിക്രിയ=മികച്ച അതിഥിസൽക്കാരം. പ്രത്യൽഗമിക്കു=എതിരേല്ക്കുക. നാലുകെട്ടിൽനിന്നു വന്നിരുന്ന നറുമണം, തന്നെ എതിരേററു സൽക്കരിക്കാനാണെന്നുൽപ്രേക്ഷിക്കുന്നു.

Digitized By Kerala Sahitya Akademi

പ്രാന്തയ്ക്കുള്ള പളുങ്കൊത്തുക്കണയവേ,
ദിക്പാലചൂഡാതടോ–
ദ്ധാന്തസ്സിദ്ധവതംസകല്പകരജ–
സ്സേന്തീട്ടമെൻകാലിതാ,
സാന്തഃകമ്പമൊത്തങ്ങിനിന്ന കഴുകി–
ച്ചീടുന്നു, വിണ്ണാററിലെ–
പ്പൂന്തണ്ണീരു നിറച്ച രത്നാകരകം–
കൊണ്ടപ്പുരസ്ത്രീജനം. 8

വീണക്കമ്പി മുറുക്കിടുന്നു മുട്ടുകൈ–
ത്താരാലൊരാരോമലാൾ;
ചാണക്കല്ലിലൊരുത്തി ചന്ദനമര–
യ്ക്കുന്നു, ചലച്ഛ്രോണിയായ്;
ശോണശ്രീചഷകത്തിൽ നന്മധു നിറ–
യ്ക്കുന്നു ശരിയ്ക്കന്യയാ–
മേണപ്പെൺമിഴി; സർവ്വതോ മധുരമീ
മണ്ഡോദരീമന്ദിരം! 9

---

8. ദിക്പാല........ജസ്സ്"—(സഭയിൽവെച്ചു ദിക്പാലകന്മാർ വന്നു കാല്ക്കൽ നമസ്കരിച്ചതിനാൽ) അവരുടെ കിരീടത്തിൽ നിന്നതിന്ന ശിരോലങ്കാരങ്ങളായ കല്പകവൃക്ഷപ്പൂക്കളുടെ പൊടി. സാന്തഃകമ്പം=ഉൾസ്സംഭ്രമത്തോടേ. വിണ്ണാറ്=സ്വർഗ്ഗംഗ. കരകം=കിണ്ടി.

9. ചലച്ഛ്രോണി=ഇളകുന്ന നിതംബത്തോടുകൂടിയവൾ. ശോണശ്രീ=ചുകന്ന കാന്തിയോടുകൂടിയ. മധു=മദ്യം. സർവ്വതോ മധുരം=എല്ലായിടത്തും മനോഹരം.

Digitized By Kerala Sahitya Akademi

കീലാലപ്രഭു കാഴ്ചവെച്ച വിപുല-
ത്തുമുത്തു,മസ്മൽഭുജാ-
ലീലാഘാതവിദീർണ്ണദിഗ്ദ്വിരദകും-
ഭോന്മുക്തമുക്തൗഘവും
മാലാകാരിണിതൻ മനോഹരകചോ-
പാന്തേ ലസിക്കുന്നൊരീ
നൂലാന്നിട്ടു, സുഹൃൽസമാഗമസുഖം
നേക്കിങ്ങു നേടുന്നിതോ! 10

ഈടേറും മണിമഞ്ജുമച്ചിനൊടടു-
ക്കുംതോറു,മെന്നൊ ക്രമ-
ത്തോടേ വിട്ടുപിരിഞ്ഞിടുന്നിതു് പരീ-
വാരങ്ങളേകൈകരായ്:

---

10. കീലാലപ്രഭു=വരുണൻ. വിപുലം=വലിയ. അസ്മൽ.... ....മുക്തൗഘം=നമ്മുടെ കൈകളെക്കൊണ്ടു കളിയായടിച്ചതിനാൽ പിളൎന്നുപോയ ദിഗ്ഗജങ്ങളുടെ മസ്തകത്തിൽനിന്നു തെറിച്ച മുത്തുമണികൾ. നല്ല ആനകളുടെ മസ്തകത്തിനുള്ളിൽ മുത്തുകളുണ്ടായിരിക്കുമത്രേ. മാലാകാരിണി=മാല കോൎക്കുന്നവൾ. കചോപാന്തേ=സ്തനസമീപത്തു്. സുഹൃത്സമാഗമം=സ്നേഹിതന്മാരോടുള്ള ചേൎച്ച. അവിടെയിരുന്നു മാലകോൎക്കുന്ന ഒരുവളുടെ സ്തനത്തിന്മേൽ തൊട്ടു തൂങ്ങിക്കിടക്കുന്ന നൂലിന്മേൽ ആ രണ്ടുതരം മുത്തുകളും ഒത്തിണങ്ങുന്നു.

11. ഏകൈകരായ്=ഓരോരുത്തരായി. ഉരുചിത്സമാധി=മഹത്തായ ബ്രഹ്മധ്യാനം. തൽക്കരണപ്രവൃത്തികൾ=അദ്ദേഹത്തിൻെറ (യോഗീന്ദ്രൻെറ) കരണങ്ങളുടെ (ശ്രോത്രാദീന്ദ്രിയങ്ങളുടെ)

Digitized By Kerala Sahitya Akademi

കേടേലാതുരുചിതസമാധിനിലയിൽ–
　　ക്കേറുന്ന യോഗീന്ദ്രനെ–
പ്പാടേ തല്ക്കരണപ്രവൃത്തികളുപേ–
　　ക്ഷിയ്ക്കുന്നതിൻവണ്ണമേ! 11

ആമട്ടിൽ സ്വഭുജപ്രതാപജിതമാം
　　പാർ മൂന്നുമാർതൻ പതി–
പ്രേമശ്രീയുടെ പൊന്നുചേവടികളിൽ–
　　ക്കാണിയ്ക്കയായ്‌വെയ്ക്കിലും,
രാമൻതൻ പ്രതിയോഗി രാവണനശ–
　　ക്താത്മാവ,കിഞ്ചിൽകരൻ,
ഹാ, മജ്ജീവിതഭാഗ്യരത്നഖനിയാ–
　　മാ വീരമാതാവിതാ, 12

പാരം നീണ്ടു വിടൎന്ന കണ്ണിണയുമായ്,
　　മാണിക്യമഞ്ചത്തിൽനി–

പ്രവൃത്തികൾ (അതാതിൻെറ വിഷയങ്ങളെ ഗ്രഹിയ്ക്കൽ). സമാധിയിലെയ്ക്കു കയറുന്ന ഒരു യോഗി, ക്രമേണ ഇന്ദ്രിയവിഷയങ്ങളെ അറിയാതാകുമല്ലോ.

12. 13. സ്വഭു..................തം=തൻെറ ബാഹുവീര്യംകൊണ്ടു കീഴടക്കപ്പെട്ട. ആർതൻ—മണ്ഡോദരിയുടെ. പ്രതിയോഗി=എതിരാളി. അശക്താത്മാവ്=ശക്തിയില്ലാത്തവൻ. അകിഞ്ചിൽകരൻ=ഒന്നും ചെയ്യാത്തവൻ. മണ്ഡോദരിയുടെ ഭർത്തൃപ്രണയത്തിനു ത്രൈലോക്യസാമ്രാജ്യത്തെത്തന്നെ കാഴ്ചവെച്ചിട്ടും, രാവണൻ ശക്തിയില്ലാത്തവനും ഒന്നും ചെയ്യാത്തവനും ആയതു്, അയാൾ രാ

Digitized By Kerala Sahitya Akademi

നാ,രപ്പോർമുലമൊട്ടു കിഞ്ചന തുളു-
ന്പുംമാറെഴുന്നേററുടൻ,
കൈ രണ്ടാലുമൊ'രഷ്ടമംഗലമണി'-
ത്താലം വഹിയ്ക്കും ഗൃഹാ-
ചാരജ്ഞപ്രിയതോഴിയോടുമെതിരേ-
ററീടുന്നു തൻദാസനെ! (യുഗ്മകം) 13

സാരസ്വാഗതവാക്കെനിയ്ക്കിഹ ഭവ-
ന്മഞ്ജീരശിഞ്ജാരവം;
ഗൌരത്തുമലർ തൂകൽതാനിവനു നിൻ
മന്ദാക്ഷമന്ദസ്മിതം;
വാരഞ്ചും തവ ഹർഷനിശ്വസിതമോ
വെൺചാമരക്കാററെനി-
യ്ക്കോ;-രമ്യാംഗി, വൃഥാവിലീ മദുപചാ-
രായാസമേല്ക്കായ്ക നീ. 14

മൻതൻപ്രതിയോഗിയായതിനാൽ—സീതയിൽ അത്യാസക്തിയു ള്ളവനാകയാൽ— ആണ്. മജ്ജീ................നി=എന്റെ ജീവിത ത്തിലെ ഭാഗ്യങ്ങളാകുന്ന രത്നങ്ങൾ വിളയുന്ന ഖനി. ആരപ്പോർ മുല—ആരം (ഹാരം=മുത്തുമാല) അണിഞ്ഞപോർമുല. കിഞ്ചന= കുറഞ്ഞൊന്ന്. ഗൃഹാചാരജ്ഞ=ഗൃഹാചാരം അറിയുന്നവൾ. തൻദാസനെ—എന്നെ എന്നർത്ഥം.

14. രാവണൻ മണ്ഡോദരിയോടായി പറയുന്നു: ഭവ........ വം=ഭവതിയുടെ കാൽച്ചിലമ്പിന്റെ കിലുക്കം. ഗൌരം=വെളു ത്ത. മന്ദാക്ഷം=ലജ്ജ. നിശ്വസിതം=വീർപ്പ്. ആരമ്യാംഗി=എ ത്രയും മനോജ്ഞമായ ശരീരത്തോടുകൂടിയവൾ. മദുപചാരായാ സം=എന്നെ ഉപചരിയ്ക്കുവാനുള്ള പ്രയത്നം.

Digitized By Kerala Sahitya Akademi

11. അമ്പാടിയിൽ ചെല്ലുന്ന അക്രൂരൻ

"അന്തിച്ചുകപ്പോലുമഭ്രഖണ്ഡങ്ങളൊ-
ത്തന്തരിക്ഷാന്തരം ബിംബിച്ചിതാ,
ഹന്ത, കാണാകുന്നു കാളിന്ദി, നീളവേ
ചെന്താമരപ്പൂക്കളോ ചേർന്നപോലെ. 1

അംബ, കളിന്ദജേ, നിന്നോടു നേരാമോ
ത്ര്യംബകൻ ചൂടിയ ഗംഗപോലും?
ചുംബിച്ചുപോരുന്നുവല്ലോ നീ നിത്യവു-
മംബുജനേത്രന്റെ തൃപ്പദത്തെ. 2

---

1. കംസൻ രാമകൃഷ്ണന്മാരെ വധിപ്പാനായി, ധനുര്യാഗം കാണ്മാനെന്നു പറഞ്ഞ് അവരെ കൂട്ടിക്കൊണ്ടുചെല്ലുവാൻ അക്രൂരൻ എന്ന യാദവനെ അമ്പാടിയിലേയ്ക്കയച്ചു. കൃഷ്ണനിൽ അതിഗാഢമായ ഭക്തിയുള്ളവനും കൃഷ്ണനെക്കാണ്മാൻ വളരെക്കാലമായി കൊതിച്ചുകൊണ്ടിരിയ്ക്കുന്നവനുമായ അക്രൂരൻ സായാഹ്നത്തിൽ കാളിന്ദിയുടെ അരികത്തെത്തിച്ചേർന്നു. അദ്ദേഹം വിചാരിയ്ക്കുകയാണ്: അഭ്രം-മേഘം അന്തരിക്ഷാന്തരം-ആകാശപ്രദേശം. ബിംബിച്ച്=പ്രതിഫലിച്ച്.

2. കളിന്ദജ=കാളിന്ദി. ത്ര്യംബക(മുക്കണ്ണ)ന്റെ ശിരസ്സിലിരിയ്ക്കുന്നതിനെക്കാളും അംബുജനേത്ര(താമരക്കണ്ണ)ന്റെ പാദങ്ങളെ മുകരുന്നതാണ് ശ്രേഷ്ഠമെന്നഭിപ്രായം.

Digitized By Kerala Sahitya Akademi

നിങ്കലിക്കാണും നിറപ്പകിട്ടാ മണി-
ച്ചെങ്കഴലപ്പിച്ച കാന്തിതാനോ?
എൻകണ്ണനുണ്ണിതൻ മൈ പുല്കുമാനായ-
മങ്കമാർതൻ മുലക്കുങ്കുമമോ? 3

കാളിന്ദീദേവി, നിൻ കല്ലോലപാളിയിൽ-
ത്താളംചവുട്ടുന്ന താത്തെന്നലോ,
നിർവ്വാണലക്ഷ്മിതൻ നിശ്വാസംപോലെന്നെ-
സ്സർവ്വാംഗം കോൾമയിർക്കൊള്ളിക്കുന്നു. 4

കണ്ണന്റെ ചെഞ്ചൊടി പൂണുന്ന വേണുവിൻ
പുണ്യനിനാദത്തിൻ ബിന്ദുക്കളോ,
നിന്നുടെ തണ്ണീരൊഴുക്കിൽനിന്നേന്തിവ-
ന്നെന്നുടെ കണ്ണും കുളിപ്പിക്കുന്നു! 5

ചിൽക്കുഴമ്പായ് മുനിലോകം നുകരുമ-
ത്തൃക്കഴലൂത്തിന്റെ തൂമാധുര്യം

---

3. ആ മുലക്കുങ്കുമത്തിന്ന് ഇത്രയും നിറപ്പകിട്ടു കിട്ടിയതും 'എൻകണ്ണനുണ്ണിതൻ മൈ പുല്കു'ന്നതുകൊണ്ടാണ്.

4. കല്ലോലപാളി=തിരമാല. കാളിന്ദിക്കാറ്റേല്ക്കുമ്പോൾ, അനിർവ്വാച്യമായ ബ്രഹ്മാനന്ദം ഉളവാകുന്നു.

5. കാളിന്ദിയിലെ ജലപ്രവാഹത്തിൽനിന്നുണ്ടാകുന്ന ശബ്ദത്തെ ബാലഗോപാലന്റെ വേണുവിന്റെ നിനാദമാണോ എന്നുൽപ്രേക്ഷിക്കുന്നു.

6. മേൽപ്പറഞ്ഞവിധം ഉൽപ്രേക്ഷിപ്പാനുള്ള കാരണത്തെ

Digitized By Kerala Sahitya Akademi

നിൻചാരുവെണ്മണൽത്തിട്ടിനൊക്കേവലം
പഞ്ചാരക്കുന്നുപോലാക്കിയല്ലോ. 6

കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ-
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ, ലോകഭാഗ്യമേ, പാവനമീ വനം
ഭൂലോകം പൂകിന ഗോലോകംതാൻ! 7

നല്ലിളംപൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ, മാലതി, മന്ദാരമേ,

യും ആ വേണുശബ്ദത്തിന്റെ മാധുര്യത്തേയും വിവരിക്കുന്നു: ചിത്ത്=ബ്രഹ്മം.

7. വൃന്ദാരണ്യം=വൃന്ദാവനം. പിഞ്ചുപുല്ലായിപ്പിറപ്പാൻ ആഗ്രഹിക്കുന്നത്, ഉണ്ണിക്കണ്ണന്റെ കാലടി തന്റെ മേൽ തട്ടുമല്ലോ എന്ന ആശകൊണ്ടാണ്; 'കാലികൾ.......ലടി'—കൃഷ്ണന്റെ പാദസ്പർശമേല്ക്കുവാനിടവന്നില്ലെങ്കിലും, അതു നക്കിത്തുടയ്ക്കാൻ ഭാഗ്യം സിദ്ധിച്ച ഗോക്കൾ വന്ന് ആ വായ്കൊണ്ടു പിഞ്ചുപുല്ലായ എന്നെ കടിക്കുകയെങ്കിലും ചെയ്തേക്കാമല്ലോ! എന്നും വ്യഞ്ജിക്കുന്നു. ഗോലോകം—എല്ലാ ലോകങ്ങളിൽനിന്നും മേലേയുള്ളതും സുഖസമ്പൂർണ്ണവും ആയ ഒരു ലോകമാണിത്. ഇവിടെയാണത്രേ രാധാകൃഷ്ണന്മാരുടെ നിത്യവാസം.

Digitized By Kerala Sahitya Akademi

വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര-
മല്ലയോ, നിങ്ങളിൽ വെള്ള വീശി! 8

അമ്പാർന്ന ശാലകൾ പൂകുന്ന ഗോക്കൾത-
ന്നമ്പാരവമിതാ, മന്ദമായി
അമ്പാടിതന്നിൽനിന്നാരാലണയുന്നു;
നിമ്പാപം കണ്ണുമേ, നീറടിഞ്ഞു! 9

ഇക്കാണും ഗോകുലമന്ദിരപംക്തിതൻ
വക്കോലു മേഞ്ഞുള്ള മേൽപ്പുരമേൽ
സ്വീയകരങ്ങളാൽസ്സിന്ദൂരം ചാർത്തുന്നു
സായന്തനാരുണൻ, സാധുവൃത്തൻ. 10

അസ്തംഗമിയ്ക്കാൻ തുടങ്ങുന്ന ഭാസ്കരൻ
വിസ്തൃതം തൻകരസർവ്വസ്വവും,

---

8. മാലതി=പിച്ചകം. മന്ദാരം=മന്താരം, നിങ്ങൾക്കുള്ള ഈ വെളുപ്പു വല്ലവ(ഗോപ)പ്പൊൻകുഞ്ഞിൻെറ മന്ദഹാസം തട്ടിയതു കൊണ്ടുണ്ടായതല്ലേ!

9. ശാല=തൊഴുത്ത്. ആരാൽ അരികെ. ഈ ശബ്ദം ശ്രവിച്ചതിനാൽ കണ്ണും പാപനിർമ്മുക്തമായി.

10. പംക്തി=നിര. സ്വീയകരങ്ങൾ=തൻെറ കരങ്ങൾ (രശ്മികൾ, കൈകൾ). സായന്തനാരുണൻ=സന്ധ്യാസൂര്യൻ. സാധുവൃത്തൻ=സത്സ്വഭാവമുള്ളവൻ; നല്ല വൃത്താകൃതിയുള്ളവനെന്നും.

11. അസ്തംഗമിയ്ക്കു=അസ്തമിയ്ക്കു. കരസർവ്വസ്വം=എല്ലാ കിര

Digitized By Kerala Sahitya Akademi

അപ്പരമേശൻ വസിയ്ക്കുമമ്പാടിയി-
ലപ്പ്ണംചെയ്യുന്ന പുണ്യശാലി! 11

ഗൌരഹയങ്ങളെപ്പൂട്ടിയതാകമെൻ
തേരിതു കണ്ടു പകച്ചു കണ്ണാൽ
നോക്കിനില്ക്കുന്നു, നേക്കാലയിൽപ്പോകുന്ന
ഗോക്കളും ഗോപരുമുന്മുഖരായ്. 12

മണ്ടിനടക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽത്തൂങ്ങുന്ന ഘണ്ടികകൾ
വാനിലലയ്ക്കും ഘണാഘണാനാദത്താൽ
വാസരാന്തത്തെ വിളിച്ചോതുന്നു! 13

പൊൻതാഴികക്കുടം വെച്ച വന്മേടകൾ
പൊന്തിനിന്നീടുന്ന പട്ടണങ്ങൾ,
ഏതാനും പുൽമേഞ്ഞ കൊച്ചുപുരകളെ
മാർതന്നിൽച്ചേർക്കുമിഗ്ഗോകുലത്തെ

ങ്ങളും. മുമുക്ഷുവായവൻ, തനിയ്ക്കുള്ളതെല്ലാം അന്ത്യകാലത്ത് ഈശ്വരനിൽ സമപ്പിയ്ക്കുന്നു.

12. ഗൌരഹയങ്ങൾ=വെള്ളക്കുതിരകൾ.

13. വാസരാന്തത്തെ (=പകലറുതിയെ) അറിയിയ്ക്കുന്ന 'മ ണിയടിയ്ക്കലാ'ണ്, ഘണ്ടികാ=(കുടമണി)നാദം.

14. പട്ടണങ്ങളിൽ സമ്പത്തു സമൃദ്ധിയായിട്ടുണ്ടെങ്കിലും, അതിന്റെ അധിദേവതയായ ലക്ഷ്മിയുടെ പ്രാണനാഥൻ വാണരു

Digitized By Kerala Sahitya Akademi

താണു വണങ്ങട്ടെ: വാഴുന്നതിങ്ങല്ലോ,
താർമാതിൻ പ്രാണനാമെൻ തമ്പുരാൻ! 14

പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
പോലെഴും ഗോപാലപ്പെൺകൊടിമാർ,
ത്രൈലോക്യനാഥനാം തങ്കക്കിടാവിനെ-
ത്താലോലിക്കുന്ന നൽക്കൈകളാലെ,
ത്വംഗന്മണിമയകങ്കണക്വാണമാം
മംഗല്യസംഗീതം പൊങ്ങുംവണ്ണം
നാക്കിനാൽക്കുട്ടിയെ നക്കി മിനുക്കുന്ന
പൈക്കളെ സ്വൈരം കറന്നീടുന്നു. 15

നീലക്കാർവർണ്ണന്റെ പുഞ്ചിരിപ്പാൽക്കുഴ-
മ്പോലും തിരുമുഖം ധ്യാനിക്കുകയും,
'വീരനപ്പാൽവെണ്ണക്കള്ളനെങ്ങോ'ന്നു പേ-
ർത്താരാഞ്ഞുകൊൾകയും ചെയ്യുംപോലെ,

ള്ളതും എന്നാൽ ഒട്ടും അലങ്കാരമില്ലാത്തതുമായ ഈ ഗോകുലത്തെ അവ വണങ്ങുകതന്നെ വേണം.

15. പാലാഴി.......ഭേദങ്ങൾ = മഹാലക്ഷ്മിയെപ്പോലുള്ളവർ എന്നർത്ഥം. ത്വംഗൽ=ഇളകുന്ന.

16. കാളിന്ദിയുടെ നീറപ്പുകിട്ട്, കാററ്, ശബ്ദം, മണൽത്തിട്ട് എന്നിവയിലും, വൃന്ദാവനപ്രദേശത്തും, പൂക്കളിലും അന്തിച്ചുകപ്പിലും—എന്നുവേണ്ട സകലത്തിലും—കണ്ണനുണ്ണിയെസ്സംബന്ധിച്ചവമാത്രം കാണുന്ന അക്രൂരൻ, പാൽ കറക്കുമ്പോൾ അതിലുണ്ടാകുന്ന നുരയിലും കാണുന്നതു അതുതന്നെ. ദോഹനം=കറവ്;

Digitized By Kerala Sahitya Akademi

നേത്രമിമച്ചു മിഴിക്കുന്നു, ദോഹന..
പാത്രത്തിൻ വക്ത്രത്തിപ്പാൽപ്പതകൾ." 16

അക്രൂരചാതക, പോരും നിൻചിന്തകൾ;
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക:
തൃക്കണ്ണാൽ പൈക്കളെവീക്ഷിച്ചുകൊണ്ടിതാ,
നില്ക്കുന്നു നിന്നുടെ നീലമേഘം—
ആനകദുന്ദുഭി, ദേവകിയെന്നിവർ
നാനാതപശ്ശക്തി നേടി നേടി,
പ്രേമമാം പീയൂഷംകൊണ്ടു നിർമ്മിച്ചൊരു
കോമളശ്യാമളബാലരൂപം—
നന്ദൻെറ ഗേഹത്തിൽദ്ദൈവം കൊളുത്തിയ
സുന്ദരമായൊരു ഭദ്രദീപം—
ധന്യയാകുന്ന യശോദതൻ മാർത്തട്ടിൽ
മിന്നുന്ന മാഹേന്ദ്രക്കൽപ്പതക്കം—
വാരുററ വല്ലവീവല്ലികൾതോറുമേ
പാറിപ്പറക്കുന്നൊരോമൽക്കിളി—

പാൽപ്പതയുടെ കണ്ണുകളായി കല്പിച്ച പോളകൾ ഇല്ലാതാവുകയും പിന്നെയും ഉണ്ടാവുകയും ചെയ്യുന്നതിനെ, ചിമ്മി ധ്യാനിക്കലായും മിഴിച്ചാരായലായും കല്പിക്കുന്നു. 'പാൽക്കുഴമ്പോലും', 'പാൽവെണ്ണക്കള്ളൻ' എന്നിവയുടെ ഔചിത്യം നോക്കുക.

17. ചാതകം=വേഴാമ്പൽ. നീലമേഘത്തെയത്രെ വേഴാമ്പൽ എപ്പോഴും പ്രതീക്ഷിക്കുന്നത്. ആനകദുന്ദുഭി=വസുദേവർ, ദേവകി എന്നിവർ, രണ്ടുജന്മം മുതല്ക്കേ, വിഷ്ണു തങ്ങളുടെ പുത്രനാ

6

Digitized By Kerala Sahitya Akademi

കാളിന്ദിതൻമണൽത്തിട്ടിൽക്കളിപ്പോരു
കാളായവർണ്ണമാം രാജഹംസം—
ആനായപ്പിള്ളർക്കൊരുമെല്ലാർക്കും ചങ്ങാതി—
യാമ്നായവേദികൾക്കാദ്യതത്ത്വം! 17

കോലക്കുഴലുമാപ്പൈക്കളെ മേയ്ക്കുന്ന
കോലുമിടത്തേക്കരത്തിലാക്കി,
ത്രൈലോക്യസാമ്രാജ്യച്ചെങ്കോൽ വഹിയ്ക്കുന്ന
പേലവമാകും വലത്തുകയ്യാൽ,
കാലിക്കിടാങ്ങൾതന്നൊണ്ണയൊലിയ്ക്കുന്ന—
പോലുള്ള കോലം തലോടിക്കൊണ്ടും;
താരിന്നു ചൂഴവുമല്ലികൾപോലെ തൻ
ചാരേ ചുഴന്നെഴും പൈതങ്ങളെ
ചാരുവാം പുഞ്ചിരിത്തേൻകൊണ്ടു ചാലിച്ച
ചാടുവാക്കാൽച്ചിരിപ്പിച്ചുകൊണ്ടും;
ചന്തത്തിൽപ്പീലികൺ ചാർത്തിയ കാറൊളി—
ക്കുന്തളമൊട്ടൊട്ടഴിഞ്ഞു ചെമ്മേ,
ഗോരോചനക്കുറി മാഞ്ഞു വിയർപ്പിനാൽ
ഗൌരമുത്തേന്തിയ നെററിമേലും,

ക്കേണമെന്നു വിചാരിച്ച് ഏറിയകാലം തപസ്സു ചെയ്തു ശ്രമതിമാരത്രേ. മാഹേന്ദ്രക്കല്ല്=ഇന്ദ്രനീലമണി. കാളായവർണ്ണം=കറുത്ത. ആമ്നായവേദികൾ=വേദജ്ഞർ.

18. പേലവം=മൃദു. ചാടുവാക്ക്=നേരംപോക്കു പറയൽ. വിയർപ്പിനാൽ..........ന്തിയ—വിയർപ്പുതുള്ളികൾ ഉള്ളതുകൊണ്ടു

Digitized By Kerala Sahitya Akademi

ചേറു പുരണ്ടൊരു തൂമഞ്ഞൾച്ചിററാട
ചേരുന്ന തോളിലും ചിന്നിക്കൊണ്ടും,
കാലികളോടൊത്തു പാഞ്ഞു നടന്നിട്ടു
കാനനധൂളികൾ പാറുകയാൽ,
ശില്പസംസ്കാരം കഴിയാത്ത രത്നമോ-
ടൊപ്പമാം പൂവൽമെയ് വാടിയാലും,
തായാടൽ നിർത്താൻ മനസ്സു വരായ്കയാൽ,
തായ പൊൻകിണ്ണത്തിലെണ്ണയുമായ്
നിന്നു നീരാട്ടുവാൻ ചെൽവതിനായ് വിളി-
യ്ക്കുന്നതു കേൾക്കാത്ത ഭാവം പൂണ്ടും;
'കണ്ണാ, വരികിതാ, വെണ്ണ'യെന്നങ്ങയൽ-
പ്പെണ്ണുങ്ങൾ മാടിവിളിയ്ക്കിലപ്പോൾ,
മഞ്ജീരശിഞ്ജിതം വിശ്രമാരോമന-
ക്കുഞ്ഞിക്കാൽകൊണ്ടാശു പാഞ്ഞുചെന്നും;
തെല്ലുകലത്തായ്ത്തെളിഞ്ഞു വിളങ്ങുമാ-
ച്ചില്ലതാകന്ദമാം പൈതലിനെ
നല്ലപോലീക്ഷിപ്പാനാളായിലക്രൂര-
ന,ല്ലുളൽബാഷ്പാക്ഷനാകമൂലം. 18

ആ മഹാഭക്തനാരക്ഷണാൽ നിശ്ശേഷ-
കാമസമാപ്തി കൈവന്നതായും,

വെൺമുത്തുകളണിഞ്ഞതുപോലുള്ള. ശില്പസംസ്കാരം—ചാണയ്ക്കുവെയ്ക്കൽ മുതലായതു്. ചില്ലതാകന്ദം=ജ്ഞാനസ്വരൂപമായ ബ്രഹ്മമാകുന്ന വള്ളിയുടെ കിഴങ്ങ്. ഉല്ലുളൽബാഷ്പാക്ഷൻ=തള്ളിവരുന്ന സന്തോഷാശ്രു നിറഞ്ഞ കണ്ണുകളോടുകൂടിയവൻ.

Digitized By Kerala Sahitya Akademi

ഏതോ വിശിഷ്ടപ്രയോഗത്താൽ ജീവിതം
നൂതനമായ്ത്തീർന്നതായും തോന്നി. 19

ചേണുറ്റ പീയൂഷയൂഷക്കയമൊന്നി-
ലാണുമുഴുകിയാലെന്നപോലെ,
ഉള്ളം മുഴുക്കെക്കുളിർത്തവൻ ബാഹ്യമാ-
യുള്ളതെല്ലാമേ മറന്നുപോയി. 20

തേരിൽനിന്നഞ്ജസാ ചാടിയിട്ടാ യുവാ-
വാ,രിതെന്നോവരും നോക്കിനില്ക്കെ,
ആഴിപ്പെൺകാന്തന്റെ തൃക്കാൽ പതിഞ്ഞ വെൺ-
പൂഴിയിൽ വീണു കിടന്നുരുണ്ടാൻ:
ഉന്മസ്തകോത്തമഭക്തിയിൽ പ്രാജ്ഞനു-
മുന്മത്തചേഷ്ടനായ്ത്തീരുമല്ലോ! 21

---

19. നിശ്ശേഷ......ത്തി=എല്ലാ അഭീഷ്ടങ്ങളുടേയും തികവ്.

20. പീയൂഷക്കയം=അമൃതു നിറഞ്ഞ കയം. ബാഹ്യമായുള്ളത്=കൃഷ്ണനെ ഒഴിച്ചു പുറമെയുള്ള എല്ലാ വിഷയങ്ങളും.

21. അഞ്ജസാ=ചിക്കെന്ന്. ഉന്മസ്തകം=തലയിൽക്കേറിയ, മുഴുത്ത. പ്രാജ്ഞൻ=നല്ല അറിവുള്ളവൻ. ഉന്മത്തചേഷ്ടൻ=ഭ്രാന്തനെപ്പോലെ ചേഷ്ടിക്കുന്നവൻ.

Digitized By Kerala Sahitya Akademi

12. വെടികൊണ്ട പക്ഷി.

ഇതാ പാറുന്നു സസുഖം പാരം
ചേലുള്ള വെള്ളക്കിളിയൊന്നു വാനിൽ,
തെളിഞ്ഞു നില്ക്കും കുളിർപ്പൊയ്കതന്നിൽ-
ത്തൈത്തെന്നൽ താരാട്ടുമൊരാമ്പൽ പോലെ. 1

ഭൂദേവിതൻ ഭാസുരകേളിമച്ചിൻ
മികച്ച മേല്ക്കട്ടിയിലേതൊരാളോ
ഈ വെണ്മലർത്തൊത്തൊരദൃശ്യമായ
നൂൽത്തുമ്പിനാൽക്കോർത്തഴകോടു തൂക്കി! 2

മുകിൽക്കുലം മൌലിയിലുമ്മവെയ്ക്കു-
മീയോമനക്കുഞ്ഞിനെ നോക്കിനില്ക്കേ,
സൽപുത്രദർപ്പാൽ പ്രകൃതീശ്വരിയ്ക്കു
സായന്തനാദിത്യമുഖം തുടുത്തു. 3

---

1. സസുഖം=സുഖത്തോടേ.

2. ഭാസുരം=പ്രകാശമാർന്ന. മേല്ക്കട്ടി=ആകാശം. അദൃശ്യം=കാണാൻ കഴിയാത്ത.

3. മുകിൽക്കുലം=മേഘസമൂഹം. മൌലി=ശിരസ്സ്. സൽപുത്രദർപ്പാൽ=തനിയ്ക്കു് ഇത്തരം നല്ല മക്കളുണ്ടെന്ന അഭിമാനത്താൽ. 'മുകിൽ........വെയ്ക്കും' എന്നതുകൊണ്ടു് ആ പക്ഷി വളരെ ഉയരത്തിൽ പറക്കുന്നുവെന്നും ദിവ്യർക്കൂടി ലാളിയ്ക്കത്തക്ക സൌഭാഗ്യം അതിനുണ്ടെന്നും വ്യഞ്ജിയ്ക്കുന്നു. സന്ധ്യയായി.

Digitized By Kerala Sahitya Akademi

ഭൂമണ്ഡലം കാണ്മതിനോ, വലംവെ-
ച്ചിപ്പക്ഷി ലാത്തുന്നു മുകൾപ്പരപ്പിൽ!
എന്താസ്സുവിസ്തീർണ്ണസുരപ്രദേശം?
ഈത്തുണ്ടുതുണ്ടാം നരലോകമെന്തോ? 4

നരന്റെ വീഴ്പ്പിൻകറ ചേർന്ന കാറേ-
ല്ലാത്തത്ര ദൂരത്തു പറക്ക കള്ളേ—
അയ്യോ, ഇതാ, നിൻകരളിൻ ചുവട്ടി-
ലന്ത്യൻ കടന്നോങ്ങിയ കാലദണ്ഡം! 5

തുടുത്ത രക്തം ചൊരിയാതെ ദാഹം
തീരാത്ത മർത്ത്യന്റെ കരാളദംഷ്ട്രേ,

---

4. സുവിസ്തീർണ്ണമായ ആ സുരപ്രദേശത്തു (ആകാശത്തു)പെരുമാറിശ്ശീലിച്ചവൾക്ക്, ഈ തുണ്ടുതുണ്ടായ—എന്റേതു നിന്റേതു എന്നു പകുത്തുവെച്ചിരിക്കുന്ന—ഈ നരലോകത്ത് എന്തൊന്നാണ് കാണുവാനുള്ളത്?

5. 'നരന്റെ............ദൂരത്ത്'—സ്വാർത്ഥൈകപരനായ മനുഷ്യന്റെ കാററുതട്ടുന്നതേ ആപൽക്കരമാണെന്നഭിപ്രായം. കാലദണ്ഡം=അന്തകന്റെ ദണ്ഡം—തോക്ക്. യമദണ്ഡുതന്നെയാണിത്; എടുത്തിരിക്കുന്നത് സാക്ഷാൽ യമനല്ലെന്നേയുള്ളൂ.

6. കരാളം=ഘോരം. തോക്കിനെ ഹിംസാശീലനായ മർത്ത്യന്റെ (രാക്ഷസന്റെ) ദംഷ്ട്രയായി കല്പിച്ചിരിക്കുന്നു. തോക്കുണ്ടാക്കുവാൻ ഇരിമ്പിനെ പോലവാവും (ദൃഢവും) ശുഭ്രവും (വെളുത്തതും)ആക്കേണമല്ലോ; തോക്കുണ്ടാക്കിയ ആ കല്ലിന്റെ കടുപ്പവും ക-

Digitized By Kerala Sahitya Akademi

നിന്നൊച്ചമച്ചോരു കടുങ്കരിംക-
യ്യിരിമ്പിനെപ്പേലവശുഭ്രമാക്കി! 6

തോക്കേന്തുമിപ്പാന്ഥനിതാ, പതംഗ,
നോക്കുന്നു നേക്കുന്മുഖനായി നിന്നെ,
നിരാശതാഗ്ലാനിയിൽനിന്നു ഹർഷോ-
ല്ലാസത്തിലെയ്യെത്തിയ ലോചനത്താൽ. 7

കണ്ണിന്നു നിൻപൂവുടൽവെണ്മയല്ല
കപ്പൂരമാകുന്നതിവന്നു—ഹാ, ഹാ!
ഈ മന്നിലെന്തുണ്ടൊരു ഭക്ഷ്യസസ്യം?
ഇവൻ വിശന്നിട്ടു മരിയ്ക്കയെന്നോ! 8

ഒപ്പും(മലീമസത്വവും) നോക്കിയാൽ, ഇരിമ്പുകൂടി മൃദുലവും ശുഭ്രവുമാണെന്നു പറയാവുന്നതാണ്—എന്നു വ്യംഗ്യം.

7. പതംഗം=പക്ഷി. നിരാശതാഗ്ലാനി=നിരാശനായതുകൊണ്ടുള്ള വാട്ടം. ഹർഷോല്ലാസം=സന്തോഷംകൊണ്ടുള്ള ഉന്മേഷം. ഇതേവരെ തേടിനടന്നിട്ടും ഒന്നും കിട്ടായ്കയാൽ നിരാശനായിരുന്ന ആയാൾക്ക് ഈ കിളിയെക്കണ്ടപ്പോൾ വളരെ സന്തോഷം തോന്നി.

8. ഇവൻ ഇങ്ങിനെ നിന്നെ ഹർഷപൂർവ്വം നോക്കത്തക്കവിധം അവൻെറ കണ്ണുകൾക്കു കപ്പൂരമായതു—(കണ്ണുകളെ) കുളിപ്പിയ്ക്കുന്നത്) നിൻെറ പൂവുടലിൻെറ വെണ്മയല്ല (നിൻെറ സൌന്ദര്യമല്ല), പിന്നെയോ?—അതു വിചാരിപ്പാൻപോലും വയ്യെന്നു കാണിയ്ക്കുന്നു—'ഹാ ഹാ!'

Digitized By Kerala Sahitya Akademi

തോക്കായ രക്ഷസ്സ്, തിടുക്കമോടേ
തൽഭക്തനർപ്പിച്ച പദാർത്ഥമെല്ലാം
ഉള്ളിൽച്ചെലുത്തിപ്പരിതൃപ്തി പൂണ്ടി-
ട്ടുഗ്രസ്വരത്തോടൊരു തേട്ടൽ തേട്ടി. 9

ആ നിർദ്ദയൻതൻ സമസൃഷ്ടഹിംസാ-
മലീമസാഘങ്ങളിൽനിന്നൊരംശം,
ഉയർന്ന തോക്കിൻ കുഴലിങ്കലൂടെ
ചെന്നേറി വിൺവീഥിയിലും പുകഞ്ഞു! 10

പെട്ടെന്നതാ, പക്ഷി തിരിഞ്ഞുകൊണ്ടു
കീഴ്പോട്ടു പോരുന്നു—ഹരേ! മുകുന്ദ!
പാപിയ്ക്കതിപ്പോ,ളൊരു പൈതലിന്നു
പളുങ്കണിപ്പമ്പരമെന്നപോലായ്. 11

സിദ്ധാർത്ഥനെപ്പോറ്റ ധരിത്രിതൻറ-
യങ്കത്തിലെയ്ക്കക്കിളി വന്നുവീഴ്കേ,

---

9. തൽഭക്തൻ=അതിൻെറ (തോക്കിൻെറ) ഭക്തൻ. പദാർത്ഥമെല്ലാം—വെടിമരുന്ന്, ചില്ല്. കെട്ട് എന്നിവ. ഉഗ്രസ്വരം=ഉറക്കെയുള്ള ശബ്ദം.

10. സമസൃ...............ഘം=സമസൃഷ്ടികളെ ഹിംസിച്ചു ഹിംസിച്ചു നേടിയ മലിനമായ പാപം. തോക്കിൽനിന്നു പുറപ്പെട്ട പുകയെ അയാൾക്കുള്ള പാപങ്ങളുടെ ഒരംശമായി അധ്യവസായം ചെയ്യുന്നു. വിൺവീഥിയിലും—സുവിസ്തീർണ്ണമായ ആ സുരപ്രദേശത്തുപോലും.

11. ഈ തീവ്രദുഃഖപ്രദമായ കാഴ്ച, ആ മഹാപാപിയ്ക്കൊരു വിനോദം!

Digitized By Kerala Sahitya Akademi

ശിരസ്സു ചായ്ക്കും ചില പുല്ലുകൾക്ക-
ങ്ങിററിററു വീണൂ തുഹിനോദബാഷ്പം. 12

പണ്ടത്തെ നിന്മക്കൾ കരുത്തരമ്മ,
പരാർത്ഥതൃപ്തിയ്ക്കുടൽ കൈവെടിഞ്ഞു;
അശക്തരിന്നുള്ളവരോ, സ്വഗാത്ര-
പിണ്ഡം തടിപ്പിപ്പവരന്യമെയ്യാൽ! 13

വധൂസമഭ്യാഗതി കാത്തു കൊണ്ടോ,
വാനിൽച്ചരിച്ചൂ ഖഗ, മന്ദമായ് നീ?
അല്ലെങ്കിൽ, നിൻഗേഹിനി ബാലരക്ഷ-
യ്ക്കുക്കൂട്ടിലേ വാഴുകയായിരിയ്ക്കാം. 14

കൂട്ടിന്നകത്തുൽക്കടമാം വിശപ്പാൽ-
ക്കരുന്നു പൈതങ്ങൾ കഴഞ്ഞുവാഴ്വൂ;
ഇരയ്ക്കുപോയീടിന നാഥനെത്തി-
ലി;-രുട്ടു കേറുന്നിതവർക്കു കണ്ണിൽ! 15

---

12. സിദ്ധാർത്ഥൻ=ബുദ്ധൻ (അഹിംസാ പരമോ ധർമ്മഃ എന്നുപദേശിച്ച ജഗദ്ഗുരു) തുഹിനോദബാഷ്പം—മഞ്ഞുതുള്ളികളാകുന്ന കണ്ണുനീർ.

13. ഭൂമിദേവിയോടു പറയുന്നു: പരാർത്ഥതൃപ്തിയ്ക്ക്=അന്യരെ സംതൃപ്തരാക്കാൻ. സ്വഗാത്രപിണ്ഡം=തങ്ങളുടെ ശരീരം.

14. വധൂസമഭ്യാഗതി=പത്നിയുടെ വരവ്. ചരിച്ചൂ=സഞ്ചരിച്ചിരുന്നു. ഖഗം=പക്ഷി. ഗേഹിനി=ഭാര്യ.

15. ആ കൂട്ടിലെ അവസ്ഥയെന്താണ്: ഉൽക്കടം=വലിയ. 'ഇരുട്ടു.... ....കണ്ണിൽ'—അവർക്കു ഭയം വർദ്ധിയ്ക്കുന്നു എന്നർത്ഥം. നേരവും ഇരുട്ടിത്തുടങ്ങി.

Digitized By Kerala Sahitya Akademi

അകാലവൈധവ്യമണഞ്ഞൊരമ്മ;
പത്രം മുളയ്ക്കാത്ത കുറെക്കിടാങ്ങൾ—
ഹേ ധൃഷ്ട, ശിക്കാറി, ഭവാനൊരുണ്ട-
കൊണ്ടിക്കുടുംബം മുഴുവൻ തകർത്തു! 16

ഭാസിച്ചിടുന്നുണ്ടൊരു പോരിൽ വെന്ന
ഭടന്റെ ഭാവം ഭവദാനനത്തിൽ;
വ്യാഘ്രങ്ങളല്ലിൽപ്പശുവെപ്പിടിപ്പാൻ
വരുമ്പോൾ നിൻതോക്കുണരാത്തതെന്തോ! 17

കണ്ടീലയോ ദേവി, ജഗത്സവിത്രി,
നിൻപാരിലെദ്ദുർന്നയസന്നിപാതം?
പാവങ്ങൾതൻ പ്രാണനറുത്തു വേണം,
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ! 18

---

16. അകാലവൈധവ്യം=കാലമല്ലാക്കാലത്തുണ്ടായ ഭർത്തൃമരണം. പത്രം=ചിറക്.

17. വെന്ന=വിജയം നേടിയ. ഭവദാനനം—നിന്റെ മുഖം. ആർക്കും ഉപദ്രവം ചെയ്യാത്ത ചെറുപക്ഷികളെ കൊന്നു മേന്മ നടിപ്പാനല്ലാതെ, ഗോരക്ഷണത്തിന്നായി ഒരു വ്യാഘ്രത്തോടെതിരിടുവാൻ ഭീരുവായ നിനക്കു കഴികയില്ലല്ലോ എന്നഭിപ്രായം.

18. ജഗത്സവിത്രി=ലോകങ്ങളുടെ അമ്മ. ദുർന്നയസന്നിപാതം=മേല്ക്കുമേൽ വന്നടിഞ്ഞുകൂടുന്ന ദുർന്നയങ്ങൾ. പാപപ്രഭുക്കൾ=പാപികളായ (അഥവാ പാപികളിൽവെച്ചു) പ്രഭുക്കൾ. പ്രഭുക്കൾ തുച്ഛമായ സുഖാനുഭവത്തിന്നുകൂടി മററു ജീവികളെ ആവുംവിധം ഉപദ്രവിക്കുന്നു.

Digitized By Kerala Sahitya Akademi

ക്രൌരപ്പിശാചിൻ ബലിവേദിപുക്ക
കിളിയ്ക്കു തണ്ടാർവളയക്കഴുത്തിൽ
ചിന്നിപ്പരന്നീടിന രക്തരാജി
തെച്ചിപ്രസൂനക്കൊലമാലയായി! 19

പൊറാത്ത നോവാൽ കുറെപ്പിടഞ്ഞി-
ട്ടെന്നെയ്ക്കുമായിട്ടതു വാ പൊളിച്ചു;
ശേഷിച്ച തൽപ്രാണനുമുൽക്രമിച്ചി-
തക്കൊച്ചുവാതിൽപ്പഴുതിങ്കലൂടെ. 20

മറഞ്ഞുപോയ് മങ്ങിയ കർമ്മസാക്ഷി;-
യൊരുഗ്രനിശ്ശബ്ദത ചേൎന്നു ചുററും;
മുഹൂർത്ത,മെന്തോ മറിവേററപോലെ
നിഷ്പന്ദമായ്നിന്നിതു വിശ്വയന്ത്രം! 21

ആകാശമുന്മീലിതതാരകക്കാ-
യാരാഞ്ഞുനോക്കാൻ മുതിരുമ്പൊഴെയ്ക്കും

---

19. ബലിചെയ്യപ്പെടുന്ന പ്രാണിയുടെ കഴുത്തിൽ തെച്ചിപ്പൂമാലയിടുവിയ്ക്കാറുണ്ട്.

20. അതു—കിളി ഉൽക്രമിയ്ക്കു=മേല്പോട്ടു പോവുക. അക്കൊ ....ഴുത്—മുഖദ്വാരം.

21. കർമ്മസാക്ഷി=ലോകത്തിലെ എല്ലാ പ്രവൃത്തികളും കണ്ടുകൊണ്ടു നില്ക്കുന്നവൻ—സൂര്യൻ. അപ്പോഴെയ്ക്കും അസ്തമിച്ചു. നിഷ്പന്ദം=ഇളക്കമില്ലാത്തത്. ആ നിരപരാധിയായ പക്ഷിയുടെ വധം ലോകത്തെ സ്തംഭിപ്പിച്ചതായിത്തോന്നി.

Digitized By Kerala Sahitya Akademi

തദങ്കണേ ലാത്തിയിരുന്ന ബാലൻ
കാലന്റെ കൈക്കൂട്ടയിലായ്ക്കഴിഞ്ഞു! 22

പക്ഷീന്ദ്ര, കുക്ഷിംഭരിതൻ പിചണ്ഡ-
ഭാണ്ഡം നിറയ്ക്കട്ടെ ത്വദംഗമാംസം;
നിൻതൂവ്വൽ കാററു കുറിച്ചുകൊള്ളും,
ദ്രോഹികളീദ്ദുഷ്കൃതിതൻ ചരിത്രം!

---

22. ഉന്മീലിതതാരകം=ഉന്മീലിതമായ (മിഴിച്ച) നക്ഷത്രങ്ങളാകുന്ന കണ്ണുകളോടുകൂടിയത്. തദങ്കണേ=അതിന്റെ മുററത്ത് (ആകാശസ്ഥലത്ത്). ബാലൻ—പക്ഷി. ശിക്കാറി അതിനെ എടുത്തു കൂട്ടയിലിട്ടു.

23. കുക്ഷിംഭരി=വയർപോററി. പിചണ്ഡം=വയർ. ദുഷ്കൃതി=പാപി. കാററുകൊണ്ടു തൂവ്വൽ ആകാശത്തു പറന്നു തിരിയുമ്പോൾ, ഈ പാപി ചെയ്ത ഹിംസ പരക്കെ അറിയപ്പെടും.

Digitized By Kerala Sahitya Akademi

13. നര കണ്ടിട്ട്

കരുതാതെയകത്തു ഭിത്തിമേൽ വെ-
ച്ചൊരു കണ്ണാടിയിലൊന്നു നോക്കിയപ്പോൾ
ഇരുഗണ്ഡവുമൊട്ടി വാട്ടമാറ-
ള്ളൊരു വക്ത്രം മമ മുൻവശത്തണഞ്ഞു. 1

'നനു ദുഷ്ടജരേ, യഥേഷ്ടമെൻ
മിനുസപ്പൂമുഖമേറി വാഴ്‌വാൻ,
മനുജക്കൊരു ചേട്ടയാം നിന-
ക്കനുവാദം ഹഹ, തന്നതാരുവാൻ?' 2

ജര ചോദ്യമിതിന്നു മൌനരൂപോ-
ത്തരമേ ചൊല്ലി, വിശങ്കമെൻമുഖത്തിൽ
നര പററിയ രോമപംക്തിയാലേ
സരസപ്പുഞ്ചിരി പൂണ്ടുകൊണ്ടു നില്പൂ. 3

---

1. ഗണ്ഡം=കവിൾ. 'ഒരു വക്ത്രം'—അതു തൻെറ മുഖമാണെന്നു വിചാരിപ്പാൻപോലും, കവി അധീരനാണ്.

2. നനു=പ്രശ്നത്തെ സൂചിപ്പിക്കുന്നു. പൂമുഖം=നല്ല മുഖം, ഉമ്മറമെന്നും. ചേട്ട=അലക്ഷ്മി.

3. മൌനരൂപോത്തരമേ=മൌനമായ മറുപടി മാത്രം. തുച്ഛവും നീരസവുമായ ഈ ചോദ്യം കേട്ടാൽ ചിരിക്കയല്ലാതെ ജര എന്തുത്തരം പറയട്ടെ?

Digitized By Kerala Sahitya Akademi

നര ചിതറിന നീലവാപികാംഭ-
സ്സുരുവൈരവമുത്സവമാണെനിക്കു;-തെന്തോ,
നരയിടകലരും മദീയരോമാ-
ങ്കുരനിര സൂചി തറയ്ക്കയാണു കണ്ണിൽ! 4

വലിയ വൻകരിയാലുഴുതഞ്ജസാ
വലികളാകിയ ചാലുകൾ ചേർത്തഹോ,
പലിതമാം മൃതിവിത്തു വിതച്ചിതെൻ
മലിനമേനിയിൽ വാർദ്ധകകർഷകൻ. 5

പരമിഹസുഖമാർഗ്ഗാലംബിയാമെന്നെയേതോ
മരണമതമനുഷ്ഠിക്കുന്ന കൂട്ടത്തിലാക്കാൻ
ശിരസി പുതിയ വെള്ളത്തൊപ്പി ചൂടിപ്പതിന്നായ്
നര കയറി മുതിർന്നിടുന്നു; ഹാ ഹാ, ഹതൻ ഞാൻ! 6

---

4. നീലവാപികാംഭസ്സ്=കുളത്തിലെ കറുത്ത വെള്ളം. ഉരുവൈരവം=വിശ്രുതമായ. മദീയ=..........നിര=എന്റെ ചെറുരോമങ്ങളുടെ കൂട്ടം. സാദൃശ്യമുള്ള ഈ രണ്ടു വസ്തുക്കളിൽ ഒന്നിനെ ആഹ്ലാദിപ്പിക്കുകയും മറ്റതു വേദനിപ്പിക്കുകയും ചെയ്യുന്നതു് എന്തുകൊണ്ടാണു്?

5. വലികൾ=(ശരീരത്തിന്മേലെ) ചുളിവുകൾ. പലിതം=നര. മൃതി=മരണം. മലിനമേനിയിൽ—വളം ചേർത്തു ചളികെട്ടിയ വയലിൽ എന്നു വ്യഞ്ജിപ്പിക്കുന്നു. വാർദ്ധകകർഷകൻ=വാർദ്ധക്യമാകുന്ന കൃഷിക്കാരൻ. നരയ്ക്കൽ മരണത്തിന്റെ ആരംഭമാണെന്നു സാരം.

6. ഇഹസുഖമാർഗ്ഗാലംബി=ഐഹികസുഖത്തിനുള്ള വഴിയേ പോകുന്നവൻ. സുഖം എന്ന 'മതം' അനുഷ്ഠിക്കുന്നവൻ എ

Digitized By Kerala Sahitya Akademi

നരനതിപടു നാളിൽ നാളിൽ നാനാ-
ന്തരമിഹ കണ്ടു പിടിപ്പതുണ്ടു യന്ത്രം;
ചിരമിരുളിൽ മറഞ്ഞുതാൻകിടപ്പൂ,
മരണനിവാരണയന്ത്രമൊന്നുമാത്രം. 7

മരണമേ, തവ ശൂന്യതമസ്സിനെ-
ശ്ശരണമാക്കുവതെങ്ങിനെയാണഹോ,
കിരണമാലിയൊഴുക്കിയ തങ്കനീർ
തിരളുമീയുലകത്തെ വെടിഞ്ഞു ഞാൻ? 8

ഇല്ല, ഞാൻ മരണ, നിൻവഴിക്കു പോ-
രില്ല; നിന്നനുജ നിദ്ര ചൊല്കയാൽ
നല്ലവണ്ണമറിവുള്ളതാണെനി-
ക്കല്ലടഞ്ഞ തവ നാട്ടിലെ സ്ഥിതി. 9

മിതമാകിലുമത്ര ഭൂരിയത്നാ-
ർജ്ജിതമെൻപ്രേമരസം പകർന്നുവെപ്പാൻ

ന്നും. മരണമതം='മരണം' എന്ന 'മതം'. ശിരസി=തലയിൽ. ഹതൻ=കൊല്ലപ്പെട്ടവൻ. നിർബന്ധിച്ചുള്ള മതംമാററലിനെ സൂചിപ്പിക്കുന്നു.

7. അതിപടു=അതിസമർത്ഥൻ. ഇരുളിൽ=മറഞ്ഞു—കണ്ടുപിടിക്കപ്പെടാതെ എന്നർത്ഥം. മരണ.......ന്ത്രം=മരണത്തെത്തടുപ്പാനുള്ള യന്ത്രം.

8. കിരണമാലി=സൂര്യൻ. തങ്കനീർ—രശ്മി. പ്രകാശത്തിൽനിന്നു തമസ്സിലേക്കു പോകുക എത്ര സങ്കടം!

9. മരണ=മരണമേ. അല്ലടഞ്ഞ=ഇരുട്ടടഞ്ഞ. നിദ്രയെ മരണത്തിന്റെ അനുജത്തിയായി കല്പിക്കുന്നു.

Digitized By Kerala Sahitya Akademi

ചിതമൊത്തൊരു ഭാജനം പിശാചാ-
വൃതമാം നിന്നുടെ നാട്ടിനുള്ളിലുണ്ടോ? 10

ലോലഹൃദി ഞാൻ രുദ്ധമണച്ചഹഹ, പോററും
ബാലയനുകമ്പ തവ ശൂന്യനഗരത്തിൽ
സ്ഥൂലനിജബാഷ്പകണമൌക്തികമണിത്തു-
മാല പുനരാരുടെ കഴുത്തിലണിയിക്കും? 11

പോകട്ടെയെൻതടിമിടുക്കു;-വൃദ്ധനാകി-
ലാകട്ടെ; പാർപ്പിടമെനിക്കിതുതന്നെ വേണം:
ആകമ്രശോഭനപദാൎത്ഥസമൃദ്ധമാമി
ലോകത്തിൽനിന്നു നരർ പോകുവതെന്തു പോക്കാം!

മരങ്ങളും വല്ലികളും തഴയ്ക്കയാൽ
പരക്കെ നൽപ്പച്ചപിടിച്ച കുന്നുകളും,

---

10. ഭൂരിയത്നാജ്ജിതം=വളരെ പണിപ്പെട്ടു നേടിയ. ഭാജനം=പാത്രം. പിശാചുക്കളാൽ ചുററപ്പെട്ട നിൻെറ നാട്ടിൽ ആരെ ഞാൻ സ്നേഹിക്കട്ടെ?

11. എൻെറ ഹൃദയത്തിലുള്ള അനുകമ്പകൊണ്ട്, ഞാൻ എവിടെവെച്ച് ആരുടെ ദുഃഖത്തിൽ പങ്കുകൊണ്ടു കണ്ണീർ തൂകണം?—എന്നു ചോദിക്കുന്നു. ലോലഹൃദി=സന്തുഷ്ണമായ ഹൃദയത്തിൽ. രുദ്ധം=മുറുകെ. ബാല-ചെറിയ, പെൺകുട്ടിയെന്നും. സ്ഥൂല........മാല=ഉരുണ്ട തൻെറ കണ്ണുനീർത്തുള്ളികളാകുന്ന വെൺമുത്തുമാല. 'എൻെറ മകളും ആരെ ലാളിക്കട്ടെ?' എന്നുകൂടി തോന്നുന്നു.

12. ആകമ്ര............ദ്ധം=അഴകേറിയ നല്ല വസ്തുക്കളും നിറഞ്ഞ.

കരൾക്കമെൻ കണ്ണിനുമുന്നതങ്ങളാം
നിരർഗ്ഗളഗാരുത്മതരത്നമേടകൾ! 13

തിരയാകിയ പുരികക്കൊടി, കരിമീൻമിഴി, മധുര—
സ്വരസാരസരശനാവൃതപുളിനാലംല്ലജഘനം,
നരയാം നറുമുട്ടുപുഞ്ചിരിയിവയൊത്തിഹ വിലസും
സരസാശയസരിദഗ്ര്യകൾ മമ കാന്തകൾ നിയതം!

ആരമ്യം കിളിരുതമായ കൊഞ്ചൽ തൂകി,-
ഗ്ഗൌരശ്രീഹിമകണമുത്തുമാല ചാർത്തി,
സൈ്വരം പൂങ്കുലകൾ സലീലമായിളക്കി,-
സ്സൌരഭ്യോന്മിളദളികുന്തളങ്ങൾ ചിന്നി, 15

---

13. 'ആകമ്ര........ഢം' എന്നതിനെ ആറ പദ്യങ്ങളെക്കൊണ്ട വിവരിയ്ക്കുന്നു: നിരർഗ്ഗ............ടകൾ=വിലയേറിയ മരതകരത്നങ്ങൾകൊണ്ടുണ്ടാക്കിയ മാളികകൾ.

14. മധുര........ഘനം=മധുരമായ സ്വരത്തോടുകൂടിയ സാരസങ്ങ(വെള്ളിപ്പക്ഷിക)ളാകുന്ന അരഞ്ഞാണാൽ ചുററപ്പെട്ട മണൽത്തിട്ടാകുന്ന കനത്ത ജഘനം. സരസാ........ഗ്ര്യകൾ=സരസമായ, (വെള്ളത്തോടുകൂടിയ, രസികത്വമുള്ള) ആശയത്തോടു (അന്തർഭാഗത്തോടു, ഹൃദയത്തോടു) കൂടിയ ശ്രേഷ്ഠനദികൾ. കാന്തകൾ=പ്രിയപ്പെട്ടവ, പ്രിയമാർ. നിയതം=പതിവായി; എന്നെന്നും എന്നു സാരം.

15. 16. ആരമ്യം=എത്രയും മനോജ്ഞം. രുതം=കൂകൽ. ഗൌര........മാല=വെളുത്ത മഞ്ഞുതുള്ളികളാകുന്ന മുത്തുമാല. സലീലം=കളിയായി. സൌരഭ്യോ......ളങ്ങൾ=സുഗന്ധംനിമിത്തം വന്നു

7

പ്രത്യുദ്യന്മധുരിമ പൂണ്ടടുക്കലെത്തി-
പ്രത്യൂഷക്കുളിർപവനക്കിടാങ്ങളെന്നെ
പ്രത്യക്ഷോൽപുളകനിചോളിതാംഗനാക്കി-
പ്രത്യഗ്രോത്സവമരുളിപ്പുണർന്നിടുന്നു! (യുഗ്മകം) 16

ഭാവശുദ്ധി വെളിവാക്കി നറുംതേ-
നാവഹിച്ചു വിലസും കുസുമങ്ങൾ
ആവതോളമൊരു വിശ്രമസൌഖ്യം
കൈവളർപ്പൂ മമ, ബാന്ധവർ പോലെ. 17

ജനതതികളെയുന്മുഖീകരിച്ചും
കനലൊളിയേന്തിയ താരകോൽക്കരം മേ
കനകലിപികളാൽക്കുറിച്ചുവെച്ചോ-
രനഘസനാതനസാഹിതീസമൂഹം! 18

ചേർന്ന വണ്ടുകളാകുന്ന തലമുടി. പ്രത്യുദ്യന്മധുരിമ=വളരുന്ന മാധുര്യത്തോടുകൂടിയ. പ്രത്യൂഷം=പ്രഭാതം. പ്രത്യക്ഷോ........താംഗൻ=വ്യക്തമായിപ്പുറപ്പെട്ട രോമാഞ്ചത്താൽ മറയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവൻ. പ്രത്യഗ്രോത്സവം=പുതിയ ഉത്സവം. അരുളി=തന്നു. പ്രഭാതത്തിലെ ഈവിധമുള്ള ഇളംകാററുകൊള്ളുന്നതു്, കുട്ടികൾ വന്നു പുണരുന്നതുപോലെയാണെനിയ്ക്കു്!

17. ഭാവം=സ്വഭാവം. ആവഹിയ്ക്ക=എടുക്കുക. ബാന്ധവർ=ബന്ധുക്കൾ.

18. ഉന്മുഖീകരിയ്ക്ക=മുഖം പൊന്തിപ്പിയ്ക്ക, ശ്രദ്ധിപ്പിയ്ക്കുക എന്നും. താരകോൽക്കരം=നക്ഷത്രഗണം. അന..........മൂഹം=കേടററതും നിത്യവുമായ സാഹിത്യസമുച്ചയം.

Digitized By Kerala Sahitya Akademi

പുരുവിഭവോത്തരം പുരമിതെങ്ങു? മൃതിയ്ക്കേഴമാ
മരുനിലമെങ്ങു? ഹാ, പ്രകൃതിദേവി, ദയാം കുരു മേ!
തിരുവടി താണുകൂപ്പിയിതുമാത്രമിരക്കുവു;–ന–
ങ്ങരുളുരുതാജ്ഞയെന്നൊടു, കടന്നിവിടം വിടുവാൻ.

തിരുമേനിയെന്റെ മുതുകിൽത്തലോടി നി–
ന്നരുൾചെയ്യതെന്തു മൃദുഹാസപേശലം?
ഒരു നീണ്ട നിശ്വസിതമായ്വെളിയ്ക്കിതാ,
പെരുതാമുഴറ്റൊടണയുന്നിതെന്നുയിർ:—

'നന്നാലോചന! ഹേ ഗൃഹസ്ഥ, തരവാ–
ടൊട്ടുക്കപേക്ഷിയ്ക്ക നീ–
യെന്നാർ ചൊല്ലി? നിനക്കെഴും പുതുവുട–
പ്പാം മൃത്യുവിൻപക്കലാം;

---

19. പുരുവിഭവോത്തരം=ബഹുസമൃദ്ധികളാൽ മേലെക്കിടയിൽ നില്ക്കുന്ന. പുരം—ലോകമെന്നു സാരം. ദയാം കുരു മേ—എന്നിൽ ദയ ചെയ്യുക.

20. ഇത്രയുമായപ്പോൾ മരണത്തിന്റെ തത്വമിന്നതാണെന്നു കവിയുടെ ഉള്ളിൽ തോന്നി. ആ തോന്നലിനെ പ്രകൃതിദേവി തന്നോടു പറയുന്നതായി കല്പിയ്ക്കുന്നു. ഈ തത്വമെന്തെന്ന് ഇനിയത്തെ പദ്യംകൊണ്ടു വിവരിയ്ക്കും. മൃദുഹാസപേശലം=മന്ദഹാസംകൊണ്ടു മനോഹരമാംവണ്ണം. ഉത്തരാർദ്ധത്തിൽ, തത്വഗർഭമായ ആ അരുളപ്പാടു കേട്ടപ്പോൾ ഞാൻ മരണത്തിനൊരുങ്ങി എന്നു സൂചിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഒന്നാമ്മാറെഴുനേററുടപ്പുമുറിയിൽ–
പ്പോയ്പ്പോരുവാനാവത–
ല്ലെന്നാലീ,യൊരു ജീർണ്ണമാം തുകിലുമായ്
നാളെത്ര പോക്കും ഭവാൻ?'' 21

---

21. താഴെ കാണിയ്ക്കുന്ന ഗീതാപദ്യത്തിലെ തത്ത്വമാണിതിൽ വിവരിയ്ക്കപ്പെട്ടിട്ടുള്ളത്.

''വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ–
ന്യന്യാനി സംയാതി നവാനി ദേഹി.'' (2. 22)

അർത്ഥം:—മനുഷ്യർ പഴയ വസ്ത്രങ്ങളെ വെടിഞ്ഞു പുതുവസ്ത്രങ്ങളെ ഉടുക്കുന്നതുപോലെയാണ്, ദേഹി പഴകിയ ശരീരത്തെ ത്യജിച്ച് വേറെ ദേഹമെടുക്കുന്നത്.

Digitized By Kerala Sahitya Akademi

14. മററത്തെ തുളസി

തൻകരബലാർജ്ജിത-
ത്രിജഗത്സാമ്രാജ്യനാം
ശംഖചൂഡനെന്നുള്ള
ദാനവേശ്വരനുടെ
വെൺകടൽമാതിൻ നാട്യ-
രംഗമാം നഗരത്തിൽ
തങ്കരത്നോത്ഭാസിത-
മാകിയ കൊട്ടാരത്തിൽ,
ആ വീരപ്പെരുമാൾക്കു
ജീവനാഥയായ്, മർത്ത്യ-
ദേവദൈതേയർക്കെ-
റാണിയായേറെക്കാലം,

---

1. "തുളസീദേവി രാധയുടെ ശാപംനിമിത്തം തന്റെ ലോകത്തിൽ (ഗോലോകത്തിൽ)നിന്നു ഭ്രംശിച്ചു ഭൂമിയിൽ ധർമ്മധ്വജൻ എന്ന രാജാവിന്റെ മകളായി അവതരിച്ചു. അവരും ബാല്യത്തിലേ കഠിനതപസ്സുചെയ്തു ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു, ശംഖചൂഡൻ എന്ന അസുരരാജാവിന്റെ ഭാര്യയായി. ശംഖചൂഡനും തുളസീലാഭത്തിന്നായി അനവധി സംവത്സരങ്ങളും വൻതപസ്സനുഷ്ഠിച്ചവനായിരുന്നു. ഇങ്ങിനെ 'പരസ്പരതപസ്സമ്പൽഫലായിതപരസ്പര'ന്മാരായ ഈ ദമ്പതിമാർ ഒരു മന്വന്തരം മുഴുവൻ സുഖമായി രമിച്ചു.

Digitized By Kerala Sahitya Akademi

കിന്നരവിദ്യാധര–
സിദ്ധചാരണയക്ഷി–
പന്നഗാംഗനമാരാൽ–
പ്പര്യുപാസിതയായി,
കേൾവി പൊങ്ങിയ മഹാ–
ബലിതൻ ഗൃഹിണിയാം
ശ്രീവിന്ധ്യാവലിപോലെ
വാണ നിന്തിരുവടി,
ഇപ്പുരമുററത്തേ,തോ
വെട്ടുകല്ലുകളാൽത്തീ–
ർത്തല്പമായ്ക്കമ്മായവും
തേച്ച് പാഴ്തറയിന്മേൽ,
ആകാശചക്രത്തെത്താൻ
വെണ്കൊററക്കുടയാക്കി–
യേകയായ്വാഴ്വൂ ഹാ ഹാ,
ഞങ്ങൾതൻ നന്മയ്ക്കായി!

"അതിൽപ്പിന്നെ ലോകം മൂന്നും കീഴടക്കി ഐന്ദ്രപദാരൂഢനായി വാഴുന്ന ശംഖചൂഡനെ ശിവനെക്കൊണ്ടു കൊല്ലിപ്പാൻ ദേവകൾ ഒരുക്കംകൂട്ടി, വമ്പിച്ച യുദ്ധം തുടങ്ങി. അനേകസംവത്സരം നടന്ന ഈ ദേവാസുരയുദ്ധത്തിൽ, തുളസീദേവിയുടെ പാതിവ്രത്യപ്രഭാവത്താൽ ശംഖചൂഡനെ വധിപ്പാൻ തിങ്കൾച്ചൂഡൻ ശക്തനായില്ല. ഒടുവിൽ വിഷ്ണു ശംഖചൂഡൻെറ വേഷമെടുത്തു ചെന്നു തുളസിയുടെ പാതിവ്രത്യത്തിനു ഭംഗം വരുത്തി. അതോടുകൂടി ശംഖചൂഡൻ ത്രിശൂലമേററ, മാറിടം പിളൻ പോർക്കളത്തിൽ വീ

Digitized By Kerala Sahitya Akademi

അല്ലെങ്കിലേ,വം ലോകാ–
　　നുഗ്രഹവ്യഗ്രക്കണ്ടോ,
പുല്ലുമാടവും പള്ളി–
　　മേടയും തമ്മിൽഭേദം?
ദേവി, നീ ജയിച്ചാലും!
　　വൈകുണ്ഠവക്ഷോഭൂഷേ,
പാവനപരിമളേ,
　　തുളസി ജയിച്ചാലും!

അന്തിമയാകും സന്ധ്യ
　　ഭാസ്കരകരംകൊണ്ടു
നിന്തിരുമെയ്യിൽപ്പൂത്തൻ
　　സിന്ദൂരമണിയിക്കേ,
രാജരാജേന്ദ്രാദിദിക്–
　　പാലന്മാർ മണിമൌലി–

ഴകയും ചെയ്തു. വഞ്ചിതയും വൈധവ്യതപ്തയുമായ തുളസീദേവി മാനുഷരൂപം വെടിഞ്ഞു ദിവ്യരൂപം കൈക്കൊണ്ടു. "ദേവിയുടെ ദേഹം ഗണ്ഡകീനദിയായി; തലമുടി തുളസിച്ചെടിയുമായി" ഈ തുളസിച്ചെടിയെ, ആ തുളസിദേവിതന്നെയായി സങ്കല്പിച്ചുകൊണ്ടാണു് ഈ കവിത.

തൻകര......ജൂൻ=തന്റെ കയ്യുകൾകൊണ്ടു സമ്പാദിച്ച ത്രൈലോക്യസാമ്രാജ്യത്തോടുകൂടിയവൻ. ദാനവേശ്വരൻ=അസുരരാജാവു്. വെൺകടൽമാതു്=മഹാലക്ഷ്മി. ദൈതേയർ=അസുരർ. കിന്നര......നമാർ=കിന്നരാദികളുടെ സ്ത്രീകൾ. പര്യുപാസിത=പരിചരിക്കപ്പെട്ടവൾ. ലോകാ......വ്യഗ്രർ=ലോകാനുഗ്രഹത്തിന്നൊ

Digitized By Kerala Sahitya Akademi

രാജിയാൽ നീരാജനം-
ചെയ്ത നിൻതൃപ്പാദത്തിൽ
പാവമെൻ കുടുംബിനി-
കൊണ്ടുവന്നർപ്പിയ്ക്കുന്നു
കേവലം ചെറുവിരൽ
പ്രായമൊരന്തിത്തിരി! 2

തുവലംകയ്യിൻ തർജ്ജ-
ന്യംഗുഷ്ഠാഗ്രത്താലെടു-
ത്താ, വക്രമാകുമിടം-
കൈത്താരാൽ മറച്ചി, വൾ
അങ്ങയെപ്പൂജിപ്പാനാ-
യെത്തിച്ച തിരിയിതു
മങ്ങിയ വെളിച്ചത്താ-
ലിവൾതൻ കവിൾത്തട്ടിൽ

ങ്ങിയവർ. വൈകുണ്ഠവക്ഷോഭൂഷ=വിഷ്ണുവിന്റെ മാറിലെ അലങ്കാരം. വിഷ്ണുവിന്നു തുളസി പ്രിയമത്രെ.

2. തുളസീപൂജയ്ക്കു സിന്ദൂരം പ്രധാനമാണ്. രാജ........ലന്മാർ=കുബേരൻ, ഇന്ദ്രൻ തുടങ്ങിയ ദിക്പാലകന്മാർ. മണി മൌലിരാജി=രത്നകിരീടസമൂഹം. കുടുംബിനി=പത്നി. ചെറുവിരൽ പ്രായം=ചെറുവിരലോളം പോന്ന. അത്രമേൽ പ്രഭാവതിയായ ഭവതിക്ക് ഇതെത്ര നിസ്സാരമാണ്!

3. തർജ്ജന്യംഗുഷ്ഠാഗ്രം=ചൂണ്ടുവിരലിന്റെയും പെരുവിരലിന്റെയും അററം. ആവക്രം=തെല്ലു വളഞ്ഞത്. അംഗുലീരന്ധ്രം=വിരലുകളുടെ പഴുത്. തിരിയുടെ വെളിച്ചം കവിൾത്തടത്തിലും

Digitized By Kerala Sahitya Akademi

മംഗളഗോരോചനം
ചാർത്തിച്ചു; ചെറുതിട-
യംഗുലരന്ധ്രങ്ങളിൽ-
ത്തളിച്ചു തങ്കച്ചാറും! 3

വരുവിൻ, വരുവിനെ-
ന്നാരോമൽക്കിടാങ്ങളേ,
പുരുഷോത്തമപ്രിയ-
യാകിയ തുളസിയെ,
മുററിയ ഭക്ത്യാ ശുദ്ധ-
ഭസ്മരേഖകൾ ചേർന്ന
നെററിയാൽ നിലം തൊട്ടു
വണങ്ങിക്കൈക്കൂപ്പുവിൻ;
തുംഗവൈഭവയാമി-
ദ്ദേവിതൻ തിരുമുമ്പിൽ
നിങ്ങൾതൻ ചെറുതണ്ടാർ
മൊട്ടുകൾ നിരത്തുവിൻ!
നന്ദിനി, വൃന്ദാവനി,
പാവനി, ധർമ്മധ്വജ-
നന്ദിനി, നമസ്കാരം,
തുളസി, നമസ്കാരം! 4

വിരൽപ്പഴുതുകളിലും തട്ടിയിരുന്നു. നിന്തിരുവടിയെപ്പൂജിപ്പാനുള്ള ആരംഭംതന്നെ സൌഭാഗ്യപ്രദമാണെന്നു ധ്വനിയ്ക്കുന്നു.

4. പുരുഷോത്തമൻ=വിഷ്ണു. തുംഗവൈഭവ=വലിയ മാഹാത്മ്യമുള്ള. ചെറുതണ്ടാർമൊട്ടുകൾ—കൂപ്പുകൈകളെന്നർത്ഥം. നന്ദിനീവൃന്ദാവനീശബ്ദങ്ങൾ പുരാണപ്രസിദ്ധങ്ങളായ തുളസീപര്യായങ്ങളാണ്. പാവനി=ശുദ്ധിവരുത്തുന്നവൾ.

Digitized By Kerala Sahitya Akademi

കൈടഭാന്തകന്റെ
കൌസ്തുഭരത്നപ്രഭാ-
കൂടദീപിതമാകും
പ്രൌഢമാറിടത്തിങ്കൽ
പൊയ്ത്താരിൽമാതോടൊപ്പം
വിളങ്ങും ഭവതിയെ-
ങ്ങ്?–ത്യന്തം ലഘുവാമീ-
ക്കാണിയ്ക്കയെങ്ങോ ഭദ്രേ! ൫

എങ്കിലും ലജ്ജിയ്ക്കുന്നീ-
ലിജ്ജനം, വർഷാകാല-
വൻകരിങ്കാറിന്നൊരു
നീരാവി നിവേദിപ്പാൻ;
അങ്ങയെ യഥാർഹമൊ-
ന്നർച്ചിപ്പാനരാളാകും?
ഞങ്ങളോ, പരാധീനർ—
പട്ടിണിപ്പരിഷക്കാർ!

---

5. കൈടഭാന്തകൻ=വിഷ്ണു. കൌസ്തുഭ.......തം=കൌസ്തുഭരത്നത്തിന്റെ പ്രഭാസമൂഹത്താൽ പ്രകാശിപ്പിയ്ക്കപ്പെട്ട. അത്രയും പ്രകാശമുള്ള സ്ഥാനത്തിരിയ്ക്കുന്ന ഭവതിയുടെ അരികെ ഈ അന്തിത്തിരി വെയ്ക്കുന്നത് എത്ര നിസ്സാരം!

6. വെള്ളം നിറഞ്ഞ കറുത്ത വർഷാകാലത്തിലെ വലിയ മേഘത്തിന്ന് ഒരു നീരാവി നിവേദിയ്ക്കുന്നതുപോലെയാണ് ഭവതിയ്ക്ക് ഈ അന്തിത്തിരി നല്കുന്നത്. യഥാർഹം=വേണ്ടപോലെ.

Digitized By Kerala Sahitya Akademi

അന്നു പാലൊഴുകിക്കൊ-
ണ്ടിരുന്ന രാജ്യത്തെങ്ങു-
മിന്നു പാഞ്ഞൊലിപ്പതു
കാഞ്ഞിരക്കായ്നീരല്ലോ! 6

തിരുമൈ വിറയ്ക്കുന്ന-
തെന്തയ്യോ! ഭവതിയെ,
വെറുതെ ദുഃഖം ചൊല്ലി
വേദനിപ്പിച്ചു ഞങ്ങൾ.
വീശുകെന്നന്തിക്കാററേ,
ഞങ്ങളെച്ചൊല്ലിത്താപ-
മേശുന്ന ജനനിയെ
നിൻകുളിർവിശറിയാൽ! 7

ഇത്തിരിയാണെന്നാലും,
നമ്മൾതന്നുപചാര-
മുത്തമസ്നേഹാക്തമാ-
ണെന്നു കണ്ടിതാ, ദേവി

അന്നു്—ഒരു കാലത്തു 'പാലും തേനും ഒഴുകുന്ന' നാടായിരുന്നുവല്ലോ ഭാരതവർഷം.

7. ഈ സമയത്തു് അന്തിക്കാററിനാൽ തുളസിച്ചെടി വിറയ്ക്കുന്നതു കണ്ടു പറയുന്നു: ദുഃഖം ചൊല്ലി—'ഞങ്ങളോ പരാധീനർ ....' ഇത്യാദി. താപം=ദുഃഖം, ചൂടു്. ജനനി=തുളസി.

8. ഇത്തിരി=അല്പം, ഈ തിരി എന്നും. ഉപചാരം=പൂജാസാധനം. ഉത്തമസ്നേഹാക്തം=ഉത്തമമായ ഭക്തിയോടുകൂടിയതു്,

Digitized By Kerala Sahitya Akademi

ചഞ്ചൽപ്പൂങ്കതിരണി-
    ശ്ശിരസ്സായ്ക്കൈക്കൊള്ളുന്നു:
മഞ്ചാടിയെയും പ്രേമം
    മാണിക്യമണിയാക്കും! 8

ഞങ്ങളെയനുഗ്രഹി-
    പ്പാനല്ലീ, ദയാർദ്രയാ-
മങ്ങുന്നു ഭംഗ്യാ ചില്ല-
    ത്തൈക്കൈകളിളക്കുന്നു!
എന്തിനു വേറേ വരം?
    ഞങ്ങൾക്കു യാവജ്ജീവം
നിന്തിരുവടിയുടെ
    ദാസ്യമൊന്നുതാൻ പോരും. 9

സതി, നിൻപീഠത്തിന്മേൽ
    പ്രകടീകരിയ്ക്കാവൂ

നല്ല എണ്ണയിൽ നനച്ചതെന്നും. ചഞ്ചൽ=ഇളകുന്ന. തുളസി അന്തിക്കാററിലിളകുന്നതു്, ഉപചാരത്തെ കൈക്കൊള്ളുന്നതിനെ സൂചിപ്പിയ്ക്കുന്നതായി കല്പിയ്ക്കുന്നു.

9. തുളസിയുടെ ശാഖ(ചില്ല)കരം. ഇളകുന്നതിനെ വേറെ വിധത്തിൽ ഉൽപ്രേക്ഷിയ്ക്കുന്നു. യാവജ്ജീവം=ജീവിച്ചിരിയ്ക്കുന്നേടത്തോളംകാലം.

10. ആ ദാസ്യത്തെ വിവരിയ്ക്കുന്നു: മാനസനൈർമ്മല്യത്തെ പീഠത്തിന്മേൽ വെളിപ്പെടുത്തുക എന്നതിന്നു പീഠം വൃത്തിപ്പെടുത്തിവെയ്ക്കുക എന്നു സാരം. 'ലക്ഷ്മീ, സരസ്വതീ, ഗംഗാ, തുള

Digitized By Kerala Sahitya Akademi

പതിവായ്, ഞങ്ങൾക്കുണ്ടാം
മാനസനൈർമ്മല്യത്തെ!
തങ്ങൾതൻ പ്രേമപ്പാൽപോ-
ലുള്ള തണ്ണീരാൽക്കാലേ
ഗംഗയ്ക്കു സപത്നിയാം
നിൻതടം നിറയ്ക്കാവൂ! 10

ഏതുകാലത്തു—മെരി-
വേനലിൽപ്പോലും—വാട്ട-
മേലാതെ തനിപ്പച്ച-
വർണ്ണമായ്ത്തഴച്ചേററം
കമ്രമായ്, മണംപെറു-
മദ്ഭുതമരകത-
ക്കല്ലിനാൽ നിർമ്മിച്ചതു-
പോലെഴും തവ രൂപം
ആനന്ദഭാരംകൊണ്ടു
നിഷ്പന്ദമാകും കണ്ണാൽ
പാനംചെയ്തനുവേലം
കോൾമയിർക്കൊണ്ടിടാവൂ. 11

സീ ചാപി നാരദ! ഹരേഃ പ്രിയാശ്ചതസ്രഃ—' എന്നതുകൊണ്ട ത്രേ തുളസിക്കു ഗംഗാസപത്നീത്വം. ശുഭ്രവർണ്ണയായ ഗംഗയുടെ സപത്നിയായ ഭവതിക്കു, പാൽപോലുള്ള ശുദ്ധജലം തടത്തിൽ നിറഞ്ഞുനില്ക്കുന്നതു വളരെ ഇഷ്ടമായിരിക്കുമല്ലോ.

11. അങ്ങനെ നനച്ചാലത്തെ ഫലം: മരകതക്കല്ല്. 'അദ്ഭുതം (ആശ്ചര്യകാരി)' ആയതു മണം പെറുന്നതുകൊണ്ടാണ്. അനുവേലം=തക്കസമയങ്ങളിലെല്ലാം.

Digitized By Kerala Sahitya Akademi

സന്ധ്യയ്ക്കു തിരിയിന്മേൽ
ഞങ്ങടെന്തൻ ഭക്തിജ്വാല
സന്ധിപ്പിച്ചുപചാര-
ദീപം തേ നല്കീടാവൂ!
എന്നിട്ടെൻഗൃഹപര-
ദേവതേ, വലംവെച്ചു
വന്ദിച്ചു വണങ്ങാവൂ
നിൻനാമമന്ത്രം ചൊല്ലി! 12

ഉമ്പർകോനെയും വെന്ന
നിൻപ്രാണദയിതന്റെ—
നിൻപരമോപാസക-
നായ ശംഖചൂഡന്റെ—
ചിത്രവും പവിത്രവു-
മാകിയ ചരിത്രത്തെ-
യത്ര നിന്നരികിൽ വ-
ന്നനഹം കീർത്തിയ്ക്കാവൂ! 13

---

12. സന്ധിപ്പിച്ച്=ചേർത്ത്. ഉപചാരദീപത്തിലെ പ്രകാശം ഞങ്ങളുടെ ഭക്തിയുടെ ജ്വാലയാണ്!

13. പരമോപാസകൻ=ഉപാസന (സേവ)ചെയ്യുന്നവരിൽ പ്രധാനൻ. ചിത്രം=ആശ്ചര്യകരം. പവിത്രം=പരിശുദ്ധം. അനഹം=നാൾതോറും. ശംഖചൂഡോപാഖ്യാനം തുളസീസന്നിധിയിൽ വായിക്കുന്നതു വളരെ ഫലപ്രദമത്രേ.

Digitized By Kerala Sahitya Akademi

നിന്നെ മാർത്തട്ടിൽച്ചാർത്തു-
മാ രാധാരമണന്റെ
പൊന്നോടക്കുഴൽ തൂകും
മഞ്ജുഗാനത്തെക്കാളും

എത്രമേൽ മധുരമാം
നിനക്കിക്കഥാഖ്യാനം!-
മത്രയുമസാമാന്യ-
മല്ലോ നിൻപതിപ്രേമം:

ഭർത്താവിൻവധം കേട്ട
മാത്രയിലലിഞ്ഞുപോയ്-
ത്തൃത്താവേ, വെറുംനീരായ്-
ത്തീർന്നീലേ നിന്മെയ്യെല്ലാം!

ഗണ്ഡകീനദിയായി-
ച്ചമഞ്ഞ ഭവതിത-
ന്നുണ്ണികളത്രേ, സാള-
ഗ്രാമങ്ങൾ പൂജാർഹങ്ങൾ. 14

ഹന്ത, നിൻപ്രിയതമ-
നമർത്ത്യപ്പരിഷയ്ക്കു

---

14. ഇക്കഥാഖ്യാനം=ശംഖചൂഡന്റെ കഥ ചൊല്ലൽ. ഭർത്തൃസ്നേഹത്തിന്റെ അസാമാന്യത വിവരിക്കുന്നു: തൃത്താവ്=തുളസി. ഗണ്ഡകീ........ഉണ്ണികൾ—ഗണ്ഡകീനദിയിലാണത്രേ, സാളഗ്രാമങ്ങളുണ്ടാവുന്നത്. പൂജാർഹങ്ങൾ=പൂജിക്കത്തക്കവ.

15. അമർത്ത്യപ്പരിഷ=ദേവസമൂഹം. ഹന്തവ്യൻ-കൊല്ലു

Digitized By Kerala Sahitya Akademi

ഹന്തവ്യനായിത്തിരാ-
നെന്തൊരു കുററം ചെയ്തു?
അദ്ദേഹം, ബഹുകാല-
വൻതപസ്സംസ്കാരത്താ-
ലുദ്ദീപ്തതേജസ്സായു-
ള്ളോരു പൂരുഷരത്നം! 15

അല്ലല്ല, മറന്നു ഞാൻ:
തൻപിറപ്പസുരരി-
ലല്ലയോ? ഗുണമെല്ലാ-
മിതൊന്നിന്നിരയായ്പ്പോയ്:
ത്രൈലോക്യപ്പെരുമാറ്റച്ചെ-
ങ്കോലൊരു ദൈത്യൻ കൈക്കൊ-
ണ്ടാലുണ്ടോ, സമചിത്തർ
ദേവകൾ സഹിക്കുന്നു! 16

തുല്യരാമൊരച്ഛൻെറ
മക്കളെക്കൂടിത്തമ്മിൽ-
തല്ലിച്ചു നടക്കട്ടെ
'ജാതി'യെന്നതു മന്നിൽ;

പ്പെടേണ്ടവൻ. ബഹു.......സ്കാരം=വളരെക്കാലം ചെയ്ത വലിയ തപസ്സുകൊണ്ടുണ്ടായ വിശുദ്ധി. ഉദ്ദീപ്തം=തിളങ്ങിപ്രകാശിക്കുന്ന.

16. സമചിത്തർ=സമഭാവനയുള്ളവർ. വിപരീതലക്ഷണകൊണ്ട്, അതില്ലാത്തവരെന്നർത്ഥം.

Digitized By Kerala Sahitya Akademi

സർഗ്ഗപാടവമാരി-
  ദുർഭ്രതത്തിനു നല്കീ,
സ്വർഗ്ഗലോകത്തും ഹാ! വല്ലോ,
  നരകം സൃഷ്ടിയ്ക്കുവാൻ! 17

ഏറിയകാലം വൻപോർ
  ചെയ്തതിൽ നിൻകാന്തനു
മാറിലെപ്പടച്ചട്ട
  പിളന്നുപോയെന്നാലും,
മററൊരു മണിച്ചട്ട-
  യേത്തു ദേവാസ്ത്രത്തേയും
തെററന്നു തെറിപ്പിച്ചാ
  വീരനെച്ചിരം കാത്തു;
അതിനു—നിൻചാരിത്ര്യൗ-
  ജസ്സിനു—ബലിജിത്തിൻ
ചതിയാലൊരു ഹാനി
  സംഭവിച്ചതില്ലെങ്കിൽ,

---

17. സർഗ്ഗപാടവം=സൃഷ്ടിപ്പാനുള്ള സാമർത്ഥ്യം. സ്വർഗ്ഗത്തിൽക്കൂടി നരകം (അനീതി) ഉണ്ടാക്കത്തക്ക സാമർത്ഥ്യം ഇതിനാർ കൊടുത്തു? ദേവന്മാരും അസുരന്മാരും ഒരച്ഛന്റെ (കശ്യപന്റെ) മക്കളത്രേ.

18. ചാരിത്ര്യൗജസ്സ്=പാതിവ്രത്യശക്തി. ബലിജിത്ത്=മഹാബലിയെ ജയിച്ചവൻ (വിഷ്ണു); ശംഖചൂഡനെപ്പോലെതന്നെ ഒരു ശ്രേഷ്ഠചക്രവർത്തിയായിരുന്ന മഹാബലിയെയും 'സമചിത്ത'

8

Digitized By Kerala Sahitya Akademi

പാരമേശ്വരത്രിശൂ-
    ലാഗ്രവുമാ വക്ഷസ്സിൽ,
പ്പാറമേൽ പതിപ്പിച്ച
    കാരമുള്ളായ്പ്പോയേനേ! 18

ദേവകളുടെ ശുഷ്ക-
    പ്രത്യാശാനദിയെത്തൻ
ജീവരക്തമാം മല-
    വെള്ളത്താൽ നിറച്ചവൻ
ഗാത്രത്തെ ത്യജിയ്ക്കിലെ-
    ന്തീ?-ശ്വരി, ഭവൽപ്രീതി-
പാത്രമാമധന്യന്റെ
    പുണ്യകീർത്തിയെ നിത്യം
വൻകടലിലും കര-
    യിങ്കലും ഘോഷിയ്ക്കുന്നു
ശംഖുകൾ, ദേവാർച്ചനാ-
    മുഖ്യോപകരണങ്ങൾ;

രായ ദേവകൾക്കുവേണ്ടി വഞ്ചിച്ചവനാണല്ലോ വിഷ്ണു എന്നു വ്യംഗ്യം. പാരമേ.................ഗ്രം=പരമേശ്വരന്റെ ത്രിശൂല(മുമ്മുനശ്ശൂല)ത്തിന്റെ മുന.

19. ശുഷ്കപ്രത്യാശാനദി=വററിപ്പോയ പ്രത്യാശ(ത്രൈലോക്യസാമ്രാജ്യം ഇനിമേൽ തങ്ങൾക്കു കിട്ടിയേയ്ക്കാമെന്ന ആശ)യാകുന്ന നദി. ദേവകളുടെ വററിവരണ്ടിരുന്ന ആശ, ശംഖചൂഡന്റെ മരണത്തോടുകൂടെ പിന്നേയും പൂർണ്ണമായി; 'രക്ത'ത്താൽ ജന്യമായ ആ ആഗ്രഹലബ്ധി എത്ര നിന്ദ്യമാണ്! എന്നു വ്യംഗ്യം.

Digitized By Kerala Sahitya Akademi

മത്ത്യലോകത്തിങ്കൽനി-
　　ന്നുൽഗമിച്ചുൽകൃഷ്ടമാം
നിത്യലോകത്തിൽച്ചേൎന്നാൻ,
　　നിൻപ്രിയൻ ഭക്തൻ ദിവ്യൻ! 19

കല്പവൃക്ഷവും ഫലം
　　തന്നതില്ലെന്നു വരാം;
തൽപദാൎച്ചനമുണ്ടോ
　　പാഴിലായ്പ്പോയീടുന്നു!
സംപ്രതി നിദൎശനം
　　വേറെയെന്തിനു തായേ?
തൻപ്രകാശത്താലൊരു
　　കൊന്നപ്പൂമലരിനെ
പുണ്യമാം നിൻതൃക്കാല്ക്ക-
　　ലൎപ്പിച്ച ദീപമിതു-
മെണ്ണയാം തന്നായുസ്സി-
　　ന്നറുതിയണഞ്ഞപ്പോൾ,
കൃശവും മലിനവു-
　　മായ തൻദേഹം വല്ല

ശംഖകാം=ശംഖചൂഡൻെറ അസ്ഥി സമുദ്രത്തിലിട്ടതിൽനിന്നാണ് പോൽ, ശംഖിൻെറ ഉല്പത്തി. ദേവാൎച്ചനാ........ണം=ദേവന്മാരെ പൂജിപ്പാനുള്ള പ്രധാനോപകരണം ഉൽഗമിയ്ക്കു=മേല്പോട്ടുപോവുക.

20. നിദൎശനം=ഉദാഹരണം. കൃശം=മെലിഞ്ഞ. അമൎത്ത്യപഥം=ആകാശം. ഉപരിസ്ഥാനത്ത്=മുകളിൽ. തൽക്ഷണം മുരി

Digitized By Kerala Sahitya Akademi

കൃമിക്കും തിന്നാനായി
മന്നിങ്കൽ വെടിഞ്ഞിതാ,
അമർത്ത്യപദം കേറി-
ത്താരകങ്ങളിലൊന്നായ്-
ച്ചമഞ്ഞു മിന്നുന്നു, നി-
ന്നുപരിസ്ഥാനത്തുതാൻ! 20

എണ്ണ വേണ്ടാത്ത മണി-
ദീപങ്ങളാം നിൻമേൽബ്ഭോഗ-
ത്തെണ്ണമെന്നിയേ നിര-
ത്തുന്നിതു നിശാദേവി;
ആലോകമാത്രംകൊണ്ടു
നിത്യകല്യാണപ്രദേ,
ഗോലോകവിലാസിനി,
ഗോവിന്ദപ്രിയതമേ,
നന്ദിനി, വൃന്ദാവനി,
പാവനി, ധർമ്മധ്വജ-
നന്ദിനി, നമസ്കാരം!
തുളസി, നമസ്കാരം! 21

ച്ച ഒരു നക്ഷത്രത്തെ, കെട്ടുപോയ അന്തിത്തിരിയിലെ ദീപനാള മായി കല്പിച്ചിരിക്കുന്നു.

21. എണ്ണ വേണ്ടാത്ത മണിദീപങ്ങൾ—നക്ഷത്രങ്ങൾ. നിശാദേവി=രാത്രി. ആലോകമാത്രം=വെറുംകാണൽ.

—കുട്ടികൃഷ്ണമാരാര്.

Digitized By Kerala Sahitya Akademi

ഋഗ്വേദപരിഭാഷ

മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാണ്മയിലേക്കു വിവൎത്തനം ചെയ്തു, ഇന്ത്യയുടെ ആൎഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നതു് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണ് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറെറാരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളെല്ലാരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വാദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ടു്—മഹാകവിയുടെ കല്ലടയോടും ഛായയോടും കൂടിയ

ഒന്നാംവാല്യത്തിന്നു് 14ക.

രണ്ടാംവാല്യത്തിന്നു് 12ക.

മൂന്നാംവാല്യത്തിന്നു് 14ക.

ഒററക്കോപ്പിക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജ് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണ്.

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി or തൃശ്ശൂർ, കേരള സ്റ്റെയിററ്.

Digitized By Kerala Sahitya Akademi